പന്തംഗസ്യൂൽ
വല്യുച്ചൻ.

പനങ്ങഴയ്ക്കൽ വല്യച്ചൻ.

90074

ഗ്രന്ഥകർത്രി

എലിസബത്ത് ഉതുപ്പ്, ബി. എ.

മലയാളം ലക്ചറർ

സെൻറ് തെരീസാസ് കോളെജ്.

DHARMARAM COLLEGE
LIBRARY
BANGALORE-29

1938

PRINTED AT
THE VISWANATH PRESS
ERNAKULAM.

Nihil Obstat

FR. JOSEPH PAYANAT,

PARISH PRIEST, KURAVILANGAD;

Censor Deputatus.

Imprimatur

† JAMES KALACHERRY,

BISHOP OF CHANGANACHERRY.

Changanacherry,
27—X—1937.

അവതാരിക.

സഭാനേതാക്കന്മാർ, സമുദായപ്രമാണികൾ, വിദ്യാസമ്പന്നന്മാർ, ധനാഢ്യന്മാർ ആദിയായ അനേകരുടെ ജന്മഭൂമിയായി കേരളീയസുറിയാനിസഭാചരിത്രത്തിൽ ഏതുകൊണ്ടും അദ്വിതീയസ്ഥാനം പ്രാപിച്ചിരിക്കുന്ന കുറവിലങ്ങാട്ടു ജനിക്കുകയും, ചരിത്രപ്രസിദ്ധമായ കുടമാളൂർ പള്ളിയിൽവെച്ചു ദേഹവിയോഗം ചെയ്കയും ചെയ്ത പുണ്യശ്ലോകനായ പനങ്കുഴയ്ക്കൽ വല്യച്ചന്റെ ചരിത്രമാണ് ഈ പുസ്തകത്തിലെ പ്രതിപാദ്യവിഷയം.

കുറവിലങ്ങാട്ടുകാരിയും, വിദുഷിയും, ഒരുത്തമസാഹിത്യകാരിയും, അനേകം കൃതിതല്പജങ്ങളാൽ കൈരളിയെ അലങ്കരിച്ചിട്ടുള്ള ആളും ആയ മിസ്സ് എലിസബത്ത് ഉതുപ്പ് അവർകളുടെ തൂലികയിൽ നിന്നാണ് ഈ കൃതി പുറപ്പെട്ടിട്ടുള്ളത്.

ഈദൃശസാഹചര്യങ്ങളെല്ലാം ഇതിനു മാറ്റുകൂട്ടുകയും ജാതിമതഭേദമെന്യേ ഇതിനെ കേരളീയരുടെയിടയിൽ സചീകാര്യമാക്കിത്തീർക്കുകയും ചെയ്യുന്നുണ്ട്.

കുടമാളൂർ പള്ളിയെ സ്വന്ത ഇടവകപോലെ കരുതി, അവിടെ താമസിച്ച് അദ്ധ്യാപകവൃത്തി നടത്തി, അവിടത്തുകാർക്കു നിരവധിയുപകാരങ്ങൾ ചെയ്തു, അവിടെവെച്ചുതന്നെ കാലധർമ്മംപ്രാപിച്ച

കഥാനായകന്റെ ചരിത്രത്തിന്ന് ഒരു അവതാരിക എഴുതുക, കുടമാളൂർ ഇടവകക്കാരനായ എനിക്ക് അത്യന്തം ചാരിതാർത്ഥ്യജനകംതന്നെയാണ്.

പനങ്കുഴയ്ക്കൽചുന്റെ ചാത്തത്തിൽചെന്ന സംബന്ധിക്കുക ഒരു തീർത്ഥാടനമായി എല്ലാവരാലും അല്പാപി കരുതപ്പെട്ടുപോരുന്നു. ഈ തീർത്ഥാടനത്തെപ്പറ്റി ചെറുപ്പത്തിൽതന്നെ അറിഞ്ഞിരുന്നെങ്കിലും പനങ്കുഴയ്ക്കൽചുൻ ആരെന്ന് അന്ന് അധികമൊന്നും കേട്ടിരുന്നില്ല. മൃതശരീരം കുടമാളൂർനിന്നും കുറവിലങ്ങാട്ടേക്കുകൊണ്ടുപോയപ്പോൾ, 'കലശലായ കാറ്റും മഴയും ഉണ്ടായിരുന്നിട്ടും കത്തിച്ചുനിറുത്തിയിരുന്ന തിരികൾ കെടാതെ കത്തിനിന്നിരുന്നു' എന്നല്ലാതെ പനങ്കുഴയ്ക്കൽചുനെപ്പറ്റി അക്കാലങ്ങളിൽ വേറെ ഒന്നും എനിക്കറിവില്ലായിരുന്നു. കേരളീയസഭയുടെ ഒരു നിക്ഷേപമായ ഈ വൈദികനെപ്പറ്റി പല അന്വേഷണങ്ങൾ പിന്നീടു നടത്തിയിട്ടുണ്ടെങ്കിലും മിസ്സ് എലിസബത്തു് ഉതുപ്പു് ഈ പുസ്തകത്തിൽ പറയുന്നവയിൽ കൂടുതലായി യാതൊന്നുംതന്നെ ലഭിക്കുവാൻ സാധിച്ചില്ലെന്ന വ്യസനസമേതം സമ്മതിക്കേണ്ടിയിരിക്കുന്നു. എങ്കിലും പനങ്കുഴയ്ക്കൽ വല്യച്ചന്റെ കബറിടവും, ചാത്തവും, ബഹുജനങ്ങൾക്ക് അദ്ദേഹത്തിന്റെ സുകൃതസമ്പത്തിലുള്ള നിരന്തരമായ വിശ്വാസവും, അദ്ദേഹത്തിന്റെ സ്മരണയെ എന്നും നിലനിത്തിക്കൊണ്ടുപോകുന്നതായിരിക്കും. പക്ഷെ ഇതുകൊണ്ടുമാത്രം

നാം തൃപ്തിപ്പെടേണ്ടതല്ല. ഇദ്ദേഹം മുഖേന പല സഹായങ്ങളും ദൈവത്തിൽനിന്നു ലഭിച്ചുവരുന്നുണ്ടെന്നുള്ള ധാരണയെ അടിസ്ഥാനപ്പെടുത്തി, ഇദ്ദേഹം മുഖേന സാക്ഷാൽ അത്ഭുതങ്ങൾ ചെയ്യണമെന്നു ദൈവത്തെ പ്രാർത്ഥിക്കുകയും, തദ്വാരാ, ചരിത്രംകൊണ്ടു കണ്ടുപിടിക്കുവാൻ പാടില്ലാത്ത ഇദ്ദേഹത്തിന്റെ സുകൃതസൗധത്തിന്റെ ഔന്നത്യത്തെ പ്രാർത്ഥനകൊണ്ടു കണ്ടുപിടിക്കുവാൻ നാം ശ്രമിക്കുകയും ചെയ്യേണ്ടതാണു്. ഇപ്രകാരം പരിശ്രമിക്കുവാനുള്ള പ്രേരണ ലഭിക്കുന്നതിനു വല്യച്ചനെപ്പറ്റി എന്തെങ്കിലും കൂടെ അറിഞ്ഞിരിക്കേണ്ട ആവശ്യമുണ്ടു്. മിസ്സ് എലിസബത്തു് ഉതുപ്പിന്റെ പരിശ്രമം ഈ ഉദ്ദേശ്യത്തിനു് ഏറ്റവും പറ്റിയതാണെന്നു പ്രത്യേകം പറയേണ്ടതായിട്ടില്ലല്ലോ. നമ്മുടെ പ്രാർത്ഥനയാൽ അത്ഭുതങ്ങൾ നല്കുന്നപക്ഷം വല്യച്ചൻ വിശുദ്ധന്മാരുടെ ഗണത്തിൽ വണങ്ങപ്പെടുകയും ചെയ്യുന്നതാണു്.

പന്ത്രണ്ടാം ശതാബ്ദത്തിലെ മുറയനുസരിച്ചു കുറവിലങ്ങാട്ടു് ഒരു "ദേശത്തുപട്ടക്കാരനാ"യോ, ഇപ്പോഴത്തെ ഒരു വികാരിയോടു് ഏതാണ്ടു തുല്യതയുള്ള "മൂപ്പച്ചനാ"യോ ജീവിക്കേണ്ട ഒരാൾ എങ്ങനെ കുടമാളൂർ പള്ളിയിൽ വളരെക്കാലം കഴിച്ചുകൂട്ടി എന്നും മറ്റുമുള്ള സംഗതികളെപ്പറ്റി പല വഴിക്കും അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരുന്ന എനിക്കു ലഭിച്ച അറിവുകൾ ഈ പുസ്തകത്തിൽ കൊടുത്തിരിക്കുന്നവയോ

ട്ട മിക്കവാറും പൂർണ്ണമായി യോജിക്കുന്നുണ്ട്. വല്യച്ച ന്റെ അമ്മ കുടമാളൂർ കുത്തുകല്ലുങ്കലെ ആയിരുന്ന എന്നാണ മിസ്സ് എലിസബത്തു് ഉതുപ്പ് പ്രസ്താവിക്കുന്നതു്. ആ മഹതി കരിമ്പുമാലിലെ ആയിരുന്നെന്നും ചേക്കോന്തയിലെ ആയിരുന്നെന്നും ഉള്ള രണ്ടുതരം അറിവുകളാണ് ഇതു സംബന്ധിച്ചു് എനിക്കു ലഭിച്ചിരുന്നതു്. കരിമ്പുമാലിയും ചേക്കോന്തയും ഇന്നും കുടമാളൂർ പള്ളിയിടവകയിൽപ്പെട്ട വീടുകളാണ്. കുത്തുകല്ലുങ്കലിനെപ്പറ്റി ഒന്നുരണ്ടു പേരോടു ചോദിച്ചതിൽ അവക്ക് അങ്ങനെ ഒരു വീട്ട കുടമാളൂർ ഇടവകയിൽ ഉള്ളതായി അറിവില്ലെന്നു പറഞ്ഞു. ഒരു പക്ഷേ കരിമ്പുമാലിയുടേയോ ചേക്കോന്തയുടേയോ ഒരു ശാഖയായിരുന്നിരിക്കാം അതു്. അങ്ങനെ ഒരു വീട് ഇന്നും ഉണ്ടെന്നും വരുവാൻ പാടില്ലാത്തതല്ല. ഭത്തു്, മാറിത്താമസം ആദിയായ കാരണങ്ങളാൽ ഒരേ ഒരു വീടിനു പല പേരുകളും തെക്കൻദിക്കിൽ സാധാരണവും ആണ്. തന്നിമിത്തം ഇവയെല്ലാം ഒന്നിനെത്തന്നെ സൂചിപ്പിക്കുന്നു എന്നും വരാം.

ഈ പുസ്തകത്തിന്റെ ഒന്നാംഭാഗം വല്യച്ചന്റെ കുടുംബചരിത്രത്തിനായി വിനിയോഗിച്ചിരിക്കയാണ്. പത്രപംക്തികളിൽ വാദവിഷയമായി തീർന്നിരിക്കുന്ന ഈ സംഗതിയെപ്പറ്റി യാതൊന്നും ഞാൻ പറയുന്നില്ല.

വല്യച്ചനെപ്പറ്റിയുള്ള പ്രസ്താവനകളിൽ "സഹാ

യങ്ങൾ" "അത്ഭുതങ്ങൾ" എന്നൊല്ലാം കാണുന്നവ തിരുസിംഹാസനത്തിന്റെ തീരുമാനങ്ങൾക്കനുസരണമായി മാത്രമേ മനസ്സിലാക്കേണ്ടതായുള്ളൂ.

പനങ്കുഴയ്ക്കൽ വല്യച്ചന്റെ ചരിത്രത്തെപ്പറ്റി കൂടുതൽ അന്വേഷണങ്ങൾ നടത്തുവാൻ ഈ ചെറു പുസ്തകം പ്രേരകമായിത്തീരട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി അവസാനിപ്പിക്കുന്നു.

Chethipuzhay,
25—1—1938.

Placid, T. O. C. D.

അഭിപ്രായം.

അന്യാദൃശമായ ജീവിതവിശുദ്ധിയാൽ ആർസി
ലെ വികാരിയെപ്പോലെ, മലങ്കരസുറിയാനിസഭ
യിൽ അനശ്വരവിഭ്രാതിനേടിയിട്ടുള്ള ഒരു അഭി
വന്ദ്യപുരോഹിതനാണു പനങ്കുഴയ്ക്കൽ വല്യച്ചൻ. നാ
ലുശതാബ്ദങ്ങൾക്കു മുമ്പു ജീവിച്ചു മരിച്ച ഈ പുണ്യ
പുരുഷന്റെ നാമവും, അദ്ദേഹത്തിന്റെ ബഹുമാനാ
ർത്ഥം കുറവിലങ്ങാട്ടു പ്രതിവർഷം നടത്തിവരുന്ന ശ്രാ
ദ്ധവും കേരളീയർക്കു സുപരിചിതമാണെങ്കിലും അദ്ദേ
ഹത്തിന്റെ ജീവിതത്തിലെ പ്രധാനസംഭവങ്ങൾപോ
ലും അറിഞ്ഞിട്ടുള്ളവർ അധികമില്ല. ദൈവസ്നേഹ
ത്തിന്റേയും ജീവിതപരിശുദ്ധിയുടേയും ചെങ്കതിർ
വീശിയശേഷം ഭ്രൂതകാലാബ്ധിയിൽ അസ്തമിച്ചുപോ
യ ഈ തേജഃപുഞ്ജത്തെ കേരളീയകത്തോലിക്കസ
മുദായോദയഗിരിയിൽ പുനഃസ്ഥാപിക്കയെന്ന മഹനീ
യകൃത്യമാണു്, ശ്രീമതി ഏലിസബത്തു് ഉതുപ്പു് അവർ
കൾ ബി. ഏ., "പനങ്കുഴയ്ക്കൽ വല്യച്ചൻ" എന്ന ഈ
ഗ്രന്ഥത്താൽ നിവ്വഹിച്ചിട്ടുള്ളതു്. ശരിയായ ചരിത്ര
രേഖകളുടെ അഭാവംമൂലം അപൂർണ്ണമായ ഒരുജീവചരി
ത്രയവനികയിൽ, അദ്ഭുതങ്ങളും അനുമാനങ്ങളുമാകുന്ന
തൂലികകൊണ്ടു, ലളിതകോമളപദങ്ങൾചേർത്തുചിത്രിച്ചു
സദുപദേശങ്ങളാകുന്ന സപ്തവർണ്ണച്ചട്ടംഇട്ട കേരളീയർക്കു

സമ്മാനിച്ച വല്യച്ചന്റെ ഈ പ്രതിമ്മായ എത്രയും ഹൃദയാകർഷകമായിട്ടുണ്ട്. വിവാദാസ്പദമായ ചില ചരിത്രസംഭവങ്ങളെ സൂക്ഷ്മം പരിശോധിച്ചു സ്വാഭിപ്രായം സ്ഥാപിക്കുന്നതിൽ ഗ്രന്ഥകർത്രി ചെയ്തിട്ടുള്ള ശ്രമങ്ങൾ യുക്തിപൂർവ്വവും അതേസമയംതന്നെ വിജയകരവുമായിട്ടുണ്ടെന്നാണ് എന്റെ വിനീതാഭിപ്രായം.

പാദുവായിലെ മറിയം, ആൻറണീറോ, വിശുദ്ധ മോനിക്കാ മുതലായ വിശിഷ്ടഗ്രന്ഥങ്ങളുടേയും വിജ്ഞാനപ്രദങ്ങളായ പല ലേഖനങ്ങളുടെയും പ്രസിദ്ധീകരണത്താൽ കേരളീയരേവരുടേയും വിശിഷ്യ, വനിതാലോകത്തിന്റേയും അഭിനന്ദനത്തിനും കൃതജ്ഞതയ്ക്കും പാത്രീഭൂതയായ ഈ വിദുഷി അനവദ്യങ്ങളായ അനവധി ഗ്രന്ഥങ്ങൾ ഇനിയും രചിച്ചു മാതൃഭാഷയെ ഉത്തരോത്തരം പോഷിപ്പിക്കട്ടെ എന്നപ്രാർത്ഥിച്ചുകൊണ്ടു ഗ്രന്ഥത്തിനു വ്യാപകമായ പ്രചാരം ആശംസിക്കുന്നു.

വിജയപുരാലയം, തിരുവല്ല,
29—1—1938,
വി: ഫ്രാൻസിസ്
സാലേസ് സൂദിനം.

വെള്ളരിങ്ങാട്ട്
യാക്കോബ് കോ.

മുഖവുര.

കേരളക്രൈസ്തവസമുദായത്തിന്റെ അഭിമാനഭാ
ജനവും പുണ്യശ്ലോകനുമായ പനങ്കുഴയ്ക്കൽ വല്യച്ചന്റെ
അതിസംക്ഷിപ്തമെങ്കിലും, ഒരു ജീവചരിത്രം ഇങ്ങനെ
പ്രസിദ്ധംചെയ്യാൻ സാധിച്ചതിൽ എനിക്കതിയായ
സന്തോഷമുണ്ട്. ഇതിൽ എന്റെ സ്വന്തമായ ഗ
വേഷണഫലങ്ങളും അധികമുണ്ടെന്നു ഞാൻ അഭിമാ
നിക്കുന്നില്ല. ജീവചരിത്രസംക്ഷേപത്തെ സംബന്ധി
ച്ചിടത്തോളം, വായ്മൊഴിയായിട്ടാണെങ്കിലും പൊതു
ജനങ്ങൾക്ക് അവിദിതമല്ലാത്ത ഏതാനും വസ്തുതകളെ
ഞാൻ ക്രോഡീകരിക്കുകയേ ചെയ്തിട്ടുള്ളൂ. ഇനിയും
പല വസ്തുതകളേയും ഇതിൽ ചേർക്കേണ്ടതായുണ്ടായേ
ക്കാം. ഈ ലഘുകൃതി വായിക്കുന്നവർ, തങ്ങൾക്കറിവു
ള്ള ആവശ്യ സംഗതികളെ ദയവായി എനിക്കു കുറിച്ചു
യച്ചുതന്നാൽ ഇതിന്റെ അനന്തരപതിപ്പു തയാറാ
ക്കുമ്പോൾ എനിക്ക് അതൊരു വലിയ സഹായമായി
രിക്കും.

ഈ ലഘുകൃതിയുടെ പ്രഥമഖണ്ഡം വല്യച്ചന്റെ
കുടുംബചരിത്രത്തെ പരാമർശിച്ചുള്ളതാണ്. പ്രസ്തുത
ണ്ഡം ഇത്ര വിസ്തൃതമായി ഉപപാദിക്കണമെന്നു
ഞാൻ ആദ്യം ഉദ്ദേശിച്ചിരുന്നതല്ല. വല്യച്ചന്റെ കുടും
ബചരിത്രത്തെപ്പറ്റി ഞാൻ രേഖപ്പെടുത്തിയ ചില വ

സ്മൃതകർത്തൃ ചരിത്രപണ്ഡിതന്മാരുടെ ഇടയിൽഅഭിപ്രായഭിന്നതയ്ക്ക് ഇടയാക്കിയതായിക്കണ്ടതുമൂലം, കേവലം വസ്തുതാകഥനംകൊണ്ടുമാത്രം തൃപ്തിപ്പെടാതെ അവയെ സാധൂകരിക്കുന്ന ന്യായങ്ങൾകൂടി ഉദ്ധരിക്കേണ്ടിവന്നു. ചരിത്രസംബന്ധമായി നമുക്കു ലഭിച്ചിട്ടുള്ള തെളിവുകൾ വെച്ചുനോക്കുമ്പോൾ സിദ്ധിക്കുന്ന അനുമാനം മാത്രമേ ഞാൻ സ്വീകരിച്ചിട്ടുള്ളൂ. ഉപരിഗവേഷണത്തിന്റെ ഫലമായി ഇപ്പോൾ യഥാർത്ഥങ്ങളായി നാം സ്വീകരിച്ചിരിക്കുന്ന ചരിത്രവസ്തുതകൾക്കു കോട്ടംവരുന്നപക്ഷം, എന്റെ നിലയെപ്പറ്റി പുനരാലോചന നടത്തുന്നതിനു ഞാൻ ഒരുക്കമാണ്.


ഈ ലഘുകൃതിയുടെ രചനയിൽ എന്നെ സഹായിച്ചിട്ടുള്ള എല്ലാവരോടുംഎനിക്കതിയായ കൃതജ്ഞതയുണ്ട്. കുറവിലങ്ങാട്ടുപള്ളിവക ഇടവെപ്പിലെ പഴയ പ്രമാണങ്ങൾ പരിശോധിച്ചു രേഖകൾ ശേഖരിക്കുന്നതിനും, ആവശ്യമായിത്തോന്നിയ ചിലഫോട്ടോകൾ എടുപ്പിക്കുന്നതിനും അനുവദിക്കുകയും, ഇതു് മുദ്രണം വായിച്ചു വൈദികാനുമതിക്കു ശുപാർശചെയ്യുകയും ചെയ്ത കുറവിലങ്ങാട്ടുപള്ളിവികാരി പെ. ബ. പയ്യനാട്ടു യൗസേപ്പച്ചനോടും, വൈദികാനുമതി നല്കിയ ചങ്ങനാശേരി മെത്രാനച്ചൻ തിരുമേനിയോടും എനിക്കുള്ള വിനീതമായ കൃതജ്ഞതയെ രേഖപ്പെടുത്തിക്കൊള്ളുന്നു. അവതാരികകൊണ്ടും അഭിപ്രായംകൊണ്ടും ഇതിനെ അലങ്കരിച്ച പണ്ഡിതവരേണ്യന്മാരായ റവ.

ഡോക്ടർ പ്ലാസിഡ് ടി. ഒ. സി. ഡി., പി. എച്ച്. ഡി., ഡി. ഡി., ഡി. സി. എൽ, റവ. ഫാദർ ജേക്കബ് വെള്ളരിങ്ങാട് എന്നീ വൈദികസത്തമന്മാരോടും, ഇതിന്റെ പ്രസാധനസംബന്ധമായ കാര്യങ്ങൾ ഏറ്റവും ഭംഗിയായി നിർവ്വഹിച്ചുതന്ന ശ്രീമാൻ എം. ഒ. ജോസഫ് നെടുങ്കുന്നം അവർകളോടും എനിക്കുള്ള കൃതജ്ഞത വാചാമഗോചരമാകുന്നു.

അവസാനമായി, പുണ്യശ്ലോകനായ പനങ്കുഴയ്ക്കൽ ചുണ്ടന്റെ അനുഗ്രഹം ഇതിന്റെ വാചയിതാക്കളിൽ ഓരോരുത്തർക്കും ലഭ്യമാകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട്, ഈ ലഘുകൃതിയെ വായനക്കാരുടെ ഹസ്തകമലങ്ങളിൽ സപ്രശ്രയം ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

എറണാകുളം
2-2-1938

എലിസബത്തു് ഉതുപ്പു്



പള്ളിവീട്ടിൽ വെള്ളായിപ്പറമ്പിൽ കുരുവിള ഉല്ലപ്പ്.

സമർപ്പണം.

പിതൃജനങ്ങളുടെ കരങ്ങൾവഴി, നിത്യ പിതാവിന്റെ തൃപ്പാദങ്ങളിൽ, അവിടുത്തെ ഈ വത്സലസുതന്റെ മഹത്വത്തിനായി ഇതു സമർപ്പിക്കുന്നു.

ഗ്രന്ഥകർത്തി.

വിഷയവിവരം.

അവതാരിക

അഭിപ്രായം

മുഖവുര

സമർപ്പണം

പ്രഥമഖണ്ഡം

1. പ്രാരംഭം 1
2. കള്ളിയും പള്ളിയും 12
3. പള്ളിവീട്ടിൽ കുടുംബം 22
4. ചാണ്ടിമെത്താൻ 33

ദ്വിതീയഖണ്ഡം

1. പ്രാരംഭം 45
2. പൗരോഹിത്യം 49
3. നാഥന്റെ പിൻപേ 57
4. ഭാഗ്യമരണം 64
5. ചാത്തം 70
6. ഉപസംഹാരം 75

പനങ്ങാഴ്യൽ വല്യച്ചൻ.

പ്രഥമഖണ്ഡം

കുടുംബചരിത്രം.

1. പ്രാരംഭം.

ക്രിസ്തുവിന്റെ ദ്വാദശശിഷ്യന്മാരിൽ ഒരുവനായ മാത്തോമ്മാശ്ലീഹാ ക്രിസ്താബ്ദം 52-ൽ ഇൻഡ്യയിൽവന്നുവെന്നുള്ളതു പാരമ്പര്യവും, സ്വദേശീയവും വിദേശീയവുമായ ചരിത്രരേഖകളും ഒന്നുപോലെ സമ്മതിക്കുന്ന ഒരു ചരിത്രവസ്തുതയാകുന്നു. ടയാനായിലെ അപ്പോളൊന്നിയസ് തക്ഷശില സന്ദർശിച്ചതു ക്രി. പി. 44-ാം വർഷത്തിലാണല്ലോ. അതിനുശേഷം ഏഴോ എട്ടോ വർഷം കഴിഞ്ഞപ്പോഴാണു സുറിയാനിക്കാരനായ മാത്തോമ്മാ ഗുണ്ടോഫോറസ്സിന്റെ നാട്ടിൽവന്നു സുവിശേഷം പ്രസംഗിച്ചതും, എത്യോപ്യാ സൊക്കോട്രാ ആദിയായ ദേശങ്ങളിൽ മതപ്രസംഗം നടത്തിയതും. അധികം താമസിയാതെ അദ്ദേഹം കൊടുങ്ങല്ലൂർ തുറമുഖത്തു വന്നെത്തി. അക്കാലത്തു പാശ്ചാത്യദേശങ്ങളുടെ ഏകച്ഛത്രാധിപത്യം വഹിച്ചിരുന്ന റോമാസാമ്രാജ്യവും കേരളവുമായി വാണിജ്യബന്ധമുണ്ടായിരുന്നുവെന്നുള്ളതു ചരിത്രകാരന്മാർ പരക്കെ സമ്മതിച്ചിട്ടുള്ള ഒരു വസ്തുതയാണല്ലോ. പ്രാചീനകേരളത്തിലെ അതിപ്രധാനമായ തുറമുഖങ്ങളിൽ ഒന്നായിരുന്ന കൊടുങ്ങല്ലൂർ അഥവാ മയൂരിക്കോട്ട്. ക്രിസ്താബ്ദം 37-നും 68-നും മദ്ധ്യേ റോമാസാമ്രാജ്യം ഭരിച്ചിരുന്ന കലിഗുല, ക്ലോഡിയസ്, നീറോ മുതലായ

ചക്രവർത്തിമാരുടെ നാണയങ്ങൾ വടക്കൻ കോട്ടയത്തു നിന്നും, അന്നു ചേരരാജ്യത്തിലുൾപ്പെട്ടിരുന്ന കോയമ്പത്തൂരിലെ വെള്ളലൂരിലും, തൃശ്ശിനാപ്പിള്ളിയിലെ കരൂരിലുംനിന്നും കണ്ടുകിട്ടിയിട്ടുണ്ടെന്നുള്ള വസ്തുത, കേരളവും റോമായുമായി പ്രാചീനകാലത്തുണ്ടായിരുന്ന ബന്ധത്തെ ദൃഢീകരിക്കുന്നുണ്ട്.

മാത്തോമ്മാ കേരളത്തിന്റെ മിക്കഭാഗങ്ങളിലും ചുറ്റിനടന്നു സുവിശേഷപ്രസംഗം ചെയ്യുകയും, കോട്ടയ്ക്കാവ്, കോക്കമംഗലം, കൊല്ലം, ചായൽ, നിരണം പാലയൂർ, കൊടുങ്ങല്ലൂർ എന്നീ പ്രധാനസ്ഥലങ്ങളിൽ ഓരോ പള്ളികൾ സ്ഥാപിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മതപ്രചരണവേലയുടെ ഫലമായി, ഉൽകൃഷ്ടവർഗ്ഗക്കാരായ ആഢ്യബ്രാഹ്മണരുൾപ്പടെ അനേകംപേർ ക്രിസ്തുമതം സ്വീകരിച്ചു. ഇതേപ്പറ്റി ഒരു പ്രാചീനഗാനത്തിൽ ഇങ്ങനെ പറഞ്ഞുകാണുന്നു:—

"നരജാതി സ്വഭാവത്തിനു മേലായ്
തന്നിൽ വിളങ്ങിന സുകൃതത്താൽ,
നരരാത്മങ്ങൾ പതിനേഴായിരത്തി-
നാന്നൂറമ്പതു താൻനേടി
ആറായിരമൊടെണ്ണൂറമ്പതു
ബ്രാഹ്മണജാതികളവരിൽ;
ഇവരിൽ കുറവാമീരായിരമോ-
ടഞ്ഞൂറു നവദശക്ഷത്രിയരും;
അപ്പോൾ വൈശ്യർ മൂവായിരമോ-
ടെഴുന്നൂറെമ്പതു ആളുകളും;

ഇപ്പോഠം നാലായിരമൊടിരുന്നു-
റെമ്പതു ശൂദ്രജാതികളും;
ഈവിധമുള്ളോരു മേൽജാതികളെ
മാറ്റത്തിൽ താൻ കൈക്കൊണ്ടു;
അവരിൽ ഇരുപെരുമാളന്മാരേ
ഒമത്രാന്മാരായി സ്ഥാപിച്ചു;
ഗ്രാമത്തല ഏഴു മന്നവർമാരേ
ഇരുപ്പട്ടത്താൽ കല്പിച്ചു
ക്ഷേമത്തിനായവരിൽ നാലുപേരെ
റമ്പാന്മാരായി നിയമിച്ചു." (1)

ഇങ്ങനെ ക്രിസ്ത്യാനികളായ ആഢ്യബ്രാഹ്മണരിൽ പ്രധാനികഠം കള്ളി അഥവാ പള്ളി, കാളികാവു്, ശങ്കരപുരി, പകലോമറ്റം, കോയിക്കര, മാടപ്പുരു്, വൈമ്പിള്ളി, കോട്ടക്കര, കോലിക്കര, കാട്ടുപുരം മുതലായി 32 ഇല്ലങ്ങളിൽ (2) പെട്ടവരായിരുന്നു. ഇവരിൽ ആട്ട്യം പറഞ്ഞ നാലു് ഇല്ലക്കാരുടെ നാമം കേരളസഭാചരിത്രത്തിൽ അഭംഗമായി നിലനിന്നുപോരുന്നുണ്ടു്. ഈ കുടുംബക്കാരിൽ ചിലരെ മാത്തോമ്മാ വൈദികരായും വൈദികമേലദ്ധ്യക്ഷന്മാരായും നിയമിച്ചുവെന്ന വസ്തുതയാണു് അതിനു കാരണം.

കേരളത്തിലെ ആദിമക്രിസ്ത്യാനികഠംക്കും, ഇതര

(1) മാത്തോമ്മാക്രിസ്ത്യാനികഠം പു. 73

(2) The Asiatic Society's Journal, Vol. I. P. 174., Anthropology of the Syrian Christians, pp. 2—3.

ദേശങ്ങളിലുണ്ടായതുപോലെ, സ്വജനങ്ങളിൽനിന്നും ശത്രുക്കളിൽനിന്നും പീഡനങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. തന്നിമിത്തം അവരിൽ ചിലർ ദേശാന്തരഗമനം ചെയ്തതായും അന്യദേശങ്ങളിൽ കുടിയേറിപ്പാർത്തതായും ചരിത്രം ഘോഷിക്കുന്നു. ക്രി. പി. നാലാംശതകത്തിൽ, സുപ്രസിദ്ധ വണിക്‌ശ്രേഷ്ഠനായിരുന്ന ക്നായിത്തോമ്മായും അനുചരന്മാരും കേരളത്തിൽ വന്നതോടുകൂടി ക്രിസ്ത്യാനികളുടെ രാഷ്ട്രീയവും സാമൂഹ്യവുമായ നിലയ്ക്ക് ഒരു പ്രാമാണ്യം സിദ്ധിച്ചതായിക്കാണുന്നു. അന്നു നാട്ടുവാണിരുന്ന പെരുമാക്കന്മാരിൽനിന്ന്, അദ്ദേഹം ക്രിസ്ത്യൻസമുദായത്തിന് പല അധികാരാവകാശങ്ങളും പദവികളും സമ്പാദിക്കുകയും അതെല്ലാം ചെപ്പേടുകളിൽ എഴുതി വാങ്ങിക്കുകയും ചെയ്തു. കേരളക്രിസ്ത്യാനികൾ ഇങ്ങനെ ഉന്നതി പ്രാപിച്ചതോടുകൂടി അവരിൽത്തന്നെ ഒരു രാജവംശം ഉണ്ടാകുകയും, 'വില്യാർവട്ടം ചക്രവർത്തി' എന്ന പേരിൽ ആ രാജവംശം ക്രിസ്ത്യാനികളുടെ ആത്മീയവും ലൗകികവുമായ ഭരണഭാരം നിർവ്വഹിച്ചുപോരികയും ചെയ്തു. പോർത്തുഗീസുകാരുടെ കേരളപ്രവേശനകാലത്തോടടുത്താണ് ഈ രാജവംശം അന്യം നിന്നുപോയതെന്നു ചരിത്രകാരന്മാർ പറയുന്നു. (1)

ക്നായിത്തോമ്മാ അന്ത്യോക്കിയാ പാത്രിയർക്കീസിന്റെ അനുമതിയോടുകൂടി മാർ യസേപ്പ്

(1) The Asiatic Society's Journal Vol. I., PP. 179—180.

എന്ന ഒരു മെത്രാനെ തന്നോടുകൂടെ കേരളത്തിലേയ്ക്കു കൊണ്ടുവന്നതായും, ഇദ്ദേഹം മലങ്കരസഭാഭരണം നിർവ്വഹിച്ചിരുന്നതായും ചരിത്രം ഘോഷിക്കുന്നു. ഈ മാർ യൗസേപ്പു മെത്രാനാണത്രേ സഭാഭരണത്തിനായി "അക്കിടിയാക്കോൻ" എന്ന സ്ഥാനം ഏർപ്പെടുത്തിയതു്. ചരിത്രപണ്ഡിതനായ ഡോക്ടർ പി. ജെ. തോമ്മസ്സു് ഇങ്ങനെ പറഞ്ഞിരിക്കുന്നു:—"ക്രി. 345 മുതൽ 1653വരെ മലങ്കരസഭയുടെ സാക്ഷാൽ അധികാരി അക്കിടിയാക്കോൻ ആയിരുന്നു. അദ്ദേഹത്തിന്റെ തലസ്ഥാനം ആട്ടും കൊട്ടങ്ങല്ലൂരും പിന്നീടു് അങ്കമാലിയും ആയിരുന്നു. അക്കിടിയാക്കോന്മാരുടെ പള്ളി ഇന്നും അങ്കമാലിയിൽ കാണാം. അക്കിടിയാക്കോന്മാരിൽ പലരും അങ്കമാലിയിൽതന്നെ മരിച്ചു കവറടങ്ങി. എന്നാൽ ഒരാളെങ്കിലും കവറടങ്ങിയതു കുറവിലങ്ങാട്ടു പള്ളി ഇടവകയിലുള്ള സ്വന്തം തറവാട്ടിൽ ആണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. കുറവിലങ്ങാട്ടു നിന്നു് ഒരുമൈൽ തെക്കു റോഡടുത്തുള്ള പാലമറ്റം പറമ്പിൽ ഇന്നും അക്കിടിയാക്കോനേറതെന്നു പരമ്പരയാ അറിയപ്പെട്ടിരുന്ന ഒരു ശവകുടീരം ഉണ്ടു്." (1) ഇങ്ങനെ 345 മുതൽ 1653 വരെ അക്കിടിയാക്കോന്മാർ അനന്യസ്വതന്ത്രമായിട്ടുണ്ടായിരുന്നുവെന്നു സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ പാരമ്പര്യവിശ്വാസമുണ്ടെങ്കിലും, പോർത്തുഗീസുകാർ വരുന്നതിനുമുൻപുള്ള

(1) Nazrani Deepika, dated August 19, 1937.

കാലത്തേ അക്കിടിയാക്കോന്മാരേപ്പറ്റി നമുക്കു വിശ്വാസയോഗ്യമായ ചരിത്രലക്ഷ്യങ്ങൾ പറയത്തക്കതായിയാതൊന്നുമില്ലെന്നു സവ്യസനം പറയേണ്ടിയിരിക്കുന്നു.

പോർത്തുഗീസുകാർ കേരളത്തിൽ വന്നപ്പോൾ, ആചാരങ്ങളിലും കർമ്മാനുഷ്ഠാനങ്ങളിലും തങ്ങളിൽനിന്നു ഭിന്നമായിവർത്തിക്കുന്ന ഒരു ക്രൈസ്തവസമുദായത്തെയാണ് ഇവിടെ കണ്ടെത്തിയതു്. സ്വന്ത ആരാധനക്രമത്തോടുള്ള അമിതമായ ഭക്തിമൂലമോ, സുറിയാനിക്രമത്തിലുള്ള അജ്ഞതമൂലമോ, സുറിയാനിക്രിസ്ത്യാനികളുടെ ആചാരാനുഷ്ഠാനങ്ങളെ പരിഷ്കരിക്കുന്നതിനും, സുറിയാനിക്രമം മാറ്റി ലത്തീൻക്രമം ഏർപ്പെടുത്തുന്നതിനും, സഭാഭരണം വൈദേശികവൈദികമേലധ്യക്ഷന്മാരിൽ സമർപ്പിക്കുന്നതിനും പറങ്കികൾ അത്യുത്സാഹം പ്രദർശിപ്പിച്ചു. മലങ്കരസഭയിലുണ്ടായ ഭിന്നതയ്ക്കും ഇടച്ചിലുകൾക്കും ഇങ്ങനെയാണു ബീജാവാപം ചെയ്തതു്. സാമൂഹ്യമായ ഉന്നതിയെ പ്രാപിച്ചിരുന്ന സുറിയാനിക്രിസ്ത്യാനികൾ ഒന്നുചേർന്നുനിന്ന് ഈ പരിഷ്കരണശ്രമത്തെ എതിർത്തു. ഉദയംപേരൂർ സൂനഹദോസു്, ക്രനൻകുരിശുസത്യം മുതലായ അക്കാലത്തെ സംഭവങ്ങൾ, കേരളീയ ക്രിസ്ത്യാനികളുടെ സമുദായസ്നേഹത്തിന്റേയും, ഐകമത്യത്തിന്റേയും മകുടോദാഹരണങ്ങൾ തന്നെ ആയിരുന്നു.

പ്രാചീനകേരളീയക്രിസ്ത്യാനികളുടെ സാമൂഹ്യനിലയെ ചരിത്രകാരന്മാർ പൂളകോൽഗമകാരിയായ

വാക്കുകളിൽ വർണ്ണിച്ചിട്ടുണ്ട്. "ഏഷ്യാറ്റിക്ക് സൊസൈറ്റി ജേർണ്ണ"ലിൽ ക്യാപ്റ്റൻ ചാൾസ് സ്വാൻസ്റ്റൺ എഴുതിയിട്ടുള്ള "മലയാളത്തിലെ പ്രാചീന സഭയെപ്പറ്റിയുള്ള സ്മരണ"കളിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:— "അവരുടെ ഭടന്മാർക്കു നായന്മാരേക്കാളും പ്രഭുക്കളേക്കാളും മുൻഗണന നല്കിയിരുന്നു. രാജ്യത്തിലെ രാജാക്കന്മാർക്കുണ്ടായിരുന്ന, കൃതജ്ഞതയോ ഭയമോ മൂലം പാരമ്പര്യമായി അവർക്കു ലഭിച്ചിരുന്ന അവകാശങ്ങൾ അപ്പോഴും ബഹുമാനിക്കപ്പെട്ടിരുന്നു. അവർ ഒരു ഹൈന്ദവരാജാവിനു വിധേയരായിരുന്നുവെങ്കിലും അങ്കമാലിമെത്രാനാണ്, അവരെ ഭരിച്ചിരുന്നതു്. ഒരു പെയ്ഗൻ രാജാവിനു തന്റെ രാജ്യത്തിൽ എത്രയധികം ക്രിസ്ത്യാനികളുണ്ടോ അത്രയധികമായി അദ്ദേഹത്തെ ഭയപ്പെടുകയും, ബഹുമാനിക്കുകയും ചെയ്തിരുന്നു.....മുൻപു ചേരമാൻ പെരുമാളിൽ നിന്നു സിദ്ധിച്ചിട്ടുള്ള പദവികളാൽ ക്രിസ്ത്യാനികൾക്കു രാജ്യത്തിലെ ഉൽകൃഷ്ടവർഗ്ഗമായ നായന്മാരേക്കാൾ മുൻഗണന ഉണ്ടായിരുന്നു. രാജാക്കന്മാർ തന്നെയും അസാധാരണവണക്കം കാണിക്കുന്ന ബ്രാഹ്മണരേക്കഴിഞ്ഞാൽ ഒന്നാമത്തെ സ്ഥാനം അവർക്കു (സുറിയാനിക്രിസ്ത്യാനികൾക്ക്) ആണുള്ളതു്. രാജ്യത്തിലെ നിയമങ്ങളനുസരിച്ചു തട്ടാന്മാർ, മൂശാരിമാർ, ആശാരിമാർ, കൊല്ലന്മാർ ഇവരുടെയെല്ലാം സംരക്ഷകന്മാർ ക്രിസ്ത്യാനികളാണ്. തെങ്ങുകൃഷിക്കാരായ പെയ്ഗൻ ജാതിക്കാർ, ക്രിസ്ത്യാനികളുടെ കീഴിൽ

ഒരു സൈന്യമായിരുന്നു. തങ്ങളുടെ ശ്രേഷ്ഠത പാലിക്കുന്നതിനായി ക്രിസ്ത്യാനികൾ താഴ്ന്ന ജാതിയിൽപെട്ട ഒരുത്തനേയും, ഒരു നായരേപ്പോലും, ഒരിക്കലും തൊട്ടിരുന്നില്ല.....നായന്മാർ സുറിയാനിക്രിസ്ത്യാനികളെ വളരെയധികമായി ബഹുമാനിക്കുകയും, അവരുടെ സഹോദരന്മാരായി ഗണിക്കപ്പെട്ടുന്നതു് ഒരു ബഹുമാനമായി കരുതുകയും ചെയ്തിരുന്നു. അവരുടെ (ക്രിസ്ത്യാനികളുടെ) ചില പദവികൾ ഏതാണ്ടു് അവരുടെ രാജാക്കന്മാർക്കു തുല്യമായ നില അവർക്കു നല്കുന്നു. രാജാവിന്റേയും അദ്ദേഹത്തിന്റെ മന്ത്രിയുടെയും സമക്ഷം, ഒരേ പരവതാനിയിൽപോലും, അവർ ഇരിക്കുന്നു. ഇതു രാജപ്രതിനിധികൾക്കുമാത്രം അനുവദിച്ചിട്ടുള്ള ഒരു പദവിയാകുന്നു." (1)

റാവുബഹദൂർ എൽ. കെ. അനന്തകൃഷ്ണയ്യർ ബി. ഏ. എൽ. റ്റി. എഴുതിയിട്ടുള്ള "സുറിയാനിക്രിസ്ത്യാനികളുടെ നരവംശശാസ്ത്രം" എന്ന ഗ്രന്ഥത്തിൽ നിന്നുകൂടി ഒരുഭാഗം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ:—"സുറിയാനിക്രിസ്ത്യാനികൾ മുൻകാലങ്ങളിലും ഇപ്പോഴും സമൃദ്ധമായ ഒരു സമുദായമാകുന്നു....മുൻകാലങ്ങളിൽ അവരുടെ സാമുദായികവും സൈനികവുമായ സ്ഥിതി ഏറ്റവും രസകരമായിരുന്നു. അതു താഴെ ചേർക്കുന്നു: കേരളത്തിലെ ഉന്നതവർഗ്ഗക്കാരുടെ ഗ

(1) The Asiatic Society's Journal Vol. 1. pp. 180—181.; quoted in വീരരാഘവപ്പട്ടയം pp. 61—62.

ണത്തിലാണ് അവരെ കണക്കാക്കിയിരിക്കുന്നത്. അവർക്ക് നായന്മാരേക്കാൾ മുൻഗണന ഉണ്ടായിരുന്നു. രാജനന്ദനന്മാർ എന്ന പേരിലല്ലാതെ മറ്റു യാതൊരു പേരിലും വിളിക്കപ്പെടാതിരിക്കുവാനുള്ള ഒരു വിശേഷാവകാശം അവർക്ക് ലഭിച്ചിരുന്നു. വിവാഹാടിയന്തിരങ്ങളിൽ മുടിച്ചൂരുകളിൽ പൊന്നുകൊണ്ടുള്ള പൂക്കൾ ധരിക്കുന്നതിനും, ആനപ്പുറത്തു സവാരിചെയ്യുന്നതിനും, മുറിക്കകം പരവതാനികൊണ്ട് അലങ്കരിക്കുന്നതിനും അവർക്ക് അനുവാദമുണ്ടായിരുന്നു. കമ്മാളവർഗ്ഗക്കാരുടെ സംരക്ഷണാവകാശം അവർക്കാണു നല്കപ്പെട്ടിരുന്നത്. തെങ്ങുകൃഷിയുടെ മേലനേഷണം അവരുടെ ദാസന്മാർക്കായിരുന്നു. ഇവരെ (ദാസന്മാരെ) ആരെങ്കിലും ഉപദ്രവിക്കുകയോ ഇവരുടെ തൊഴിലിനെ മറ്റുവിധത്തിൽ തടസ്സപ്പെടുത്തുകയോ ചെയ്താൽ ഇവർ ക്രിസ്ത്യാനികളോട് സങ്കടം ബോധിപ്പിക്കുകയും ക്രിസ്ത്യാനികൾ ഇവരെ സംരക്ഷിക്കുകയും സങ്കടപരിഹാരം വരുത്തുകയും ചെയ്തിരുന്നു. ക്രിസ്ത്യാനികൾ രാജാവിന്റെ നേരിട്ടുള്ള ഭരണത്തിലായിരുന്നു. അവർ യാതൊരു ഇടപ്രഭുവിനും കീഴ്പ്പെട്ടിരുന്നില്ല. ഒരു ഹിന്ദു ഒരു ക്രിസ്ത്യാനിയെ കയ്യേറ്റം ചെയ്താൽ കുറ്റത്തിന്റെ ഗൗരവമനുസരിച്ചു സ്വർണ്ണംകൊണ്ടോ വെള്ളികൊണ്ടോ നിർമ്മിതമായ ഒരു കൈ പള്ളിക്കു ദാനം ചെയ്യേണ്ടിവരുമായിരുന്നു. അല്പാത്മകമായ കുറ്റത്തിന് അയാളുടെ രക്തംകൊണ്ടു പരിഹാരം ചെയ്തിരുന്നു. അവരുടെ

പദവിക്ക് അപമാനകരമായിരുന്നതിനാൽ അവരേക്കാൾ താണസ്ഥിതിയിലുള്ള ആരേയും അവർ അഭിവാദനം ചെയ്തിരുന്നില്ല. അവർ റോഡുകളിൽക്കൂടെ യാത്രചെയ്യുമ്പോൾ മറ്റുള്ളവരെ ദൂരെവച്ചുതന്നെ അഭിവാദനംചെയ്തിരുന്നു; ആരെങ്കിലും ഇങ്ങോട്ടും അങ്ങനെ ചെയ്യാതിരുന്നാൽ അവർ തൽക്ഷണം വധിക്കപ്പെട്ടിരുന്നു.

"സൈനികവർഗ്ഗക്കാരായ നായന്മാർ അവരെ സഹോദരന്മാരെപ്പോലെ കരുതുകയും അത്യധികം ബഹുമാനിക്കുകയും ചെയ്തു. എല്ലാ സമുദായക്കാർക്കും 'അമ്മൂച്ചി' എന്നു വിളിക്കപ്പെട്ടിരുന്ന പ്രത്യേകഭടന്മാരുണ്ടായിരുന്നു; തങ്ങളുടെ സംരക്ഷണയിലുള്ള ആളുകളേയും സ്ഥലങ്ങളേയും സ്വന്തം ജീവൻ ഉപേക്ഷിച്ചും സംരക്ഷിക്കുവാൻ ഇവർ പ്രതിജ്ഞാബദ്ധരായിരുന്നു. ഇവർ വിശ്വസ്തരും ജാഗ്രതയുള്ളവരും സ്നേഹശീലരും ആയിരുന്നു. ഇവർ ക്രിസ്ത്യാനികളെ ബഹുമാനിച്ചിരുന്നു. ക്രിസ്ത്യാനികളുടെ സമക്ഷം, ഇരിക്കുന്നതിനു ക്ഷണിക്കപ്പെടാതെ, ഇവർ ഒരിക്കലും ഇരുന്നിരുന്നില്ലാ. അവർ (ക്രിസ്ത്യാനികൾ) അതിബലവാന്മാരും ശക്തന്മാരുമായിരുന്നു. അവരുടെ മെത്രാന്മാരെ രാജാക്കന്മാരേപ്പോലെ ബഹുമാനിക്കുകയും ഭയപ്പെടുകയും ചെയ്തിരുന്നു. (വീടിനു്) ഒരു പടിപ്പുര ഉണ്ടാക്കുകയെന്നുള്ളതു ബ്രാഹ്മണരുടെ ഒരു വിശേഷാവകാശമായിരുന്നു. ഈ തേ വിശേഷാവകാശം ക്രിസ്ത്യാനികൾക്കും നൽക

പ്പെട്ടിരുന്നു. രാജാക്കന്മാരുടേയും അവരുടെ പ്രധാനോദ്യോഗസ്ഥന്മാരുടേയും കൂടെ അവക്കും ഇരിപ്പു നല്കിയിരുന്നു. പരവതാനികളിൽ ഇരിക്കുകയെന്ന, രാജപ്രതിനിധികൾക്കു നൽകപ്പെട്ടിരുന്നു, വിശേഷാവകാശം അവക്കും നൽകപ്പെട്ടിരുന്നു. പതിനാറാം നൂറ്റാണ്ടിൽ തന്റെ രാജ്യത്തിലുള്ള നായന്മാക്കും ഈ വിശേഷാവകാശങ്ങൾ നൽകുവാൻ പറവൂർ രാജാവു് ആഗ്രഹിച്ചപ്പോൾ സുറിയാനിക്രിസ്ത്യാനികൾ എതിർക്കുകയും, (രാജാവു്) അതിൽ നിർബന്ധം പിടിക്കുകയാൽ ഉടൻതന്നെ രാജാവിനോടു യുദ്ധപ്രഖ്യാപനം ചെയ്കയും ചെയ്തു. അവരുടെ എതിർപ്പിനു വിരോധമായി തന്റെ ആഗ്രഹം സാധിക്കുന്നതിനുള്ള അപ്രാപ്തിയെ മനസ്സിലാക്കിയ രാജാവു പഴയ നടപടിപോലെ സംഗതികൾ വിടുന്നതിനു നിർബന്ധിതനായി. മുകളിൽപറഞ്ഞ അവകാശങ്ങളും മാന്യതകളും നിമിത്തം അവരുടെ മെത്രാന്മാക്കു് അത്യുന്നതമായ ഒരു പ്രതാപം സിദ്ധിച്ചിരുന്നു.

"സുറിയാനിക്രിസ്ത്യാനികൾ മിക്കവാറും അവരുടെ രാജാക്കന്മാരോടു തുല്യനിലയുള്ളവരായിരുന്നു. സ്വന്തമായി സൈനികശക്തി ഉണ്ടായിരിക്കുന്നതിനുള്ള അനുവാദം അവക്കുണ്ടായിരുന്നു. ഈ സൈന്യങ്ങളിൽ അധികവും തെങ്ങുകൃഷിചെയ്തിരുന്ന ചാന്നാർജാതിക്കാരായിരുന്നു...രാജ്യത്തിലെ ഭരണകർത്താക്കൾ വലിയ ആദരവോടുകൂടിയാണു് അവരെ ഗണിച്ചിരുന്ന

തു്. തന്റെ രാജ്യത്തിലുള്ള സുറിയാനിക്കാരുടെ സഖ്യ മനസരിച്ചാണു് ഒരു ഏതദ്ദേശീയരാജാവിനെ (മറു ള്ളവർ) ബഹുമാനിക്കുകയോ ഭയപ്പെട്ടുകയോ ചെയ്തി രുന്നതു്. അവരുടെ പൊതുവായ വിശ്വസ്തതയും സത്യ തല്പരതയും സാമത്ഥ്യവും സൈനികപരാക്രമവും നിമി ത്തം ഭരണാധികാരികൾ എല്ലായ്പോഴും അവരെ ബ ഹുമാനിക്കുകയും സംരക്ഷിക്കുകയും ചെയ്തിരുന്നു." (1)

---

2. കള്ളിയും പള്ളിയും.

ഉദയംപേരൂർ സൂനഹദോസു്, ക്രുനൻകുരിശു സത്യം മുതലായവ മലങ്കരസഭാചരിത്രത്തിലെ അവി സ്മരണീയസംഭവങ്ങളാണെന്നു പറഞ്ഞുവല്ലോ. 1599-ലെ ഉദയംപേരൂർ സൂനഹദോസുമുതൽക്കാണു പറ ങ്കികൾ പ്രത്യക്ഷമായി മലങ്കരസഭാഭരണത്തിൽ തല യിട്ടു തുടങ്ങിയതു്. അന്നു സുറിയാനിക്രിസ്ത്യാനിക ളുടെ മേലദ്ധ്യക്ഷനായിരുന്ന ഗീവറുഗീസു് അക്കൂടിയാ ക്കോൻ ഈ സംരംഭത്തെ എതിർത്തു. അതേത്തുടർന്നു് അരനൂറ്റാണ്ടുകാലത്തെ വടംപിടിത്തത്തിന്റെ ഫല മായി മലങ്കരസഭയിൽ അദ്ധ്യക്ഷപൂവ്വങ്ങളായ കുഴപ്പങ്ങ ളും ഭിന്നതകളുമുണ്ടായി. ഒടുവിൽ 1653-ൽ സുറി


(1) PP. 54—59, quoted in വീരരാഘവപ്പട്ടയം pp. 63—66.

യാനിക്രിസ്ത്യാനികൾ മട്ടാഞ്ചേരിയിൽ സംഘംചേർന്ന പറങ്കികളുടെ ദാസ്യത്തിൽ വർത്തിക്കുന്നതല്ലെന്ന സത്യം ചെയ്തു. പ്രസിദ്ധമായ ഈ കുനൻകുരിശുസത്യം സുറിയാനിസമുദായത്തെ അന്തഃഛിദ്രത്തിൽ അടിച്ചുതാഴ്ത്തിയെന്നു പറയാം. കുനൻകുരിശിങ്കൽ സത്യം ചെയ്തവരുടെ മതവൈരാഗ്യവും ജാതിസ്നേഹവും അവരെ മാർഗ്ഭ്രംശം ചെയ്യിക്കുകയും, അങ്ങനെ അന്നത്തെ സഭാനേതാവായിരുന്ന തോമ്മാ അക്കിയാക്കോനെ പന്ത്രണ്ടു പട്ടക്കാർക്കുടി മെത്രാനായി വാഴിക്കുകയും ചെയ്തു.

ഇതിനെത്തുടർന്നു സുറിയാനിക്കാരിൽ ഒരുഭാഗം ഈ പുത്തൻമെത്രാന്റെ കീഴിലും അപരഭാഗം പഴയനിലയിലും സ്ഥിതി ചെയ്തു. ഇക്കാലത്തു മാപ്പ്പ്പായുടെ പ്രതിനിധിയായി യൗസേപ്പുസെബസ്ത്യാനി മെത്രാൻ കേരളം സന്ദർശിക്കുകയും, പറമ്പിൽ ചാണ്ടിക്കത്തനാരെ മലയാളത്തിന്റെ മെത്രാനായി അവരോധിക്കുകയുമുണ്ടായി. ചരിത്രപ്രസിദ്ധനായ ഈ പള്ളിവീട്ടിൽ ചാണ്ടിമെത്രാന്റെ കീഴിൽ സുറിയാനിക്രിസ്ത്യാനികളിൽ ഭൂരിഭാഗവും യോജിച്ചുനിന്നു തങ്ങളുടെ കത്തോലിക്കത്വം പുലർത്തി. ബാക്കിയുള്ളവർ മെത്രാൻവേഷധാരിയായ മാത്തോമ്മായെ അനുഗമിച്ചു. മലങ്കരസഭാചരിത്രത്തിലെ അതിപ്രധാനമായ ഈ സംഭവങ്ങൾക്കു സൂത്രധാരത്വം വഹിച്ച മഹാപുരുഷന്മാർ കുറവിലങ്ങാട്ടു സ്വദേശീയരായിരുന്നു. തദ്ദ്വാരാ കുറവിലങ്ങാട്ടു മലങ്കരസഭാചരിത്രത്തിൽ അദ്വിതീയമായ

ഒരു സ്ഥാനം വഹിക്കുന്നുണ്ട്.

പ്രകൃതിസുന്ദരവും ഇന്നു സുറിയാനിക്രിസ്ത്യാനികളുടെ ഒരു ആസ്ഥാനകേന്ദ്രവുമായ കുറവിലങ്ങാട്ട്, പ്രാചീനകാലങ്ങളിൽ ഒരു വനാന്തരമായിരുന്നുവെന്ന് അതിന്റെ പേരുതന്നെ സൂചിപ്പിക്കുന്നുണ്ട്. മറുസ്ഥലങ്ങളിലെന്നപോലെ ഇവിടെയും, സുറിയാനിക്രിസ്ത്യാനികളുടെ കുടിയേറിപ്പാർപ്പായിരിക്കണം ആ അരണ്യത്തെ ഇന്നത്തെ രീതിയിലുള്ള ഒരു നഗരമാക്കിത്തീർത്തത്. ആദ്യകാലങ്ങളിൽ കുറവിലങ്ങാട്ട ക്രിസ്ത്യാനികൾ ഉണ്ടായിരുന്നില്ല. എന്നാൽ ക്രമേണ കള്ളി, കാളികാവ്, ശങ്കരപുരി പകലോമറ്റം എന്ന നാല് ഇല്ലക്കാർ കുറവിലങ്ങാട്ട കുടിയേറിപ്പാർത്തു. ഈ ബ്രാഹ്മണകുടുംബങ്ങൾ ആദ്യം പാലയൂരായിരുന്നുവെന്നും, അവിടെയുണ്ടായ ഒരു മതപീഡനത്തെത്തുടർന്ന മൂന്നാം നൂറ്റാണ്ടിൽ അവർ ദേശാന്തരാധിവാസം ചെയ്തുവെന്നുമാണ പാരമ്പര്യമായി വിശ്വസിച്ചുപോരുന്നതു. വടക്കുനിന്നും കുടി പുറപ്പെട്ട ഇവർ ഏറുമാന്തുരെത്തി ക്ഷേത്രാധികാരികളോട് ഒരു വാസസ്ഥലം ആവശ്യപ്പെട്ടുവെന്നും, ക്ഷേത്രാധികാരികൾ അവരുടെ ശക്തി പരീക്ഷിക്കാനായി കാളികാവിലെ കാളിക്ഷേത്രത്തിനടുത്തു് ഒരുരാത്രി പാർക്കണമെന്ന് ആവശ്യപ്പെട്ടുവെന്നും, അങ്ങനെ പാർത്തിട്ടും അവർക്ക് അപായമൊന്നും വരാഞ്ഞതിനാൽ അവർക്കു വാസസ്ഥലം നിർണ്ണയിച്ചുകൊടുത്തുവെന്നും, അതിലേയ്ക്കു നാലു തൂണുകൾ നാട്ടിയതിൽ രണ്ടു കാളികാവിലും രണ്ടു കുറവിലങ്ങാട്ടുമായി



കുറവിലങ്ങാട്ടെ ചരിത്രപ്രസിദ്ധമായ കുരിശ്ശ്.

രുന്നുവെന്നുമാണ് ഐതിഹ്യം. (1)

ക്ഷേത്രാധികാരികളും ഈ നാല് ഇല്ലക്കാരേയും ആദ്യം കാളികാവിൽത്തന്നെ താമസിപ്പിച്ചുവെന്നും, പിന്നീട് ഏതോ കാലത്തു കാടായി കിടന്ന കുറവിലങ്ങാട്ടേയ്ക്ക് അവർ കുടിയേറിപ്പാർത്തുവെന്നും വിവരിക്കുന്ന മറെറാരു ഐതിഹ്യവുമില്ലാതില്ല. (2) പക്ഷെ, കള്ളി, കാളികാവുകാരുടെ വസ്തുവകകളും കുറവിലങ്ങാട്ടും, ശങ്കരപുരി പകലോമറവുകാരുടെ വസ്തുവകകളും കാളികാവിലുമാകയാൽ ആദ്യം പറഞ്ഞ ഐതിഹ്യമാണു കൂടുതൽ വിശ്വാസയോഗ്യമായിത്തോന്നുന്നതു്. പകലോമറവും ശങ്കരപുരിയും കാളികാവുകരയിലാണ് അഭയം പ്രാപിച്ചതെന്നു ഡോക്ടർ പി. ജെ. തോമസ് പ്രസ്താവിക്കുന്നുണ്ട്. പാലയൂർ നിന്നു കുടി പുറപ്പെട്ടവർ മുൻപറഞ്ഞ നാലു കുടുംബക്കാർ മാത്രമായിരുന്നുവോ എന്നു തീർത്തുപറഞ്ഞുകൂടാ. അല്ലെന്നു വേണം വിചാരിക്കുവാൻ. അതേപ്പററി വിശ്വാസയോഗ്യമായ യാതൊരു ലക്ഷ്യവും നമുക്കില്ല.


കുറവിലങ്ങാട്ടുപോയി താമസിച്ച രണ്ടു കുടുംബങ്ങളിൽ കള്ളിക്കുടുംബം, ഇപ്പോൾ കുറവിലങ്ങാട്ടു പള്ളിയിരിക്കുന്ന സ്ഥലത്തിന്റെ വടക്കുഭാഗത്തുള്ള പള്ളിമേടയുടെ സ്ഥാനത്തും, കാളികാവു കുടുംബം പള്ളിക്കു രണ്ടുനിര വലിയ കല്പടികളുള്ളതിൽ കുരി

(1) Dr. P. J. Thomas in Nazrani Deepika, dated 8th July, 1937.


(2) Nazrni Daeepika, dated 17th Meenam, 1112.

ശിൻതൊട്ടിയും പടിപ്പുരമാളികയും കഴിഞ്ഞുള്ള രണ്ടാമത്തെ കല്പടികളുടെ താഴെ തെക്കുഭാഗത്തുമാണ് വാസമുറപ്പിച്ചത്. അവിടെനിന്നും ഒന്നരമൈൽ തെക്കുമാറി ഇതുപോലെതന്നെ മുകളിലും താഴെയുമായി പകലോമറ്റം, ശങ്കരപുരി എന്നീകുടുംബങ്ങളുടെ തറയും കാണ്മാനുണ്ട്.

കുറവിലങ്ങാട്ട് ഇങ്ങനെ ക്രിയേറിപ്പാത്ത ക്രിസ്ത്യാനികൾ ആദ്യകാലങ്ങളിൽ കുട്ടത്തുരുത്തി പള്ളിയിൽ പോയിട്ടാണ് പള്ളിക്കർമ്മങ്ങളിൽ സംബന്ധിച്ചിരുന്നത്. അനന്തരം, ക്രിസ്താബ്ദം 335-ാമാണ്ട്, കള്ളിപ്പുരയിടത്തിന്റെ തെക്കേ അതിർത്തിയായിരുന്ന കയ്യാലയുടെ അടുത്തു പരിശുദ്ധകന്യകാമറിയം പ്രത്യക്ഷപ്പെട്ടുവെന്നും, ആ സ്ഥാനത്തു പള്ളി ഉണ്ടായിയെന്നുമാണ് പറയപ്പെട്ടുന്നത്. ദിവ്യജനനിയുടെ ഈ ദർശനം സംബന്ധിച്ചുള്ള ഐതിഹ്യം രണ്ടുവിധത്തിൽ പറഞ്ഞുകേട്ടിട്ടുണ്ട്. ഇപ്പോൾ പള്ളിയിരിക്കുന്നതിന്റെ തെക്കു കിഴക്കു ഭാഗത്തു്, ചിറക്കത്തോടത്തു്, ഒരു കളരിയുണ്ടായിരുന്നുവെന്നും, ആ കളരിയിൽ പഠിച്ചിരുന്ന കുട്ടികൾക്ക് 'മുത്തിയമ്മ' അപ്പം കൊടുത്തുവെന്നുമാണ് ഒന്നാമത്തെ ഐതിഹ്യം. അന്നു കാടായിക്കിടന്നിരുന്ന ആ പ്രദേശങ്ങളിൽ കന്നുകാലി നോക്കിയിരുന്ന ഏതാനും കുട്ടികൾ അത്ഭുതപ്രവർത്തകയായ 'മുത്തിയമ്മ'യെക്കണ്ടുവെന്നും, അവിടെ മുത്തിയമ്മ വെള്ളമുള്ള ഒരു ഓലി (ചെറിയകിണർ) കാണിച്ചുകൊ



'മുത്തിയമ്മ'യുടെ കിണറ്.



കുറവിലങ്ങാട്ട് മത്തമറിയം പള്ളി.

ടുത്തുവെന്നുമാണു രണ്ടാമത്തെ പുരാവൃത്തം.

ഈ ഐതിഹ്യങ്ങളിൽ ഏതാണു ശരിയെന്നുള്ളതിനെപ്പറ്റി ഇവിടെ ചർച്ച ചെയ്യണമെന്നു വിചാരിക്കുന്നില്ല. എന്നാൽ ദിവ്യമാതാവു പ്രത്യക്ഷപ്പെട്ടുവെന്നു പറയുന്ന സ്ഥലത്തിനടുത്തു്, ഏതു കൊടിയ വേനൽക്കാലത്തും വറ്റാത്ത ഒരു ചെറിയ കിണറുണ്ടു്. പള്ളിമുറ്റത്തിന്റെ നിരപ്പിൽനിന്നും ഒന്നരയടി മാത്രമേ ഇതിനു താഴ്ചയുള്ളൂ. വർഷകാലത്തു് അതിൽ വെള്ളം കൂടുകയോ, വേനൽക്കാലത്തു കുറയുകയോ ചെയ്യുന്നില്ല. പള്ളിക്കടുത്തു് അതിനേക്കാൾ വളരെയധികം താഴ്ചയുള്ള കിണറുകളിൽപ്പോലും വേനൽക്കാലത്തു വെള്ളം വറ്റിപ്പോകുക അസാധാരണമല്ല. 'മുത്തിയമ്മ' കാണിച്ചുകൊടുത്ത കിണർ ഇതാണെന്നാണു പഴമ പരിചയമുള്ളവർ പറയുന്നതു്. അതെങ്ങനെയിരുന്നാലും ദൂരദേശങ്ങളിൽനിന്നുപോലും രോഗികൾ ഈ ഉറവിലെ വെള്ളംകൊണ്ടുപോയി ഉപയോഗിച്ചു രോഗശാന്തി അടയുന്നുണ്ടത്രേ.

കള്ളിക്കുടുംബത്തിനടുത്തു പള്ളി വന്നതുമുതൽ ആയിരിക്കാം കള്ളി വീടുപള്ളിവീടായി രൂപാന്തരപ്പെട്ടതു്. അതെങ്ങനെയായാലും പിൽക്കാലത്തു പ്രസിദ്ധിയിൽ വന്നതു "പള്ളി"യാണു്. അതുമൂലമായിരിക്കണം 1835-ൽ ഏഷ്യാറ്റിക്ക സൊസൈറ്റിവക ജേണ്ണലിൽ "മലയാളത്തിലെ പ്രാചീനസഭയെപ്പറ്റിയുള്ള സ്മരണകൾ" എഴുതിയ ക്യാപ്റ്റൻ ചാൾസ്

സ്വാൺസ്റ്റൺ, മാത്തോമ്മാശ്ലീഹാ മാനസാന്തരപ്പെട്ടത്തിയ നമ്പൂതിരി ഇല്ലങ്ങളേപ്പറ്റി പറയുകയിൽ, "അവരിൽ പ്രത്യേകമായി ശങ്കരപുരി, പകലോമറ്റം, പള്ളി, കാളികാവു്....." (1) എന്ന പള്ളി എന്ന പേരുതന്നെ ഉപയോഗിച്ചതു്. "മാത്തോമ്മാശ്ലീഹായുടെ കൈയാൽ പട്ടം നൽകപ്പെട്ടതെന്ന പ്രസിദ്ധിയുള്ള പള്ളി, കാളികാവു്, ശങ്കരപുരി, പകലോമറ്റം" (2) എന്നു്, പരേതനായ ജോൺ നിധീരി അവർകളും പള്ളി എന്ന പേരുതന്നെയാണു സ്വീകരിച്ചിരുന്നതെന്നുള്ള സംഗതി ഈ ഘട്ടത്തിൽ സ്മർത്തവ്യമാകുന്നു. ഈദ്ദശതെളിവുകൾ നിമിത്തം "കള്ളി" തന്നെയാണു "പള്ളി"യായതെന്നു ന്യായമായി അനുമാനിക്കേണ്ടിയിരിക്കുന്നു. കള്ളിക്കുടുംബത്തിനടുത്തു പള്ളി വന്നതുകൊണ്ടോ, ഉച്ചാരണസാമ്യംകൊണ്ടോ ആയിരിക്കണം ഈ നാമപരിവർത്തനം സംഭവിച്ചിട്ടുള്ളതു്.

പള്ളിവീടിന്റെ അറ, വടക്കുഭാഗത്തുള്ള പള്ളിമേടയുടെ രണ്ടാംനിലയിൽ, ഇപ്പോഴുമുണ്ടു്. കള്ളിക്കുടുംബക്കാരുടെ പിൻഗാമികളായ പനങ്കുഴയ്ക്കൽ വീട്ടുകാർ ഇന്നും ആ അറയുടെ താക്കോൽ സൂക്ഷിച്ചുവരുന്നു. ഈ അറയുടെ പൂർണ്ണാവകാശം ഇന്നും ആ കുടുംബക്കാർക്കുതന്നെയാണു്. പള്ളിമേടയുടെ താഴത്തെനിലമുന്നോയന്പിനും വൈദികരുടെ ധ്യാനാവസരങ്ങ

(1) The Asiatic Society's Journal Vol. I., p. 174., The Anthropology of the Syrian Christians, pp. 2—3.

(2) Nazrani Deepika, dated 3rd Meenam, 1112

ളിലും മറ്റും ഒരു ഭോജനശാലയായി ഉപയോഗിക്കാറുണ്ട്. അതിന്റെ ഭിത്തിയുടെ പകുതിഭാഗംവരെ, ഇപ്പോഴത്തെ തട്ടിന്റെ ഏകദേശം രണ്ടടി താഴെയായി, ഒരു ഉത്തരവളരു കാണുന്നുണ്ട്. അതു കള്ളിവീടിന്റെ ഭിത്തിതന്നെയാണെന്നാണു പാരമ്പര്യമായി പറഞ്ഞുവരുന്നതു്. ഈ ഉത്തരവളരിന്റെ മുകൾഭാഗത്തായിട്ടാണു് അറയുടെ ഇരിപ്പും. ഈ പള്ളിമേടയുടെ തൊട്ടടുത്തുള്ള സ്ഥലം ഇന്നും പള്ളിവീട്ടുകുടുംബക്കാരുടെ വകയാണു്. മാത്രമല്ല, പള്ളിക്കകത്തു പ്രധാനബലിപീഠത്തിന്റെ വടക്കുഭാഗത്തുള്ള സ്ഥലത്തിന്റെ നികുതി, കൊല്ലവർഷം 1083-ലെ കണ്ടെഴുത്തുവരെ, പള്ളിവീട്ടിൽ കുടുംബത്തിൽപ്പെട്ട വെള്ളായിപ്പറമ്പിൽനിന്നു കൊടുത്തുവന്നിരുന്നു; അതിനുള്ള രസീതു് ഇന്നും വെള്ളായിപ്പറമ്പിൽ സൂക്ഷിച്ചുപോരുന്നുണ്ടു്. ആ കണ്ടെഴുത്തിനുശേഷം, ദേവാലയം ഇരിക്കുന്ന സ്ഥലം ഗവർമെന്റു പള്ളിക്കു കരമൊഴിവായി കൊട്ടത്തിരിക്കുകയാകുന്നു. പള്ളിയുടെ അടുത്തു്, അരച്ചതുരശ്രമൈൽ സ്ഥലം പള്ളിക്കും മഠത്തിനും ഇംഗ്ലീഷ് ഹൈസ്കൂളിനും വിട്ടുകൊടുത്തതിനു ശേഷമുള്ളവ, പള്ളിവീട്ടിൽ കുടുംബക്കാരുടെ വകയാണു്. പള്ളിക്കു തെക്കുമാറിയുള്ള സ്ഥലം കാളികാവു കുടുംബക്കാരുടെ വകയുമാകുന്നു.

പള്ളിവീട്ടിൽനിന്നു് ഒരു ശാഖ പറമ്പിലേയ്ക്കു മാറിത്താമസിച്ചു. ക്രിസ്തുബ്ദം 1663-മാണ്ടു മലങ്കര

സഭയുടെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ട പള്ളി വീട്ടിൽ ചാണ്ടിമെത്രാൻ ഈ പറമ്പിൽശാഖയിലാണ ഭ്രജാതനായത്. ജനബാഹുല്യംനിമിത്തം, ഇപ്പോഠം തെക്കേ സങ്കീത്തി എന്നപറയുന്ന ഭാഗം പള്ളി ആവശ്യത്തിന മതിയാകാതെ വന്നതിനാൽ, ക്രി. പി. 800–മാണ്ടിനോടടുത്ത പള്ളി വലുതാക്കിപ്പണിയിക്കുകയുണ്ടായി. പള്ളിവീട്ടിലെ ഒരു വൈദികൻ തന്നെയാണ പള്ളി വലുതാക്കിപ്പണിയിച്ചതെന്നതേ പുരാവൃത്തം. അതെങ്ങനെയായാലും പള്ളി വലുതാക്കിയപ്പോഠം പള്ളിവീട്ടുകാർ പനങ്കുഴയ്ക്കലേയ്ക്ക മാറിത്താമസിച്ചു. തിരുവിതാങ്കൂർ മെയിൻ സെൻട്രൽ റോഡും കുറുപ്പന്തറ റോഡും തമ്മിൽ ചേരുന്ന കവലയ്ക്കൽ ആ വീട്ട് ഇന്നും സ്ഥിതി ചെയ്യുന്നുണ്ട്. ക്രി. പി. 1770 നോടടുത്ത പനങ്കുഴയ്ക്കൽനിന്ന് ഒരു ശാഖ നാലന്നചേരിലേയ്ക്കും, മറെറാന്ന വെള്ളായിപ്പുറമ്പിലേയ്ക്കും മാറിത്താമസിച്ചു. വെള്ളായിപ്പുറമ്പിലേയ്ക്കുമാറിയ ഉത്തുപ്പു കാരണവരുടെ അനുജൻ ബ. കുയ്പ്പച്ചനാണ കുറവിലങ്ങാട്ടുപള്ളിയുടെ മുഖവാരം ഇപ്പോഠം കാണുന്ന രീതിയിൽ പണികഴിപ്പിച്ചത്.

ഈ കുയ്പ്പച്ചൻ സമർത്ഥനും പ്രാപ്തനുമായ ഒരു വൈദികവരേണ്യനായിരുന്നു. സുറിയാനിക്രിസ്ത്യാനികഠം അദ്ദേഹത്തെ വളരെ ബഹുമാനിക്കുകയും, വണങ്ങുകയും ചെയ്തിരുന്നു. പാറേമ്മാക്കൽ ഗോവർണ്ണദോർ എഴുതിയ "വർത്തമാനപ്പുസ്തക"ത്തിൽ, അങ്ങ



1913 വൃശ്ചികം 11-ാംനു
കത്താവിൽ നിദ്രപ്രാപിച്ച
പനങ്കുഴക്കൽ കുര്യപ്പച്ചൻ.



മണക്കാട്ട് യാക്കോബ് കത്തനാർ.

മാലിക്കൽ "ക്രൂടിയ യോഗത്തിൽ വയസ്സനും പരിചയവും പഴമ സൂക്ഷ്മമുള്ള ആളും കുറവിലങ്ങാട്ടുപള്ളി എടവകക്കാരൻ പനങ്കുഴക്കൽ കുയ്യ്പ്പു കത്തനാരാകകൊണ്ടു മുമ്പിലത്തെ ഇടത്ത അദ്ദേഹവും പിന്നെ ശേഷമുള്ള കത്തനങ്ങളും മാപ്പിളമാരും അവരവരുടെ ക്രമവും സ്ഥാനവും പൊലെ ഇരുന്നു" (1) എന്നു പ്രസ്താവിച്ചുകാണുന്നുണ്ടു്. ഗോവണ്ണദോരച്ചൻ അദ്ദേഹത്തെ ആദരപൂർവ്വം ബഹുമാനിച്ചിരുന്നു. തന്റെ റോമാസന്ദർശനവേളയിൽ ലോറത്തോയിൽനിന്നു കൊണ്ടുവന്ന ഒരു സപ്പണ്ണത്താക്കോലും വിശുദ്ധ കുരിശിന്റെ ഒരംശവും ചില തിരുശേഷിപ്പുകളും ഗോവണ്ണദോർ കുയ്യ്പ്പച്ചനു സമ്മാനിക്കയുണ്ടായി. വിശുദ്ധ കുരിശിന്റെ ഭാഗം പള്ളിയിലും, സപ്പണ്ണത്താക്കോൽ വെള്ളായിപ്പറമ്പിലും സൂക്ഷിക്കപ്പെട്ടുന്നു. പ്രസവം ക്ലേശകരമാകുന്ന അവസരങ്ങളിൽ, സമീപവാസികൾ, ഗർഭിണികൾക്കു് ആ താക്കോൽ കഴുകി വെള്ളം കൊടുക്കുക പതിവാണു്.

ബ. കുയ്യ്പ്പച്ചൻ പ്രസിദ്ധനായ ഒരു ആയുധാഭ്യാസകുശലനായിരുന്നു. അദ്ദേഹത്തിന്റെ അന്യാദൃശമായ ആയുധാഭ്യാസപാടവത്തെ അഭിനന്ദിച്ചുകൊണ്ടു്, വടക്കുംകൂർ രാജാവു് ഒരു വാളും പരിചയും സമ്മാനിക്കുകയുണ്ടായിട്ടുണ്ടു്. വാൾ തുരുമ്പിച്ചു പോയെങ്കിലും, പുലിത്തോൽകൊണ്ടുള്ള പരിച ഇന്നും വെ

(1) വർത്തമാനപുസ്തകം, പു. 6

ള്ളായിപ്പറമ്പിൽ അഭംഗമായി സൂക്ഷിച്ചുപോരുന്നു. വെള്ളായിപ്പറമ്പു ശാഖയിൽ ഇന്ന് ആറു വീട്ടുകാരും, പനങ്ങഴയ്ക്കൽ ശാഖയിൽ നാലു വീട്ടുകാരുമാണുള്ളതു്. ഈ പത്തു വീട്ടുകാർ മാറി മാറി പനങ്ങഴയ്ക്കൽ വല്യച്ചന്റെ ചാത്തം കഴിച്ചുവരുന്നു. പറമ്പിൽശാഖയിൽ അഞ്ചു വീട്ടുകാരാണുള്ളതു്. ഇവർ ഓരോരുത്തർ, ആണ്ടുതോറും ജനുവരി രണ്ടാം തീയതി, പള്ളിവീട്ടിൽ ചാണ്ടി മെത്രാന്റെ ചാത്തവും കഴിച്ചുവരുന്നു.

---

3. പള്ളിവീട്ടിൽ കുടുംബം.

മാത്തോമ്മാശ്ലീഹാ മാനസാന്തരപ്പെടുത്തിയവരിൽ ചിലരെ ശ്രേഷ്ഠവൈദികസ്ഥാനത്തേയ്ക്കുയർത്തിയെന്നാണല്ലോ പാരമ്പര്യവിശ്വാസം. അവരുടെ കുടുംബങ്ങളിൽ അന്നുമുതൽ അനന്യസ്മൃതമായി വൈദികർ ഉണ്ടായിരിക്കുന്നുവെന്നാണു ചരിത്രകാരന്മാർ പറയുന്നതു്. പ്രസിദ്ധചരിത്രകാരനായ ഫാദർ ബെന്നാഡ് രേഖപ്പെടുത്തുന്നു:—"തോമ്മാശ്ലീഹായിൽനിന്നുരുപ്പെട്ടം സ്വീകരിച്ച ചില കുടുംബങ്ങളിൽ അദ്യാപി അനന്യസ്മൃതമായി വൈദികന്മാർ ഉണ്ടു്. കള്ളി, കാളികാവു്, മാളിക, കടപ്പൂരു്, ഇടപ്പള്ളി മുതലായി പല പ്രധാന ബ്രാഹ്മണകുടുംബങ്ങളും ശ്ലീഹായിൽനിന്നു ജ്ഞാനസ്നാ



പള്ളിവീട്ടിൽ കുടുംബം —1937.

നവും ഗുരുപ്പട്ടവും കൈക്കൊണ്ടിട്ടുള്ളവയാണ്. എന്നാൽ അവയിൽ ചില പേരുകൾ ഗോത്രനാമങ്ങൾ ആകകൊണ്ടും, ചേരമാൻപെരുമാൾ രാജ്യം വിഭജിച്ചുകൊടുത്ത കാലംമുതൽ കേരളത്തിൽ നവനവങ്ങളായി പല രാജസ്ഥാനങ്ങളും ഇടപ്രഭുക്കന്മാരും ഉണ്ടാകുകയും, അവരുടെ ഇടയിൽ കൂടെക്കൂടെ യുദ്ധവിപ്ലവങ്ങൾ സംഭവിക്കുകയും ചെയ്തതോടുകൂടി പല കുടുംബങ്ങൾക്കും നാടു മാറി പാർക്കുവാൻ ഇടയായതുകൊണ്ടും, അവരുടെ പഴയ താവഴിപ്പേർ സർവ്വത്ര മാറിപ്പോയിട്ടുണ്ട്. അതിനാൽ പ്രസ്തുത പല കുടുംബങ്ങളിലും ഉൾപ്പെട്ട അംഗങ്ങൾ ആരെല്ലാമെന്നു നിർണ്ണയിക്കുവാൻ ഇക്കാലത്തു നമുക്കെന്നല്ല, അവർക്കുപോലും പ്രയാസമായിട്ടാണു തീർന്നിരിക്കുന്നതു്." (1) ഇൻഡ്യയുടെ ലേഗാഡപ്പസ്തോലിക്കയായിരുന്ന ഡോക്ടർ അയ്യത്തിതിരുമനസ്സിലേയ്ക്ക് 1889-ൽ ലവീഞ്ഞുമെത്രാനച്ചൻ സമർപ്പിച്ച മംഗളപത്രത്തിലും ഈ സംഗതി സൂചിപ്പിച്ചിട്ടുണ്ട്. "പല ന്യായങ്ങളാലേ സ്തുതിക്കപാത്രമായ പട്ടക്കാർ ഇവിടെ ഉണ്ടായിരിക്കുന്നു. എന്തെന്നാൽ ഇവരിൽ ചിലർ തോമ്മാശ്ലീഹായുടെ പട്ടക്കാരെന്നു പേരാലെ സ്തുതിക്കപ്പെടുന്നു. എന്തുകൊണ്ടെന്നാൽ എല്ലായ്പോഴുമുള്ള പാരമ്പര്യം പഠിപ്പിക്കുംവണ്ണം ചില കുടുംബങ്ങളിൽ അന്നുമുതൽ ഗുരുപ്പട്ടം വിടാതെകണ്ടു നിലനിന്നിരിക്കുന്നു." (2).

---

(1) മാത്തൻമ്മാ ക്രിസ്ത്യാനികൾ, I. പുറങ്ങൾ 17-18.

(2) Nazrani Deepika, April 1, 1889; quoted in Ibid, P. 131.

ക്രി. പി. 1601 കക്കടകത്തിൽ വിരചിതമായതും, മുൻപു സൂചിപ്പിച്ചിട്ടുള്ളതുമായ ഒരു പ്രാചീനഗാനത്തിൽ ഇങ്ങനെ കാണുന്നു:—

"തന്നോടെപ്പോഴും പിരിയാത്തൊ-
രൊന്നാം ശിഷ്യൻ കേപ്പായെ
തന്നുടെയങ്കി ധരിപ്പിച്ചിട്ട-
ങ്ങയാളുടെ തലമേൽ കയ്യുംവെച്ചു
തന്നുടെ വിശ്വാസികളുടെ ഭരണം
ആയാളെ താനേല്പിച്ചതിനാൽ
തന്നേപ്പോലവർ കൈക്കൊൾവാനും
വിരവോടെ താൻ കല്പിച്ചു
മറുള്ളോരുടെ നാമത്തേക്കാൾ
മാത്തോമ്മായുടെ നാമത്തെ
മുറുകും സ്നേഹവണക്കത്തോടെ-
ആശിച്ചേറെറാരാചാര്യൻ
മാളിയേക്കൽ തോമ്മാ നാമത്തി-
ന്നെന്നാളത്തെ നിലനിൽപ്പും
എളുതായാളുടെ പിതൃവഴിതോറും
പട്ടക്കാരുടെ പിൻതുടർപ്പും
മറുമം പലപല ചെമ്മോത്തുകളും
അയാൾമേൽ വരമായ് കല്പിച്ചു." (1)

ഇതിൽനിന്നു മാളിയേക്കൽ തോമ്മാറമ്പാന്റെ പിതൃവഴിക്ക് അനന്യസ്മൃതമായി പട്ടക്കാർ ഉണ്ടായിരിക്കുമെ

(1) മാത്തോമ്മാ ക്രിസ്ത്യാനികൾ, I. പുറം 70-71.



പരേതനായ വെള്ളായിപ്പ്രമ്പിൽ
വക്കി കത്തനാർ.

ന്ന മാത്തോമ്മാ അനുഗ്രഹിച്ചതായിട്ടാണല്ലോ വിശ്വ
മോകുന്നതു്. എന്നുമാത്രമല്ല, പ്രസ്തുതതോമ്മാറമ്പാ
ന്റെ കുടുംബത്തിൽ 48-ാം തലമുറക്കാരനായ ഒരു തോ
മ്മാവൈദികനാണു്, 1601-ൽ, പ്രസ്തുതഗാനം രചി
ച്ചതെന്നും അതിൽ പറഞ്ഞിട്ടുണ്ടു്.

മുകളിൽ ഉദ്ധരിച്ച ലക്ഷ്യങ്ങളിൽ നിന്നു്, കള്ളി
(പള്ളി)ക്കുടുംബത്തിലും അദ്ധ്യാപി അനുസ്യൂതമായി
വൈദികന്മാർ ഉണ്ടായിരുന്നുവെന്നാണല്ലോ അനുമാ
നിക്കേണ്ടതു്. പ്രാചീനകാലങ്ങളിലെ ചരിത്രത്തെ
സംബന്ധിച്ചിടത്തോളം നാം ഇന്നും അന്ധകാരത്തി
ലാണു് ഉഴലുന്നതു്. എന്നാൽ ഈ അടുത്തകാലത്തെ
ചരിത്രത്തിന്റെ സ്ഥിതി അങ്ങനെയല്ല. പുണ്യശ്ലോ
കനായ പനങ്കുഴയ്ക്കൽ വല്യച്ചന്റെ കാലശേഷം, പ
ള്ളിവീട്ടിൽ കുടുംബത്തിലെ 50-ാമത്തെ വൈദികനാ
ണു വെള്ളായിപ്പറമ്പിൽ ബ. ഉതുപ്പച്ചൻ. കൊല്ലവ
ർഷം 1071-ൽ നിര്യാതനായ പനങ്കുഴയ്ക്കൽ ബ. മാത്ത
ച്ചനും മറ്റും പ്രസിദ്ധന്മാരും ജനസമ്മതിയുള്ള നേതാ
ക്കന്മാരുമായിരുന്നല്ലോ. പല കൊല്ലങ്ങളിലായി ഒരേ
തീയതിയിൽ (ഒക്ടോബർ 15-ാംനു) അഞ്ചു വൈദികർ
മരിച്ചതിന്റെ ഓമ്മയ്ക്കായി, പനങ്കുഴയ്ക്കൽകുടുംബ
ക്കാർ, കുടുംബയോഗയുടമ്പടി അനുസരിച്ചു്, 5
കുർബാന സമർപ്പിക്കുകയും, ദിവ്യജനനിയുടെ സ്വർഗ്ഗാ
രോഹണത്തിരുനാളിന്റെ നവനാളുകളിൽ പ്രധാന
ബലിപീഠത്തിലേയ്ക്കു തിരികളും, ഭരിദ്രക്കു (പള്ളി

യിൽവെച്ചു) കഞ്ഞിയും നല്കുകയും ചെയ്യുവരുന്നുണ്ട്. പള്ളിവീട്ടിൽ തുടച്ചയായി പുരോഹിതന്മാരുണ്ടായിരുന്നുവെന്നുള്ളതിന് ഇവയൊക്കെ തെളിവുകളല്ലയോ?

പള്ളിവീട്ടിൽ കുടുംബത്തിലേയ്ക്കു ശ്രേഷ്ഠവൈദികസ്ഥാനമുണ്ടായിരുന്ന പാറേമ്മാക്കൽ ഗോവർണ്ണദോരുടെ "വർത്തമാനപ്പുസ്തക"ത്തിൽ ഈ പ്രസ്താവത്തെ സാധൂകരിക്കുന്ന പല ലക്ഷ്യങ്ങളുമുണ്ട്. അതിൽനിന്ന് ഒരുഭാഗം ഇവിടെ ഉദ്ധരിക്കാം:—"പഴെകാലങ്ങളിൽ മാർ പ്രഞ്ചിസ്കോസ ഗർസ്യാ എന്ന കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താ മലങ്കരെ വാഴ്ന്ന നാളുകളിൽ ഒരു സൂറിയാനിക്കാരൻ മെത്രാനെ പൌലീസ്താക്കാരുടെ വിചാരത്താൽ പറങ്കിമാർ കടലിൽ കെട്ടിതാഴ്ത്തി എന്ന കെംക്കൊണ്ടു മലങ്കരെയുള്ള നസ്രാണികളം എല്ലാവരും മട്ടാഞ്ചെരിൽക്രൂടി പൌലീസ്താക്കാരെ കണ്ടനുസരിച്ചു അവരുടെ കീഴം ഇരിക്കയില്ലെന്ന സത്യം ചെയ്തു ഉറപ്പിച്ചതിന്റെ ശെഷം എല്ലാവരും ആലങ്ങാട്ടക്രൂടി മാപ്പ്പ്പാടെ നാമത്താൽ ഒപ്പിട്ടു കണ്ട ഒരു കള്ളസാധനത്തിന്റെ ശക്തിയാൽ പന്ത്രണ്ടു പട്ടക്കാരുക്രൂടി അന്ന മലങ്കര ഇടവകയുടെ അക്കാദെയാക്കൊനായിരുന്ന കുറവലങ്ങാട്ട പള്ളി ഇടവകക്കാരൻ പള്ളിവീട്ടിൽ തൊമ്മാകത്തനാരെ മലങ്കര ഇടവകയുടെ മെത്രാനായി തിരഞ്ഞെടുത്ത വാഴിച്ചയും തികച്ചതിന്റെ ശെഷം കുറെനാൾ ഇങ്ങനെ പട്ടാങ്ങ

യായ വാഴ്ചയില്ലാത്ത മെത്രാന്റെ കീഴ് പള്ളി ഒക്കെയും ഇരുന്നതിന്റെ ശെഷം കമ്മലീത്താക്കാരൻ ഹീറാപ്പൊലിസെന്ന നാട്ടിന്റെ മെത്രാൻ മലങ്കരെവന്നു നസ്രാണികളുടെ ഇടത്തുണ്ടായ ഈ പവുതി തീക്കണമെന്നിട്ട റൊമ്മായിൽ നിന്നും തനിക്കുണ്ടായിരുന്ന മുഷ്ടരത്വത്തിന്ന തക്കവണ്ണം, പന്തിരണ്ടു പട്ടക്കാറരുക്കുടി വാഴിച്ച മാർതൊമ്മാ അക്കാദയാക്കൊനെതന്നെ പട്ടാങ്ങയായി വാഴിച്ച മലങ്കാക്ക വികാരി അപ്പസ്തൊലിക്കാ ആയിട്ട കല്പിക്കണമെന്ന നിശ്ചയിച്ച അയാളെ വിളിപ്പിച്ചാറെ വരുവാൻ മനസ്സില്ലായ്കകൊണ്ടു കുറവലങ്ങാട്ട ഇടവകയിൽനിന്നതന്നെയുള്ള പനങ്ങുഴക്കൽ ചാണ്ടിക്കത്തനാരെ മെത്രാനായിട്ട വാഴിച്ച മലങ്കരെ ഇടവക അത്തെഹത്തിന്ന കയ്യാളിച്ചതിന്റെ ശെഷം അത്തെഹത്തിന്റെ പ്രയത്നവും ശ്രമവും കൊണ്ടു പവുതിപ്പെട്ടതിൽ പല പള്ളിക്കാറരും തങ്ങൾക്കുണ്ടായ അയച്ചു അറിഞ്ഞ വലത്തുട്ടിൽ തിരിഞ്ഞുവെങ്കിലും ആയതിൽ പല പള്ളിക്കാറരും മുൻപിൽ തങ്ങൾ പിടിച്ച പ്രതിജ്ഞയിൽതന്നെനിന്നു പന്തിരണ്ടു പട്ടക്കാറരുക്കുടി വാഴിച്ച അക്കാദയാക്കൊന്റെ കീഴ് തന്നെ തങ്ങളുടെ മെത്രാനായിട്ടനിന്ന അനുസരിച്ചുവരികകൊണ്ടു അന്നതൊട്ട ഇന്നയൊളും ആ സ്ഥാനം മലങ്കരെ കാത്തുവരികയും ചെയ്തു.

"എന്നാൽ നമ്മുടെ ഈ കാലങ്ങളിൽ കുറവിലങ്ങാട്ട ബഹുമാനപ്പെട്ട തറവാടാകുന്ന പള്ളിവീട്ടിൽ

പിറന്ന പട്ടത്തവും ഇരിപ്പുമുള്ള അയിപ്പുകത്തനാരു ഈ സ്ഥാനത്തിൽ കരെറിയതിന്റെശെഷം തന്റെറ കാരണവന്മാക്കും തനിക്കുമുണ്ടായിരുന്ന പട്ടാങ്ങയായ കൈവൈപ്പിന്റെറ കുറ്റത്തിൽ അറിഞ്ഞു തന്റെറ കാരണവരായിരുന്ന കഴിഞ്ഞമാർ തൊമ്മാ മെത്രാനും അസ്സ്യായിൽനിന്ന വന്ന മെത്രാന്മാരും തങ്ങളിൽ ഉണ്ടായിരുന്ന അയർപ്പു പറഞ്ഞൊഴിഞ്ഞു താൻ അവരിൽനിന്ന പട്ടാങ്ങയായ കൈവൈപ്പു കൈക്കൊള്ളുകയും ചെയ്തു. ഇതിന്റെറ ശെഷം താൻ അറിവുള്ള ആളാകകൊണ്ടും ലൊകബഹുമാനത്തെക്കായിലും പട്ടാങ്ങയായ വഴിയും തന്റെറ ആത്മാവിന്റെറ രക്ഷയും അന്വെഷിക്കുന്നതിനാൽ ശുദ്ധമാന മാതാവായ പള്ളിയുടെ തലവൻ റൊമ്മായിൽ മാപ്പ്പ്പാ ആകുന്നൊന്നും രക്ഷപെട്ടവാൻ മനസൊള്ളവനൊക്കയും ഈ വിശ്വാസത്തിൽ കൂടിയെ മതിയാവു എന്നും അറിഞ്ഞതിനാംപക്കം താൻ പലയൂഴവും ആയതിനു ശ്രമിക്കയും.....ഈ സംഗതിയിൽ കരിയാട്ടിൽമല്പാനോടു ശ്രമിച്ചാൽ തന്റെറ അപെക്ഷ സാധിച്ചുകൊള്ളാമെന്നുംവച്ചു....ആളയക്കയും ചെയ്തു." (1) ഇദ്ദേഹത്തിന്റെറ കത്തോലിക്കസഭാപ്രവേശനം സുസാദ്ധ്യമാകുന്നതിനുവേണ്ടിയാണല്ലൊ കരിയാറ്റിൽ മല്പാനും ഗോവർണ്ണദോരും റോമായിക്കു പോയതുതന്നെ. ഗോവർണ്ണദോർ പറയുന്നതു് ഒന്നാം മാത്തൊമ്മായും, ആറാം മാത്തൊമ്മായും പള്ളിവി

(1) വർത്തമാനപ്പുസ്തകം. PP. 48-50.



ഒവ ാപ്പിപ്പറമ്പിൽ ബ. ഉലുപ്പ കത്തനാർ.

ട്ടിൽ കുടുംബാംഗങ്ങളാണെന്നും, ചാണ്ടിമെത്രാൻ പനങ്കുഴയ്ക്കൽ കുടുംബജാതനാണെന്നുമാണല്ലോ. ഇതിൽ നിന്നു പള്ളിവീട്ടിൽ അക്കുദിയാക്കോന്മാരുണ്ടായിരുന്നെന്നും, സുപ്രസിദ്ധനായ അലക്സാണ്ടർമെത്രാൻ പള്ളിവീട്ടിൽ കുടുംബത്തിലെ അംഗമായിരുന്നെന്നും വ്യക്തമാകുന്നു.

'ശങ്കരപുരി, പകലോമറ്റം, കള്ളി, കാളികാവു എന്നീ നാലു് ഇല്ലങ്ങളിൽപ്പെട്ടവരിൽ ആദ്യത്തേതിനുണ്ടു് ഇല്ലങ്ങളിൽപ്പെട്ടവക്കു തോമ്മാശ്ലീഹാ പട്ടം കൊടുത്തിട്ടുള്ള എന്നും, ശ്രേഷ്ഠവൈദികസ്ഥാനക്കാരായ അക്കുദിയാക്കോന്മാരെല്ലാം പകലോമറ്റം ഇല്ലത്തിൽ പെട്ടവരായിരുന്നുവെന്നുള്ളതു നിസ്തർക്കമാണെന്നും, പകലോമറ്റം ഇല്ലക്കാർ പള്ളിക്കു് ഏറ്റവും അടുത്തു താമസിച്ചതുകൊണ്ടു് അവക്കാണു പള്ളിവീടെന്ന പേരുണ്ടായതെന്നും, എന്നാൽ കള്ളിയാണു പള്ളിയായതെന്നു് ഇപ്പോഴത്തെ പള്ളിവീട്ടുകാർ വിശ്വസിക്കുന്നപക്ഷം അക്കുദിയാക്കോന്മാരും യാക്കോബായമെത്രാന്മാരും ഉണ്ടായതു് ആ കുടുംബത്തിലല്ലെന്നും, ആറാം മാത്തോമ്മാ പള്ളിവീട്ടിലേതാണെന്നു ഗോവണ്ണഭോരച്ചൻ പറയുവാൻ കാരണം പള്ളിവീടു പകലോമറ്റത്തിന്റെ ശാഖയാണെന്നു് അദ്ദേഹം വിശ്വസിച്ചതുകൊണ്ടായിരിക്കണമെന്നും'(1)വിശ്വസിച്ചുപോരുന്ന ചിലർ ഉണ്ടെന്നുള്ളതിനെ ഞാൻ വിസ്മരി

(1) Nazrani Deepika, dated 11th Feb., 1937.

ക്കുന്നില്ല. പക്ഷേ ഈ പ്രസ്താവങ്ങൾക്ക് ഊഹമല്ലാതെ തെളിവുകളില്ല.

മാത്തോമ്മാശ്ലീഹാ രണ്ടില്ലങ്ങളിൽനിന്നു മാത്രമല്ല, വൈദികരെ അഭിഷേചിച്ചിട്ടുള്ളതെന്നു ഞാൻ മുകളിൽ തെളിയിച്ചിട്ടുണ്ട്. അതിനാൽ വിപക്ഷികളുടെ ഒന്നാംവാദത്തിന് ഇനി നിൽക്കക്കള്ളിയില്ല. അക്കദിയാക്കോന്മാരെല്ലാം പകലോമറ്റം കുടുംബജരാണെന്നുള്ളതാണല്ലോ രണ്ടാംവാദം. മെനേസിസ്സ് മെത്രാപ്പോലീത്തായുടെ കാലത്തെ ഗീവറുഗീസ് അക്കദിയാക്കോൻ പകലോമറ്റം ഇല്ലക്കാരനായിരുന്നുവെന്നു തെളിഞ്ഞാൽ, അതുകൊണ്ടുമാത്രം അക്കലിയാക്കോന്മാരെല്ലാം പകലോമറ്റം ഇല്ലക്കാരായിരിക്കണമെന്നുണ്ടോ? ക്രി. പി. 345 മുതൽ 1653 വരെ ഉണ്ടായിട്ടുള്ള അക്കദിയാക്കോന്മാരുടെ പേരും കുടുംബപ്പേരും ചരിത്രപണ്ഡിതന്മാർ എടുത്തുകാണിക്കുകയും, അവരെല്ലാവരും പകലോമറ്റംകാരാണെന്നു തെളിയിക്കുകയും ചെയ്താൽ, പകലോമറ്റം കുടുംബത്തിൽ മാത്രമേ ശ്ലൈഹികസ്ഥാനമുണ്ടായിരുന്നുള്ളുവെന്നു സമ്മതിക്കാം. ഒന്നാം മാത്തോമ്മായായ തോമ്മാ അക്കദിയാക്കോൻ പള്ളിവീട്ടിൽ കുടുംബാംഗമായിരുന്നുവെന്നു ഗോവണ്ണദോരച്ചൻ തെളിച്ചുപറയുന്നുണ്ടെന്നുള്ളതും ഈ അവസരത്തിൽ വിസ്മരിക്കരുതു്.

പകലോമറ്റം ഇല്ലക്കാർ കുറവിലങ്ങാട്ടു പള്ളിയിൽനിന്നു് ഒന്നരമൈൽ അകലെയാണു താമസിച്ചി


രുന്നതെന്നും, കള്ളിവീടാണ പള്ളിവീടായിത്തീർന്നതെന്നും ഞാൻ മുകളിൽ തെളിയിച്ചിട്ടുണ്ടല്ലോ. എന്നു മാത്രമല്ല, പള്ളിവീട്ടുകാർ, പള്ളിവീട്ട പകലോമറ്റം ശാഖയാണെന്ന സമ്മതിക്കുന്നുമില്ല. അവർ ഇന്നും പള്ളിവീട്ടുകാരെന്നല്ലാതെ, പകലോമറ്റംകാരെന്ന പറയുകയോ ആധാരങ്ങളിൽ എഴുതുകയോ ചെയ്യുന്നില്ല. ഈ സ്ഥിതിക്ക പള്ളിവീട്ടുകാരെ പകലോമറ്റത്തിലേയ്ക്ക ലയിപ്പിക്കേണ്ട ആവശ്യമെന്തു? "കള്ളിയാണ പള്ളിവീടായതെന്ന് ഇപ്പോഴത്തെ പള്ളിവീട്ടുകാർ വിശ്വസിക്കുന്നപക്ഷം, അക്കിടിയാക്കോന്മാർ ഉണ്ടായതു് ആ കുടുംബത്തിലല്ലാ" (1) യെന്ന ചിലർ പറയുന്നു. 'പകലോമറ്റം കുടുംബത്തിൽ മാത്രമല്ലാ അക്കിടിയാക്കോന്മാരുണ്ടായിരുന്നതെന്ന ചരിത്രവസ്തുത പരസ്യമായാൽ, ചരിത്രത്തിന്റെ അടിസ്ഥാനംതന്നെ തെറ്റിപ്പോയേക്കു' (2)മെന്നുള്ള ആശങ്കയായിരിക്കാം ഈ ഉദ്ഭിമാനത്തിനു കാരണം.

ആറാം മാത്തോമ്മാ പള്ളിവീട്ടിലേതാണെന്ന ഗോവണ്ണദോരച്ചൻ പറയുവാൻ കാരണം പള്ളിവീട്ട പകലോമറ്റത്തിന്റെ ശാഖയായിരിക്കണമെന്ന് അദ്ദേഹം വിശ്വസിച്ചതുകൊണ്ടായിരിക്കണമെന്നുള്ള വാദം ഏറ്റവും ഉർബലമാണ്. ഒന്നാമതു പള്ളിവീട്ടുകാർ, ഒരിക്കലെങ്കിലും പകലോമറ്റം എന്ന തറവാ


(1) Ibid.

(2) Nazrani Deepika, dated 1st May, 1937.

ട്ടുപേർ ഉപയോഗിച്ചുകാണുന്നില്ല; ഇന്നും പള്ളിവീ
ട്ട് എന്ന് എല്ലാ ശാഖക്കാരും ഉപയോഗിക്കുന്നുണ്ടുതാ
നും!! അവർ പകലോമറവംകാരായിരുന്നെങ്കിൽ "ശ്രേ
ഷ്ഠവൈദികസ്ഥാനമുണ്ടായിരുന്ന" ആ പ്രസിദ്ധകുടും
ബപ്പേർ പരിത്യജിച്ചു പള്ളിവീട്ടുകൊണ്ടു തൃപ്തിപ്പെ
ടുമായിരുന്നില്ല. ഗോവണ്ണരോർ പള്ളിവീടെന്നും പ
നങ്കുഴയ്ക്കലെന്നും ഉപയോഗിക്കുന്നുണ്ടെങ്കിലും, പകലോ
മറവം എന്ന് ഒരിടത്തും പ്രസ്താവിച്ചുകാണുന്നില്ല. താ
നുൾപ്പെട്ട സുറിയാനിസമുദായത്തിന്റെ അഭിമാന
ത്തേയും പാരമ്പര്യത്തേയും യഥാതഥം നിലനിർത്തുന്ന
തിനുവേണ്ടി ദുർവ്വഹമായ ഒരു യൂറോപ്പുയാത്രകഴിച്ചു—
എന്നല്ല, തന്റെ ജീവനെത്തന്നെ സമർപ്പിച്ചു—കടനാ
ട്ടുകാരനായ ഗോവണ്ണരോക്കു കുറവിലങ്ങാട്ടേ പുരാവൃ
ത്തങ്ങളും അജ്ഞാതമായിരുന്നുവെന്ന് അഭ്യൂഹിക്കുന്ന
തു് അല്പം സാഹസമായിരിക്കും. ആറാം മാർത്തോമ്മാ
യ്ക്കോ ചാണ്ടിമെത്രാനോ പകലോമറവം കുടുംബവുമാ
യി വല്ല നേരിയ ബന്ധമെങ്കിലും ഉണ്ടായിരുന്നുവെ
ങ്കിൽ,—പള്ളിവീടു പകലോമറവം ആണെന്നു പറയ
ത്തക്ക വല്ല തെളിവോ പുരാവൃത്തമോ ഉണ്ടായിരുന്നെ
ങ്കിൽ,—സമുദായാഭിമാനത്തിൽ നമ്മേക്കാളൊക്കെ മു
ന്നണിയിൽ നിന്നിരുന്ന ആ മഹാനുഭാവൻ അതു്
ഉച്ചൈസ്വരം വിളിച്ചുപറയുമായിരുന്നുവെന്നുള്ളതു നി
സ്സന്ദേഹമാണു്.



ചാണ്ടിമെത്രാന്റെ കുഴിമാടം.



പള്ളിവീട്ടിൽ ചാണ്ടിമെത്രാൻ.

4. ചാണ്ടിമെത്രാൻ.

ചാണ്ടിമെത്രാൻ പനങ്കുഴയ്ക്കൽ കുടുംബാംഗമാണെന്നാണല്ലോ ഗോവർണ്ണദോരച്ചൻ പ്രസ്താവിച്ചിരിക്കുന്നതു്. എന്നാൽ അദ്ദേഹം പകലോമറ്റം കുടുംബക്കാരനാണെന്നു വാദിക്കുന്നവരുമില്ലാതില്ല. അതിനാൽ അതേപ്പറ്റിയുംകൂടെ ഒരുവാക്കു പറയേണ്ടിയിരിക്കുന്നു.

ചാണ്ടിമെത്രാനെപ്പറ്റിയുള്ള ചില പാശ്ചാത്യ ചരിത്രകാരന്മാരുടെ പ്രസ്താവങ്ങളിൽ നിന്നാണു് ഈ പ്രമാദം ഉത്ഭവിച്ചതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ചില പാശ്ചാത്യചരിത്രകാരന്മാർ അദ്ദേഹത്തെ "അലക്സാണ്ടർ ദെ കാമ്പോ" (1) എന്നാണു നാമകരണം ചെയ്തിരിക്കുന്നതു്. ഈ "ദെ കാമ്പോ"യെ അവലംബിച്ചു പ്രസിദ്ധനായ ബ. ബർണ്ണാർദ്ദവ്വൻപോലും പറയുന്നതിങ്ങനെയാണു്:— "പള്ളിവീട്ടിൽ അലക്സാണ്ടർമെത്രാനെ 'പറമ്പിൽ' അലക്സാണ്ടർമെത്രാനെന്നു ചില ഗ്രന്ഥകാരന്മാർ നാമകരണം ചെയ്യുകാണുന്നുണ്ടു്. അതു പിശകുതന്നെ. അദ്ദേഹത്തിന്റെ വീട്ടുപേർ 'പള്ളിവീടെ'ന്നും, തറവാട്ടുപേർ 'പകലോമറ്റ'മെന്നുമാണു്. 'പകലോമറ്റ'മെന്നതിനു പോർട്ടുഗീസുകാർ തുടങ്ങിയുള്ള യൂറോപ്യന്മാരായ ചരിത്രകൃത്തുകൾ 'ദെ കാമ്പോ' (De campo) എന്നു

(1) Alexander de Campo.

ത്ഥം കല്പിച്ചുവെന്നേയുള്ളൂ. Campus എന്ന ലത്തീൻ ഭാഷാപദത്തിനു മറ്റൊരു, പറമ്പു്, എന്നിങ്ങനെയാണു് അർത്ഥം. 'പറമ്പു്' എന്ന വിവക്ഷയിൽ ആ പദം സ്വീകരിച്ചുകൊണ്ടു 'പറമ്പിൽ' അലക്സാണ്ഡർ മെത്രാൻ എന്ന ചിലർ എഴുതിപ്പിടിപ്പിച്ചതിൽനിന്നാണു് ഈ പിശകു് ഉത്ഭവിച്ചിട്ടുള്ളതു്." (1) "നാട്ടിലെ ബ്രഹ്മതത്വമുള്ള ഒരില്ലപ്പേരു (പകലോൻമറ്റം) ശീമഭാഷയിൽ വിവർത്തനം ചെയ്യപ്പെട്ടു്, പാശ്ചാത്യപ്രബന്ധങ്ങളിൽ പര്യടനം കഴിച്ചു്, മലയാളത്തിൽ മടങ്ങിയെത്തിയപ്പോൾ, അതിന്റെ മഹനീയമായ ആദ്യനാമം നഷ്ടപ്പെട്ടു വെറും പറമ്പായിത്തീർന്നു"വെന്നും, "മാർ മർസ്ലീനോസിന്റെ തത്ത്വമയ്യശേഷമാണു പറമ്പിൽ ചാണ്ടിമെത്രാൻ എന്ന പേരു് അറിയപ്പെട്ടുതുടങ്ങിയതു്; അതിനു മുൻപു പറമ്പിൽ ചാണ്ടിമെത്രാൻ എന്നു് അറിയപ്പെട്ടിരുന്നില്ലാ"യെന്നും (2) വന്ദ്യവൈദികവരേണ്യനായ ഫാദർ ജോസഫ് പീടിയേക്കൽ അവർകളും പ്രസ്താവിക്കുന്നു.

ചാണ്ടിമെത്രാൻ പള്ളിവീട്ടിൽ കുടുംബജനാണെന്നുള്ള ഫാദർ ബഞ്ചാർഡ് അവർകളുടെ സമ്മതത്തിൽനിന്നുതന്നെ അദ്ദേഹം പകലോമറ്റം കുടുംബജനമല്ലെന്നു വ്യക്തമാകുന്നതാണു്. എങ്കിലും, ഈ "ടെകാമ്പോ"വാദം കൂടി ഒന്നു പരിശോധിച്ചുനോക്കാം.

---

(1) മാത്തൂമ്മാക്രിസ്ത്യാനികൾ II, P. 118.

(2) Nazrani Deepika, dated May 1, 1937.

ചാണ്ടിമെത്രാൻ പകലോമറ്റം കുടുംബജൻ; പകലോമറ്റത്തെ പാശ്ചാത്യർ ദെ കാമ്പോ എന്നാക്കി; ദെ കാമ്പോയെ മലയാളത്തിൽ പറമ്പ് എന്ന തർജ്ജമ ചെയ്തു; അല്ലാതെ ചാണ്ടിമെത്രാൻ പറമ്പിൽകുടുംബജനല്ല; ഇതാണല്ലോ അവരുടെ വാദത്തിന്റെ ചുരുക്കം. പക്ഷെ, ദെ കാമ്പോയെ മർസ്ലീനോസ് പറമ്പ് എന്ന തർജ്ജമ ചെയ്തതല്ലാ, പറമ്പിനെ പാശ്ചാത്യർ ദെ കാമ്പോ എന്ന തർജ്ജമ ചെയ്തതാണ് എന്നതത്രേ വാസ്തവം. 1794-ൽ റോമ്മായിൽ പ്രസിദ്ധപ്പെട്ടുത്തിയ "ഇന്ത്യാ ഓറിയന്താലിസ് ക്രിസ്ത്യാനാ" എന്ന ഗ്രന്ഥത്തിൽ, തൽകത്താവായ പൗലീനോസ് പാതിരി, ദെ കാമ്പോ പദം പ്രയോഗിച്ചിരിക്കുന്നതു് ഇങ്ങനെയാണു്:—"ദെ കാമ്പോ അഥവാ പറമ്പിൽ തുമി എന്ന കുറവിലങ്ങാട്ട് ഇടവകക്കാരനായ ഒരു പട്ടക്കാരന്റെമേൽ അവർ കയ്യും മെത്രാൻതൊപ്പിയും വെച്ചു." "1663 ജനുവരി 31-ൽ കുറവിലങ്ങാട്ടുകാരനായ ദെ കാമ്പോ അലക്സാണ്ടർ അഥവാ പറമ്പിൽ ചാണ്ടി (മെത്രാനായി) അവരോധിക്കപ്പെട്ടു". (1)

---

(1) "...Cuidam sacerdoti പറമ്പിൽ തുമി Parambil Tumi seu Thomae de campo ex parochia Corolongatta oriundo manus mitramque episcopalem imposueunt'. "Anno 1663 die 31 Januarii creatus പറമ്പിൽ ചാണ്ടി Parambil Ciandi seu Alexander de Campo oriundus ex Corolongatta..." [India Orientalis Christiana PP. 73 & 77., quoted in Nazrani Deepika, August 14, 1937]

ലത്തീൻഭാഷയിലുള്ള പ്രസ്തുതഗ്രന്ഥത്തിൽ പറമ്പിൽ തുമി, പറമ്പിൽചാണ്ടി, എന്നീ പദങ്ങൾ ലത്തീൻലിപികളിലും മലയാളലിപികളിലും മുദ്രണംചെയ്തിട്ടുണ്ട്.

ഇതിൽനിന്നു മാർ മർസ്ലീനോസിനു് എഴുപത്തെട്ടുകൊല്ലം മുൻപുതന്നെ ദെ കാമ്പോ പറമ്പാണെന്നു പാശ്ചാത്യർ വിശ്വസിച്ചിരുന്നതായി തെളിയുന്നു; അല്ല, നാട്ടിൽ നടപ്പുണ്ടായിരുന്ന പേർ പറമ്പിൽ എന്നായിരുന്നെന്നു സുവിദിതമാകുന്നു. അല്ലാത്തപക്ഷം, കുടുംബനാമം മലയാളലിപികളിൽ ചേർക്കുന്നതിനു നിഷ്കൃഷ്ട കാണിച്ച പൗലീനോസു്, യഥാർത്ഥമായ നാമംതന്നെ ചേർക്കുകയില്ലായിരുന്നോ? ഇതിൽനിന്നു ദെ കാമ്പോയെ പറമ്പു് എന്നല്ല, പറമ്പിനെ ദെ കാമ്പോയെന്നാണു്, തർജ്ജമചെയ്യുകയുണ്ടായതെന്നു സിദ്ധിക്കുന്നു. 1674-മാച്ചു് മൂന്നാംതീയതി ചാത്യാത്തു് ഒരു പള്ളി പണിയുവാൻ അനുവദിച്ചുകൊണ്ടു ചാണ്ടിമെത്രാൻ നൽകിയ കല്പനയിൽ ഒരു പറമ്പിൽ ഗീവറുഗീസുകത്തനാർ ഒപ്പിട്ടിട്ടുണ്ടു്. (1) ഇതിൽനിന്നു ചാണ്ടിമെത്രാന്റെ കാലത്തു പറമ്പിൽ എന്നൊരു കുടുംബം ഉണ്ടായിരുന്നുവെന്നു വ്യക്തമാണല്ലോ. പിന്നെ പറമ്പിൽ ചെന്നെത്താൻ ദെ കാമ്പോയെ തർജ്ജമ ചെയ്യേണ്ടതായ ആവശ്യം ആർക്കാണുള്ളതു്? പറമ്പു പള്ളിക്കുടുംബത്തിന്റെ ശാഖയാണെന്നു മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

(1) മാത്തൻമാക്രിസ്ത്യാനികൾ, II., P. 124

പുരുക്കത്തിൽ, ദെ കാമ്പോ എന്ന പദം പറമ്പിൽ എന്നതിനു പകരമായിട്ടാണു പാശ്ചാത്യർ ഉപയോഗിച്ചിരിക്കുന്നതു്. ചില ഗ്രന്ഥകാരന്മാർ ദെ കാമ്പോയെ പകലോമറ്റം എന്നു തർജ്ജമ ചെയ്തിരിക്കുന്നതു പറമ്പിൽ എന്നൊരു കുടുംബം കുറവിലങ്ങാട്ടു് ഉണ്ടായിരുന്ന വസ്തുത അറിവില്ലാതിരുന്നതുകൊണ്ടോ, പ്രസിദ്ധനായ ചാണ്ടിമെത്രാൻ പകലോമറ്റം കുടുംബജനമല്ലെന്നു പറയുവാനുള്ള വൈമുഖ്യം കൊണ്ടോ ആയിരുന്നിരിക്കണം. അതെങ്ങനെയായാലും പള്ളിവീട്ടിൽ നിന്നു പറമ്പിലേയ്ക്കു മാറിത്താമസിച്ച ശാഖയിലാണു ചാണ്ടിമെത്രാൻ ജനിച്ചതു്. ആ ശാഖക്കാരാണു ചാണ്ടിമെത്രാന്റെ ചാത്തം ഇന്നും കഴിക്കുന്നതു്. മെത്രാന്റെ "നടയോഹരി" മൂതലായവ ഇന്നും പള്ളിവീട്ടിൽ പുത്തൻപുരയ്ക്കൽക്കാരാണു വാങ്ങിച്ചുവരുന്നതു്. സാധാരണ പള്ളികളിൽ നിന്നു വൈദികർക്കു കൊടുക്കുന്ന ഓഹരി അവരുടെ മരണശേഷം കൊടുക്കാറില്ല. എന്നാൽ മെത്രാന്റെ നടയോഹരി പള്ളിയിൽനിന്നും ഇന്നും കൊടുത്തുവരുന്നുണ്ടു്. അതു വാങ്ങിവരുന്നതോ പള്ളിവീട്ടിൽ ശാഖക്കാരായ പുത്തൻപുരയ്ക്കൽക്കാർ! പകലോമറ്റം കുടുംബക്കാർക്കു് ഈ സംഗതി അജ്ഞാതമാണോ? അതോ, പള്ളിക്കു പുത്തൻപുരയ്ക്കൽകാരോടു് എന്തെങ്കിലും പ്രത്യേകതയുള്ളതുകൊണ്ടാണോ മെത്രാന്റെ നാമത്തിൽ നടയോഹരി അവർക്കു കൊടുത്തുവരുന്നതു്?

ഇതുമാത്രമോ? മെത്രാന്റെ ശ്രാദ്ധദിവസം അ

ണ്ടുതോറും രണ്ടു റാസവീതം ചൊല്ലുന്നതിനുവേണ്ടി, കുറവിലങ്ങാട്ട ചന്തയിരിക്കുന്ന സ്ഥലം പറമ്പിൽക്കുടുംബക്കാരാണു പള്ളിക്കു കൊടുത്തിട്ടുള്ളതു്. എന്നാൽ പ്രസ്തുതസ്ഥലം പള്ളിക്കാർ ചന്തയ്ക്കു വിട്ടുകൊടുത്തപ്പോൾ, അതിനുപകരംപള്ളിവക വേങ്ങമറ്റം മ്യാൽ മെത്രാന്റെ റാസവകയ്ക്കു്, പള്ളിയിൽനിന്നും നിശ്ചയിച്ചിരിക്കുന്നു. അതിന്റെ ആധാരവും മറ്റും കുറവിലങ്ങാട്ട പള്ളിയിൽ ഇരിപ്പുണ്ടു്. ചാണ്ടിമെത്രാനുവേണ്ടി, അദ്ദേഹത്തിന്റെ ശ്രാദ്ധദിവസമായ ജനുവരി രണ്ടാംതിയതി, കുറവിലങ്ങാട്ടുപള്ളിയിൽനിന്നും രണ്ടു റാസവീതം ഇപ്പോഴും ചൊല്ലിവരുന്നുണ്ടു്. അതിനു പള്ളിക്കണക്കുതന്നെയാണു തെളിവു്. പള്ളിക്കണക്കിൽ, 1910-മുതൽ ചങ്ങനാശേരി ജെയിംസു് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു പടിസാധനം പരിഷ്കരിക്കുന്നതുവരെ, റാസവകയ്ക്കു പള്ളിയിൽനിന്നും തിരിപ്പണംനീക്കി 7 രൂപാ 24ചക്രം 8 കാശുവീതവും, അതിനുശേഷം 9 രൂപാ 22 ചക്രം 8 കാശുവീതവും ചിലവുചെയ്തിരിക്കുന്നതായി കാണുന്നുണ്ടു്. സുറിയാനിക്രിസ്ത്യാനികളുടെ ഈ ആദ്യമെത്രാൻ പകലോമറ്റം കുടുംബജനായിരുന്നെങ്കിൽ, കള്ളിക്കുടുംബശാഖയായ പറമ്പിൽക്കാർ, അദ്ദേഹത്തിന്റെ നിത്യകുർബാനയ്ക്കു സ്ഥലം കൊടുക്കുവാൻ പ്രേരിതരായതെന്തുകൊണ്ടാണു്?

പ്രസിദ്ധചരിത്രപണ്ഡിതനും സമുദായാഭിമാനിയുമായിരുന്ന പാലാക്കുന്നേൽ വല്യച്ചൻ (ബ. മത്തായിമറിയം കത്തനാർ) ചാണ്ടിമെത്രാനെപ്പറ്റി പറ

ഞ്ഞിരിക്കുന്നതു് എന്തുകൊണ്ടെന്നു് അറിയുന്നതും ഈ ഘട്ടത്തിൽ ഉപകാരപ്രദമാണു്. 1878-ൽ അദ്ദേഹം കുറവിലങ്ങാട്ടു സന്ദർശിച്ചതിനേപ്പറ്റി അദ്ദേഹത്തിന്റെ ഡയറിയിൽ വിവരിക്കുന്നുണ്ടു്. "കുറവിലങ്ങാട്ടു് എന്റെ പിതാക്കന്മാരുടെ തറവാടായ പകലോമറ്റം അന്വേഷിച്ചു" പോയ വല്യച്ചൻ അദ്ദേഹത്തിന്റെ ഡയറിയിൽ രേഖപ്പെടുത്തുന്നു: —"ഇതുക്രൂടാതെ **കള്ളി** എന്നുപറയുന്ന തറവാട്ടിൽ നിന്നു ലന്തയുടെ കാലത്തിൽ **പറമ്പിൽ** ആലയ്ക്കൽ സന്തയോസുമെത്രാനെ വരാപ്പുഴക്കാരു് വാഴിച്ചു. ഈ മെത്രാൻ മരിച്ചു കുറവിലങ്ങാട്ടുപള്ളിയിൽ അടങ്ങിയിരിക്കുന്നു. ഇതു ശ്രുതിമാനപള്ളിയിൽ കൈക്കൊണ്ട കുറവിലങ്ങാട്ടു മെത്രാന്മാരുടെ തറവാട്ടിൽ വാണ മെത്രാൻ."(1)

ഇതു ശ്രദ്ധേയമായ ഒരു പ്രസ്താവനയാകുന്നു. "അനന്തിരവരും വല്ലവരും ഉണ്ടായി എങ്കിൽ നിങ്ങളും ഒട്ടക്കത്തെ ദിവസംവരെയും ഈ തറവാടിനെയും ഈ പള്ളിയുടെ വിശേഷതയും മറന്നുകൂടാ. മൂലം മറന്നാൽ വിശ്രുതി എന്ന പഴഞ്ചൊല്ലു് ഓർക്കണം. അബ്രാഹം, ഇസഹാക്കു്, യാക്കോബു്, യൗസേപ്പു് മുതലായ പൂർവ്വപിതാക്കന്മാരും അവരുടെ തറവാട്ടിന്മേലും അവരുടെ പിതാക്കന്മാരു് കുഴിപ്പിച്ച കിണറുകളിന്മേലും എന്തുമാത്രം താല്പര്യം ആയിരുന്നു എന്നും പഴമ വായി

(1) പാലാക്കുന്നേൽ വല്യച്ചന്റെ ഡയറി: 1937 നവാബർ 16-ാംനു-യിലെ നസ്രാണിദീപികയിൽ നിന്നു്.

ച്ചു നോക്കുവിൻ" എന്ന്, തന്റെ തറവാടായി പരിഗ ണിച്ചിരുന്ന പകലോമറ്റത്തെപ്പറ്റി ആശംസിക്കുന്ന വല്യച്ചനാണ ചാണ്ടിമെത്രാൻ കള്ളിക്കുടുംബജനാണെ ന്നു പറഞ്ഞിരിക്കുന്നത്. ചാണ്ടിമെത്രാനു പകലോമ റവുമായി വല്ല ബന്ധവും—അതെത്ര നിസ്സാരമായിരു ന്നാലും—ഉണ്ടായിരുന്നെങ്കിൽ കുലാഭിമാനത്തിൽ അ ഗ്രേസരനായ വല്യച്ചൻ അതെടുത്തുപറഞ്ഞേനേ. അതു ചെയ്തിട്ടില്ലെന്നുമാത്രമല്ല, അദ്ദേഹം കള്ളിക്കുടുംബജ നാണെന്നു തുറന്നു സമ്മതിക്കുകയും ചെയ്തിരിക്കുന്നു.

ചാണ്ടിമെത്രാൻ 'കള്ളി'ഇല്ലത്തിൽപ്പെട്ട പ ള്ളിവീടിന്റെ ഒരു ശാഖയായ പറമ്പിലാണു ജനി ച്ചതെന്നു വ്യക്തമായല്ലോ. പറമ്പിൽശാഖയിൽ പ്പെട്ട കുടുംബക്കാരുടേയും പനങ്കുഴയ്ക്കൽ കുടുംബക്കാരു ടേയും വീട്ടുപേരുകളോടുചേർത്തു പള്ളിവീട്ടിൽ എ ന്ന് ആധാരങ്ങളിലും കത്തിടപാടുകളിലും ഇന്നും ഉപ യോഗിച്ചുവരുന്നുണ്ട്. ഗോവണ്ണരോമച്ചന്റെ പുസ്ത കത്തിലും പള്ളിവീട് എന്നല്ലാതെ, പകലോമറ്റം എന്നു പ്രയോഗിച്ചുകാണുന്നില്ല. പകലോമറ്റം കുടും ബക്കാർ പള്ളിവീട്ടിൽ ചാണ്ടിമെത്രാന്റെ ചാത്തം കഴിക്കുന്നില്ല. ഇയ്യുശകാരണങ്ങളാൽ ചാണ്ടിമെത്രാനു പകലോമറ്റവുമായി എന്തെങ്കിലും ബന്ധമുണ്ടെന്നു പറയാവുന്നതല്ല. ഇപ്പോൾ കുറവിലങ്ങാട്ട കന്യകാ മഠം ഇരിക്കുന്നതിനു തൊട്ടു പടിഞ്ഞാറുഭാഗത്തായിരു ന്ന പറമ്പിൽക്കുടുംബം സ്ഥിതിചെയ്തിരുന്നതു്. അ വിടെനിന്നും കുടക്കച്ചിറ, പുത്തൻപുര എന്നിങ്ങനെ

ചില ശാഖകൾ ഉണ്ടായി. കാലാന്തരത്തിൽ കുടുക്കച്ചേരി പ്രാബല്യത്തിൽ വന്നപ്പോൾ ഇന്നാട്ടുകാർ പറമ്പിൽ മെത്രാനെ കുടുക്കച്ചേരി (കുടുക്കച്ചിറ)മെത്രാൻ എന്നു പറഞ്ഞുപോന്നു. ഇതിൽനിന്നു ചാണ്ടിമെത്രാനെ പള്ളിവീട്ടിൽ ചാണ്ടിമെത്രാൻ, പനങ്കുഴയ്ക്കൽമെത്രാൻ, പറമ്പിൽമെത്രാൻ, കുടുക്കച്ചേരിമെത്രാൻ എന്നിങ്ങനെ നാമകരണം ചെയ്യുവരുന്നതിന്റെ ഔചിത്യം വ്യക്തമാണല്ലോ. പകലോമറ്റം ചാണ്ടിമെത്രാൻ എന്നു പറയുന്നതുമാത്രമേ പ്രമാദമായിട്ടുള്ളൂ.

പള്ളിവീട്ടിൽ കുടുംബത്തിൽനിന്നും പിരിഞ്ഞുപോയവരും, യാക്കോബായസഭയിൽ പെട്ടവരും, അയിത്തർസ്പദേശികളുമായ ചിലവൈദികരും മാന്യന്മാരും പതിനഞ്ചുകൊല്ലങ്ങൾക്കു മുൻപു തങ്ങളുടെ മൂലകുടുംബം അന്വേഷിച്ചു കുറവിലങ്ങാട്ടുവന്ന്, പള്ളിവീട്ടിൽ കുടുംബങ്ങൾ എല്ലാം സന്ദർശിക്കുകയുണ്ടായി. പിന്നീട് അവർ പനങ്കുഴയ്ക്കൽ വല്യച്ചന്റെ ചാത്തത്തിൽ സംബന്ധിക്കുന്നതിനായി എല്ലാകൊല്ലങ്ങളിലും വരാറുണ്ട്. അവരുടെ സ്പദേശത്തുള്ള കുടുംബയോഗത്തിന് പള്ളിവീട്ടിൽക്കുടുംബക്കാരെ അവർ ക്ഷണിക്കുകയും, ഇവിടെനിന്നും വെള്ളായിപ്പറമ്പിൽ ബ. ഉതുപ്പച്ചൻ ഉൾപ്പെടെ ഏതാനും പ്രതിനിധികൾ അയിത്തർക്കു പോകുകയും ചെയ്തു. കുടുംബയോഗത്തിനു തയാറാക്കിയിരുന്ന പന്തലിന്റെ മുൻപിൽ "പകലോമറ്റം താഴൺ കുടുംബയോഗം" എന്ന് എ

ഴതിയിരുന്നതുകണ്ടപ്പോൾ, "ഞങ്ങൾ പകലോമറ്റം കുടുംബക്കാരല്ല, പള്ളിവീട്ടിൽ കുടുംബക്കാരാണു്. അതിനാൽ പകലോമറ്റം എന്നതു മാറ്റി പള്ളിവീട്ടിൽ എന്നു തിരുത്തിയെങ്കിലല്ലാതെ ഞങ്ങൾ യോഗത്തിൽ സംബന്ധിക്കുന്നതല്ലാ" യെന്നുപറഞ്ഞു, ബ. ഉതുപ്പച്ചൻ കുടുംബചരിത്രം സവിസ്തരം പറഞ്ഞുകേൾപ്പിച്ചു. അവർ ഉടനെ "പള്ളിവീട്ട് താഴ്മൺ കുടുംബയോഗം" എന്നുതിരുത്തിയെഴുതി!! പള്ളിവീട്ടുകാർ, പള്ളിവീട്ട പകലോമറ്റംശാഖയാണെന്നു സമ്മതിക്കുന്നില്ലെന്നുള്ളതിനു മതിയായ ഒരു തെളിവാണല്ലോ ഇതു്.

ഇതേവരെ പ്രസ്താവിച്ചതിൻനിന്നു്, പള്ളിവീട്ട കള്ളിവീട്ട തന്നെയാണെന്നും, അലക്സാണ്ടർ മെത്രാൻ പള്ളിവീട്ടിൽകുടുംബാംഗമാണെന്നും വ്യക്തമായല്ലോ. ഇങ്ങനെ മലങ്കരസഭാചരിത്രത്തിൽ, പള്ളിവീട്ട ഗണ്യമായ ഒരു സ്ഥാനം വഹിക്കുന്നുണ്ടു്. നമുക്കു ലഭിച്ചിട്ടുള്ള ചരിത്രലക്ഷ്യങ്ങളിൽനിന്നു് 15-16-17 ഈ നൂറ്റാണ്ടുകളിലാണു് ആ കുടുംബം ഏറ്റവും പ്രാബല്യത്തിലിരുന്നതെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. ആ പ്രതാപകാലത്തു്, പതിനഞ്ചാം നൂറ്റാണ്ടിൽ, പള്ളിവീട്ടിൽ കുടുംബലതികയിൽ ഉൽഫുല്ലമായ ഒരു മനോഹരകുസുമമാണു്, എന്റെ ഈ പ്രബന്ധത്തിലെ നായകനായ "പനങ്കുഴയ്ക്കൽ വല്യച്ചൻ" അഥവാ ചെറിയയാക്കോബു (ചെറിയതു്) കത്തനാർ.

ദ്വിതീയഖണ്ഡം

ജീവചരിത്രസംഗ്രഹം.

1. പ്രാരംഭം.

നമ്മുടെ ഇടയിൽ വീരന്മാരും വിശ്രുതന്മാരുമായ വിശിഷ്ടപുരുഷന്മാർ വിരളമല്ലായിരുന്നുവെന്നുള്ളതു് ഒരു വാസ്തവമാണു്. പക്ഷെ, അവരുടെ അപദാനങ്ങളെ കീർത്തിക്കുന്നവയോ, സ്മരണയെ നിലനിർത്തുന്നവയോ ആയ ചരിത്രഗ്രന്ഥങ്ങളോ, കാവ്യതല്ലജങ്ങളോ, സ്മാരകങ്ങളോ നമ്മുടെ ഇടയിൽ ചുരുക്കമാണു്; എന്നല്ല ഇല്ലെന്നതന്നെ പറയാം. രാജ്യസേവാനിരതനും രാജഭക്തനും സുറിയാനിസമുദായത്തിന്റെ അഭിമാനസ്തംഭവുമായിരുന്ന തച്ചിൽ മാത്തുത്തരകനെപ്പറ്റിപ്പോലും നമുക്കു ശരിയായ ഒരു ചരിത്രമില്ലല്ലോ. ഈ അടുത്തകാലത്തെ സ്ഥിതി ഇങ്ങനെയാണെങ്കിൽ, പഴയകാലങ്ങളിലെ അവസ്ഥ ഇതിനേക്കാൾ എത്ര പരിതാപകരമായിരിക്കണം!! ചുരുക്കം ചിലരുടെ അപദാനങ്ങളെ കീർത്തിക്കുന്ന ചില പ്രാചീനഗാനങ്ങളും ഐതിഹ്യങ്ങളും ചില സ്ഥലങ്ങളിൽ പ്രചരിക്കുന്നുണ്ടെങ്കിലും അവയ്ക്കു് അർഹിക്കുന്ന പ്രചാരം ഇനിയും ലഭിച്ചുകഴിഞ്ഞിട്ടില്ല. മൻകാലങ്ങളിൽ മാർഗ്ഗദീപങ്ങളായി പരിലസിച്ചിരുന്ന മഹാപുരുഷന്മാരുടെ ജീവിതകഥകളേയും അപദാനങ്ങളേയും വിവരിക്കുന്ന ചരിത്രഗ്രന്ഥങ്ങൾ, ഉൽകൃഷ്ടസാഹിത്യഗ്രന്ഥങ്ങൾ, ഇനിയും നമുക്കുണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. സമു

ദായത്തിന്റെ പുരോഗമനത്തിനും സംസ്കാരത്തിന്റെ അഭിവൃദ്ധിക്കും ഇതു് അത്യന്തം സഹായകമായി ഭവിക്കുന്നതാണു്. പക്ഷെ, ഇതിലേക്കുദ്യുക്തരാകുന്നവക്കു് അപൂർവം ചില ചരിത്രശകലങ്ങളും, പാരമ്പര്യങ്ങളും ഐതിഹ്യങ്ങളും മാത്രമേ ആലംബമായി ലഭിച്ചുള്ളുവെന്നുവരാം. ഏതദ്വിഷയത്തിൽ കൂടുതൽ ഗവേഷണം ഇനിയും ആവശ്യമായിട്ടാണിരിക്കുന്നതു്.

മാത്തോമ്മാശ്ലീഹായാൽ സംസ്ഥാപിതമായ കേരളത്തിലെ ക്രിസ്തുമതശാഖയിൽ, വീരന്മാരെപ്പോലെതന്നെ വിശുദ്ധന്മാരും ഉൽഫുല്ലമായിട്ടുണ്ടെന്നുള്ളതു നിസ്തർക്കമത്രേ. പക്ഷെ, അവരെപ്പറ്റി നമുക്കു് ഒന്നും തന്നെ അറിഞ്ഞുകൂടാ. മറ്റു രാജ്യങ്ങളിലേപ്പോലെ, അവരുടെ ചരിത്രം ആരും എഴുതിയിട്ടില്ലാത്തതിനാൽ ഇപ്പോൾ അവരെപ്പറ്റി പഠിക്കുക ക്ഷിപ്രസാദ്ധ്യവുമല്ല. ഇതുകൊണ്ടുകൂടി ആയിരിക്കണം കേരളീയരിൽ വിശുദ്ധനെന്ന നാമകരണം ചെയ്യപ്പെട്ട ഒരൊറ്റ വ്യക്തിപോലും ഇല്ലാത്തതു്. മതപ്രചരണാർത്ഥം ഇവിടെയെത്തിയിട്ടുള്ള മാത്തോമ്മാശ്ലീഹാ, സെൻറ് ഫ്രാൻസിസ് സേവ്യർ എന്നീ രണ്ടുപേർ മാത്രമേ നമ്മോടു് ഏതെങ്കിലുംതരത്തിൽ നേരിട്ടുബന്ധമുള്ളവരായി വിശുദ്ധന്മാരുടെ ഗണത്തിലുള്ളു. പതിനാറാം നൂറ്റാണ്ടിൽ സ്ഭാഭരണം നിർവ്വഹിച്ചിരുന്ന മാർ സാബോർ മാർ പ്രോത്തു് എന്നീ രണ്ടു വൈദികാദ്ധ്യക്ഷന്മാരെ, അവരുടെ മരണശേഷം, കേരളക്രിസ്ത്യാനികൾ വിശുദ്ധ

ന്മാരായി ഗണിക്കുകയും, അവരുടെ നാമത്തിൽ ദേവാലയങ്ങളും നിർമ്മിക്കുകയും ചെയ്തിരുന്നതായി ചില ചരിത്രകാരന്മാർ പ്രസ്താവിക്കുന്നുണ്ടെങ്കിലും, കത്തോലിക്കസഭ ഔദ്യോഗികമായി അവരുടെ വിശുദ്ധിയെ അംഗീകരിച്ചിട്ടില്ല. ദേവസഹായംപിള്ള മുതലായ ചില വേദസാക്ഷികളും നമുക്കുണ്ടെങ്കിലും അവർക്കും ബലിപീഠത്തിലെ വണക്കം ഇനിയും സംലബ്ധമാകാതാണിരിക്കുന്നത്.

നസ്രാണിസമുദായത്തരുവിൽ വികസിച്ച ഒരു മനോജ്ഞകുസുമമാണ്—ജീവിതവിശുദ്ധിയാലും ആദർശനൈർമ്മല്യത്താലും അനശ്വരയശസ്സിനു അർഹനായിത്തീർന്നിരിക്കുന്ന ഒരു മഹാപുരുഷനാണ്—ഈ ചെറുഗ്രന്ഥത്തിലെ കഥാപുരുഷനായ പനങ്കുഴയ്ക്കൽ ചെറിയതു (ചെറിയ യാക്കോബു) കത്തനാർ. മറ്റുള്ളവരെ അപേക്ഷിച്ചു, സുറിയാനിക്രിസ്ത്യാനികളുടെ ഇടയിൽ ഇന്നും അദ്ദേഹം യശഃശരീരനായി പരിലസിക്കുന്നു. "ഞാൻ വഴിയും സത്യവും ജീവനുമാകുന്നു"വെന്നു അരുളിച്ചെയ്ത ക്രിസ്തുനാഥനെ ഭക്തിപൂർവ്വം അനുഗമിക്കുകയും വിശ്വസ്തതയോടെ സേവിക്കുകയും ചെയ്ത ഒരു വൈദികൻ എന്നല്ലാതെ, അദ്ദേഹം മലങ്കരനസ്രാണികളുടെ ഇടയിൽ ഏതെങ്കിലും വീരകർമ്മം ചെയ്തതായോ, ഏതെങ്കിലും ഉന്നതസ്ഥാനം അലങ്കരിച്ചതായോ, ചരിത്രം ഘോഷിക്കുന്നില്ല. എങ്കിലും അദ്ദേഹം ദേഹവിയോഗം ചെയ്തിട്ടു് അമ്പുശതകങ്ങളും നാല

കഴിഞ്ഞിരിക്കുന്ന ഈ അവസരത്തിലും അദ്ദേഹത്തെ പ്പറ്റിയുള്ള സ്മരണ സജീവമായി നിലനിന്നുപോരുന്നു. അന്നത്തെപ്പോലെ ഇന്നും അദ്ദേഹത്തിന്റെ ശ്രാദ്ധത്തിൽ സംബന്ധിച്ചു് മാദ്ധ്യസ്ഥ്യം തേടുന്നതിനായി അദ്ദേഹത്തിന്റെ ശവകുടീരത്തെ പ്രതിവർഷം ക്രിസ്ത്യാനികൾ സന്ദർശിച്ചുവരുന്നു. അഥവാ,

"പരമാത്മവിചാരജന്യമാം
പരമാനന്ദമരന്ദ ധാരയാൽ
പരമാർദ്രത പൂണ്ട ജീവനം
പരമാത്മം സുഖമൂലമാക്കുമേ"

എന്നാണല്ലോ അഭിജ്ഞവചനം.

സുകൃതമാണു യഥാർത്ഥമായ സുഹൃത്തെന്നും, പുണ്യാഭ്യസനമാണു സക്ഷാത്തായ അഭ്യസനമെന്നും, ത്രിവിധകരണങ്ങളെക്കൊണ്ടും തെളിയിച്ച ഒരു വിശിഷ്ട പുരുഷനായിരുന്നു വല്യച്ചൻ. അദ്ദേഹത്തിന്റെ ജീവചരിത്രത്തെ സംബന്ധിച്ചു്, ഐതിഹ്യങ്ങളെക്കവിഞ്ഞു്, വിശ്വാസയോഗ്യമായ ചരിത്രരേഖകൾ അധികമൊന്നും നമുക്കു ലഭിച്ചിട്ടില്ലെന്നു സവ്യസനം രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. ഉള്ളവയേയും, പുരാവൃത്തങ്ങളിൽ വിശ്വാസയോഗ്യമായവയേയും ക്രോഡീകരിച്ചു്, അദ്ദേഹത്തിന്റെ ജീവിതമഹാഗ്രന്ഥത്തിലെ ഏതാനും കുറിപ്പുകൾ കീഴെ ഉദ്ധരിച്ചുകൊള്ളുന്നു.

---

2. പുരോഹിത്യം.

പള്ളിവീട്ടിൽ പനങ്കുഴയ്ക്കൽ കുര്യൻ, കുടമാളൂർ കുന്നുകല്ലുങ്കൽ ഏലീശ്വാ (ഏലിസബത്തു്) എന്നീ അനുഗ്രഹീതദമ്പതിമാരുടെ പുത്രനാണു പുണ്യശ്ലോകനായ ചെറിയ യാക്കോബു കത്തനാർ. 1479-ാമാണ്ടിലാണു് അദ്ദേഹം ഭൂജാതനായതു്. അദ്ദേഹത്തിന്റെ സഹോദരീസഹോദരന്മാരെപ്പറ്റിയോ ബാല്യകാലചര്യകളെപ്പറ്റിയോ നമുക്കു് ഒന്നുംതന്നെ അറിഞ്ഞുകൂടാ. സച്ചരിതരായ മാതാപിതാക്കന്മാർ സന്മാതൃകയാലും സദുപദേശത്താലും ആ ശിശുവിന്റെ നിർമ്മലഹൃദയത്തിൽ സുകൃതബീജങ്ങളെ നട്ടുവളർത്തി. നല്ല വിത്തും നല്ല നിലവും വിളവു സമൃദ്ധമാക്കുന്നതുപോലെ, നല്ല കുടുംബവും നല്ല പരിശീലനങ്ങളും സന്താനങ്ങളെ സത്തമരാക്കുന്നു. മതസത്യങ്ങളും പ്രമാണങ്ങളും കുട്ടികളെ പഠിപ്പിക്കുന്നതോടുകൂടി, തദനുസൃതമായ മാതൃകാജീവിതം ഗുരുജനങ്ങൾ നയിക്കുകകൂടി ചെയ്താൽ, കുട്ടികളുടെ സൽസ്വഭാവത്രുപവൽകരണം എത്ര സുസാദ്ധ്യമായിത്തീരുന്നു. ലോകത്തിൽ വിശ്രുതിയിലാകട്ടെ, വീരപ്രവൃത്തികളിലാകട്ടെ, മഹാന്മാരായിത്തീർന്നിട്ടുള്ളവർ, തങ്ങളുടെ മഹത്വത്തിനു നിദാനം സ്വന്തം മാതാക്കളായിരുന്നുവെന്നു പലപ്പോഴും സാക്ഷീകരിച്ചിട്ടുണ്ടല്ലോ.

"അമായമാം വൃദയമൊട്ടുമായിട്ടും
പ്രമാണവും സവിനയമാദരിപ്പവൻ
സമാനമെന്നിയെ വിലസുന്ന വാനിലേ-
പ്രമാണികർക്കിടയിൽ വിളങ്ങുമേറവും.

"മുറയ്ക്കിണങ്ങിയ നിഖിലാംഗമോടുമൊ-
ത്തുറപ്പെഴും നരകമണഞ്ഞിടുന്നതിൽ
കുറഞ്ഞതാമവയവമോടു ഭൂവുകം
നിറഞ്ഞിടും ദിവമണയുന്നതുത്തമം"

എന്നിത്യാദി ക്രൈസ്തവപ്രഭാഷണങ്ങൾ മാഗ്ദീപങ്ങളായി സ്വീകരിക്കപ്പെട്ടിരിക്കുന്ന ഒരു നല്ല കുടുംബത്തിലെ കുട്ടികൾ മാതാപിതാക്കന്മാക്ക് ഒരാനന്ദവും, നാടിനും നാട്ടാക്കും ഒരനുഗ്രഹവുമായിത്തീരുന്നതിൽ അത്ഭുതപ്പെടാനില്ല. മാതാപിതാക്കന്മാരുടെ സ്വഭാവവിശേഷങ്ങൾ സന്താനങ്ങളിലേയ്ക്കു സംക്രമിക്കുക സാധാരണമാണ്. സത്യസന്ധരും പുണ്യശീലരുമായ മാതാപിതാക്കന്മാരുടെ മക്കൾ അപഥസഞ്ചാരം ചെയ്യുക അപൂർവ്വമാകുന്നു. അങ്ങനെയുള്ള പരിതഃസ്ഥിതികളിൽ വളരുന്ന കുട്ടികൾ,

"താതനു നല്ല വിജയം ഗുണവായ്പിലാത്മ-
ജാതകൾ നിന്നൊരു പരാജയമേല്പതത്രേ"

എന്ന മഹദ്വചനത്തെ അനുവർത്തമാക്കുകയേ ചെയ്യുകയുള്ളൂ. ദൈവത്തെ പിതാവായും കന്യകാമറിയത്തെ മാതാവായും പരിഗണിച്ച്, ദൈവപ്രോക്തങ്ങളായ പ്രമാണങ്ങളെ അനുസരിച്ചും കല്പനകളെ അനുഷ്ഠി

ച്ചും, ദൈവപരിപാലനയിൽ ആശ്രയിച്ചും വളർന്നു
ന്ന ഒരു ക്രൈസ്തവബാലൻ, പുണ്യപൂർണ്ണതയിലേ
യ്ക്കുള്ള സോപാനങ്ങളെ സത്വരം ആരോഹണം ചെ
യ്കയാണു ചെയ്യുന്നതു്. സുചരിതയായ ഏലീശാ
സ്വപുത്രനെ ഭൗതികമായ മഹത്വങ്ങളിലേയ്ക്കല്ലാ, ആ
ത്മീയമായ നേട്ടങ്ങളിലേക്കാണു മാർഗ്ഗദർശനംചെയ്തതു്.

അക്കാലത്തു കേരളത്തിൽ ഇന്നത്തേപ്പോലെയു
ള്ള വിദ്യാലയങ്ങളും മറ്റും ഉണ്ടായിരുന്നില്ല. പ്രധാന
ഗ്രാമങ്ങളിൽ, ആശാന്മാരുടെ കീഴിൽ, ഓരോ കളരി
കളും മാത്രമാണുണ്ടായിരുന്നതു്. അവിടെവച്ചാണു
കുട്ടികൾക്കു് ആയുധാഭ്യാസത്തിലും അക്ഷരവിദ്യയിലും
പരിശീലനം നല്കിയിരുന്നതു്. നമ്മുടെ കഥാനായ
കൻ ഇത്തരമൊരു കളരിയിൽ അക്ഷരാഭ്യാസവും മ
റ്റും കഴിച്ചതിനുശേഷമായിരിക്കണം വൈദികപഠന
ത്തിനു പുറപ്പെട്ടതു്. അക്കാലത്തു വൈദികവിദ്യാർത്ഥി
കൾക്കു് അഭ്യസനം നടത്തുവാൻ സെമ്മിനാരികളും മ
റ്റും ഉണ്ടായിരുന്നില്ല. പോർത്തുഗീസുകാരുടെ ആഗമ
നത്തിനുശേഷം കൊച്ചിയിലും വൈപ്പിക്കോട്ടയിലും
മറ്റും സെമ്മിനാരികൾ സ്ഥാപിക്കപ്പെട്ടെങ്കിലും, അ
തിനു മുൻപു് അവ ഉണ്ടായിരുന്നതായി ചരിത്രകാര
ന്മാർ പ്രസ്താവിക്കുന്നില്ല. തന്മൂലം സാധാരണമായി
കാരണവരച്ചന്മാരാണു് അനന്തിരവന്മാരുടെ വൈദി
കപഠനത്തിന്റെ ചുമതല വഹിച്ചിരുന്നതു്. വേദ
ശാസ്ത്രങ്ങളും വൈദികകർമ്മങ്ങൾക്കു് അവശ്യം അറി

ഞ്ഞിരിക്കേണ്ട സുറിയാനി മുതലായവയുമാണ് അക്കാലത്തെ പ്രധാനപാഠ്യവിഷയങ്ങൾ. സുറിയാനിഭാഷയിൽ അഗാധപാണ്ഡിത്യം സമ്പാദിച്ച ചില വൈദികരും അക്കാലത്തുണ്ടായിരുന്നതായി നമുക്കറിയാം. കാരണവരുടെ അദ്ധ്യവാസിതപംവഴി പൗരോഹിത്യത്തിനുവേണ്ട ജ്ഞാനം സിദ്ധിച്ചുകഴിയുമ്പോൾ, മലങ്കരസഭാപാലകനായ മെത്രാനിൽനിന്ന് അവർ പട്ടം സ്വീകരിച്ചുപോന്നു.

ചെറിയ യാക്കോബുകത്തനാക്ക് പട്ടം നൽകിയതു് ഏതു മെത്രാനാണ്? അതേപ്പറ്റി നിശ്ചിതമായി പറയുക സാദ്ധ്യമല്ല. ചെറിയയാക്കോബുകത്തനാരുടെ ബാല്യത്തിൽ, 1490-ൽ, പൗരസ്ത്യപാത്രിയക്കീസായ മാർ ശിമയോൻ, മാത്തോമ്മായെന്നും മാർ യോഹന്നാൻ എന്നും രണ്ടു മെത്രാന്മാരെ കേരളത്തിലേയ്ക്കയക്കുകയുണ്ടായി. ഇവരിൽ മാത്തോമ്മാ പാത്രിയക്കീസിന്റെ അടുക്കലേയ്ക്കു തിരിച്ചുപോയി. അനന്തരം 1502-ൽ, അന്നത്തെ മാർ ഏലിയാസ് പാത്രിയക്കീസ്, സെൻറ് യൂജിൻ സന്ന്യാസാശ്രമാംഗങ്ങളായ യബ്അലഹാ, യാക്കോബ്, ഉനഹാ, എന്ന മൂന്നുപേരെ തിരഞ്ഞെടുത്തു് ആദ്യത്തെയാളെ മെത്രാപ്പോലീത്തായും, മറ്റു രണ്ടുപേരെയും മെത്രാന്മാരായും അഭിഷേകം ചെയ്തു കേരളത്തിലേക്കയച്ചു. ഇവർ മൂന്നുപേരും മാത്തോമ്മാമെത്രാനോടുകൂടി 1504-ൽ കേരളത്തിലെത്തി. ഇവരിൽ രണ്ടുപേർ താമസിയാതെതന്നെ ചരമം പ്രാപിച്ചു. ശേഷിച്ചവരിൽ മാർ യാക്കോബുമെ

ത്രാൻ കൊടുങ്ങല്ലൂരിലും, അപരൻ കൊല്ലത്തും പാത്ത സഭാഭരണം നിർവ്വഹിച്ചുപോന്നു. കുറവിലങ്ങാട്ടും മറ്റും അന്നു കൊടുങ്ങല്ലൂർ വൈദികമണ്ഡലത്തിൽ ഉൾപ്പെട്ടിരുന്നതിനാൽ മാർ യാക്കോബായിരിക്കണം ചെറിയയാക്കോബുകത്തനാർക്കു പട്ടം നൽകിയതെന്നു നമുക്കൂഹിക്കുവാനേ ഗത്യന്തരമുള്ളൂ.

വൈദികനായി അധികകാലം കഴിയുന്നതിനു മുമ്പുതന്നെ, കുറവിലങ്ങാട്ടു പള്ളിയോഗം ബ. ചെറിയ യാക്കോബുകത്തനാരെ പ്രസ്തുതപള്ളിയുടെ വികാരിയായി തിരഞ്ഞെടുത്തതായി കാണുന്നു. അന്നു പള്ളിഭരണം സംബന്ധിച്ചു കാര്യങ്ങളിൽ പള്ളിയോഗം ഇന്നത്തേക്കാൾ കൂടുതൽ അധികാരശക്തി പ്രയോഗിച്ചിരുന്നു. ഗോവർണ്ണദോരച്ചന്റെ വർത്തമാനപുസ്തകംതന്നെ ഇതിനു് ഉപോൽബലകമായിരിക്കുന്നുണ്ടു്. ചെറിയ യാക്കോബച്ചൻ വികാരിത്വം സ്വീകരിച്ചകാലത്തു്, കുറവിലങ്ങാട്ടു് ഇടവകയിൽ, വേറെ രണ്ടു വൈദികർകൂടി ഉണ്ടായിരുന്നു. ഇവരും പുതിയവികാരിയും ചില ആടശ്ങ്ങളിൽ വിഭിന്നമനസ്കരായിരുന്നു. പള്ളിസ്വത്തുക്കൾ സച്ഛാനുസരണം വിനിയോഗിക്കുന്നതിനു തങ്ങൾക്കു സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നുള്ളതായിരുന്നു ആ ഇടവകവൈദികരുടെ പക്ഷം. ധർമ്മനിരതനായ ചെറിയ യാക്കോബച്ചനു് അതു് അക്ഷന്തവ്യമായ ഒരപരാധമായിത്തോന്നി. നിർമ്മലമനസ്കരും പാവനചരിതരുമായ ശ്രുതിമാന്മാർക്കു് ഏറ്റവും നിസ്സാരമായ പാപങ്ങൾപോലും ഭയങ്കരങ്ങളായി കാ

ണപ്പെട്ടമെന്നാണല്ലോ വിശുദ്ധന്മാരുടെ ജീവചരിത്രം അവിച്ഛിന്നമായി നമ്മെ പഠിപ്പിക്കുന്നത്. ആ സ്ഥിതിക്കു ദേവാലയസപത്തുക്കൾ കയ്യടക്കുക എന്ന 'ദൈവദോഷ'ത്തെ എത്ര ഗഹ്വണീയമായി യാക്കോബച്ചൻ ഗണിച്ചിരിക്കണം!!

ആ വൈദികരുടെ പ്രവൃത്തിയുടെ ആബദ്ധ്യത്തേയും അനാശാസ്യതയേയും, പ്രശാന്തവും വിനീതവുമായ രീതിയിൽ അവരെ അദ്ദേഹം ഉദ്ബോധിപ്പിച്ചു. ഈ ഉപദേശം പ്രതീക്ഷിച്ചതിനു വിപരീതമായ ഫലമാണുണ്ടാക്കിയതെന്നു കാണുന്നു. തങ്ങളുടെ ദുഃസ്വഭാവത്തിനു കടകവിരുദ്ധമായി നിലകൊണ്ട ആ വൈദികോത്തമന്റെ ആത്മാത്ഥതയിൽ അവർ സന്ദേഹിച്ചു. അദ്ദേഹത്തിന്റെ വിനീതജീവിതവും തപശ്ചര്യ്യകളും അവരുടെ ദൃഷ്ടിയിൽ ആക്ഷേപകരങ്ങളായി ഭവിച്ചു. പക്ഷെ, "ക്ഷമാബലമശക്തനാം" എന്ന ആപ്തകാവ്യം ശരിക്കു മനസ്സിലാക്കിയിരുന്ന യാക്കോബുകത്തനാർ, സുകൃതാഭ്യസനത്തിനു തനിക്കു ലഭിച്ച ഈ സന്ദർഭത്തെ ഏറ്റവും പ്രയോജനകരമാക്കിത്തീർക്കുകയാണു ചെയ്തത്. ഈദൃശങ്ങളായ ഘട്ടങ്ങൾ ഓരോരുത്തരുടെയും ജീവിതത്തിൽ ഉണ്ടാകാറുണ്ട്; ഒരു താലന്തു ലഭിച്ച മനുഷ്യനെപ്പോലെ സാധാരണക്കാർ ആ സന്ദർഭങ്ങളെ കുഴിച്ചുമൂടുമ്പോൾ, വിശുദ്ധന്മാർ അതിൽനിന്നു കിട്ടാവുന്നിടത്തോളം ആദായമെടുക്കുന്നു എന്നൊരു വ്യത്യാസമേയുള്ളൂ.

ലോകത്തിലുണ്ടാകുന്ന അനർത്ഥങ്ങളിൽ അധിക പങ്കിനും കാരണം ക്ഷമയില്ലായ്മയാണല്ലോ. ലോകമഹായുദ്ധത്തിന്റെ നാശഫലങ്ങളെപ്പറ്റി ചിന്തിക്കുകയും വിലപിക്കുകയും ചെയ്യുമ്പോൾ, സെവ്വ്യായോട് ക്ഷമിക്കുവാൻ ആസ്റ്റ്റിയൻ ചക്രവർത്തിക്കു പത്താം പീയൂസ്സ് മാർപ്പാപ്പാ നൽകിയ ഉദ്ബോധനത്തെക്കുറിച്ചോ, ചക്രവർത്തി അതിനെ അവഗണിച്ചതിനെക്കുറിച്ചോ, നാമെങ്ങനെയാണു സ്മരിക്കാതിരിക്കുക?

"അടിച്ചുനിൻ കവിളിലൊരുത്തനെങ്കിൽ നീ-
യടിച്ചവനപരവുമാഞ്ഞു കാട്ടണം;
മടിച്ചിടാതൊരു വസനം കൊടുക്കുവാൻ
പിടിക്കിലാ നരനിരുവസ്ത്രമേകണം"

എന്ന ക്രൈസ്തവപ്രഭാഷണം ബാല്യാൽപ്രഭൃതി ഹൃദിസ്ഥമാക്കിയിരുന്ന ചറിയയാക്കോബുകത്തനാക്ക്, ഇടവകവൈദികരുടെ മത്സരഭത്സനങ്ങളുണ്ടായപ്പോൾ, അനന്തരകരണീയത്തെപ്പറ്റി അല്പംപോലും ആശങ്ക ഉണ്ടായില്ല. എന്നാൽ അദ്ദേഹം എത്രതന്നെ ക്ഷമാശീലനായിരുന്നെങ്കിലും,

"ക്ഷമ വശീകരണമാം
ക്ഷമയാൽ സാദ്ധ്യമൊക്കെയും"

എന്ന് അഭിജ്ഞന്മാർ പറയാറുണ്ടെങ്കിലും, കുറവിലങ്ങാട്ടുപള്ളിയിലെ ജീവിതം യാക്കോബച്ചന് അല്പം പോലും സ്വൈര്യം നൽകിയില്ല. താദൃശജീവിതം ആത്മനാശത്തിനു വഴി തെളിച്ചേക്കുമോയെന്ന

ശ്ച ഉണ്ടായിരുന്നതുകൊണ്ടായിരിക്കണം, അദ്ദേഹം തന്റെ വികാരിത്വം രാജിവെച്ചു.

ചെറിയ യാക്കോബുകത്തനാർ അനന്തരം കുടമാളൂർ പള്ളിയിൽ പോയിത്താമസിച്ചു. സ്വപ്രജകളായ ക്രിസ്ത്യാനികൾക്കുവേണ്ടി ചെമ്പകശേരി രാജാവു സ്വദേശമായ കുടമാളൂരിൽ സ്ഥാപിച്ചുകൊടുത്തതാണു്, ലോകമാതാവായ കന്യകാമറിയത്തിന്റെ മഹനീയനാമധേയത്തിലുള്ള ഈ ദേവാലയം. വലുപ്പത്തിൽ കുറവിലങ്ങാട്ടുപള്ളിയേക്കാൾ ഇതു ചെറുതായിരുന്നെങ്കിലും, പ്രസിദ്ധിയിലും പ്രതാപത്തിലും അതൊട്ടും പിന്നോക്കമായിരുന്നില്ലെന്നുവേണം വിചാരിക്കുവാൻ. കുടമാളൂർ ഒരു ചെറിയ ഇടവക ആയിരുന്നതിനാലും, ഉത്തരവാദിത്വമുള്ള ഉദ്യോഗങ്ങളൊന്നുമില്ലാതിരുന്നതിനാലും, അവിടത്തെ ജീവിതം സുകൃതസമ്പാദനത്തെ സംബന്ധിച്ചിടത്തോളം യാക്കോബച്ചനു് അനുകൂലതരമായിരുന്നു. അദ്ദേഹം കൂടുതൽ ധ്യാനലീനമാനസനായിത്തീർന്നു.

"ഏകാഗ്രതയും ക്ഷമയും
കൈക്കൊണ്ടതിയത്നമാചരിക്കാതെ,
ഗണനീയമൊരുൽക്കർഷം
പ്രാപിപ്പാനാർക്കുമാവതല്ലു ദൃഢം."

3. നാഥന്റെ പിൻപേ.

കുടമാളൂർപള്ളിയിലെ യാക്കോബച്ചന്റെ ജീവിതം ധ്യാനനിഷ്ഠവും ഏകാന്തമയവും ആയിരുന്നുവെന്നു പറഞ്ഞുവല്ലൊ. എന്നാൽ അദ്ദേഹം തന്റെ ഈ ഏകാന്തവാസത്തിലും അലസനായിരുന്നില്ല. അക്കാലത്തു വൈദികവിദ്യാർത്ഥികൾക്കു പഠിക്കുന്നതിനു തക്ക സെമ്മിനാരികളോ സ്ഥാപനങ്ങളോ യാതൊന്നും തന്നെ ഉണ്ടായിരുന്നില്ല. ഈ ന്യൂനത മനസ്സിലാക്കിയ സുചരിതനായ യാക്കോബച്ചൻ ഏതാനും വൈദികവിദ്യാർത്ഥികളെ തന്റെ അന്തേവാസികളായി സ്വീകരിക്കുകയും അവർക്ക് ആവശ്യമായ ശിക്ഷണം നൽകുകയും ചെയ്തുപോന്നു. പല കൊല്ലങ്ങളായി ഏകദേശം 250 വൈദികവിദ്യാർത്ഥികളെ അദ്ദേഹം പരിശീലിപ്പിച്ചിട്ടുണ്ടെന്നാണു പാരമ്പര്യമായി വിശ്വസിച്ചുപോരുന്നത്.

അക്കാലത്തു കാരണവരച്ചന്മാർ അനന്തിരവരെ പഠിപ്പിക്കുകയെന്നതായിരുന്ന പതിവെന്നു മുകളിൽ ഒരിടത്തു പറഞ്ഞിട്ടുണ്ട്. യാക്കോബച്ചന്റെ മല്പാൻ സ്ഥാനം അതിൽനിന്ന് അല്പം വ്യത്യസ്തമായിരിക്കുന്നല്ലൊ എന്നു പ്രഥമദൃഷ്ടിയിൽ തോന്നാം. പക്ഷെ, അക്കാലമായപ്പോഴേയ്ക്കും പോർത്തുഗീസുകാർ കേരള

ത്തിൽ ആസ്ഥാനമുറപ്പിക്കുകയും, സുറിയാനിക്രിസ്ത്യാനികളുമായി സൗഹാർദ്ദമാകുകയും ചെയ്തുകഴിഞ്ഞിരുന്നു. അവരിൽനിന്നായിരിക്കാം ബുദ്ധിമാനും പരഗുണകാംക്ഷിയുമായിരുന്ന യാക്കോബച്ചൻ ഈ നൂതനാശയം വശമാക്കിയതു്. ഞാൻ മുൻപു പ്രസ്താവിച്ചതുപോലെ, അക്കാലത്തു മലങ്കരസഭോദ്ധരണം നിർവ്വഹിച്ചിരുന്ന മെത്രാന്മാർ സെൻറ് യൂജീൻ ആശ്രമാംഗങ്ങളായിരുന്നതിനാൽ അവരുടെ സ്വദേശത്തു നടപ്പുണ്ടായിരുന്ന രീതി അവർ ഇവിടെയും നടപ്പിലാക്കാൻ ശ്രമിച്ചിരുന്നുവെന്നും അങ്ങനെ യാക്കോബച്ചൻ മല്പാനായിത്തീർന്നുവെന്നും വരാവുന്നതാണു്.

പാണ്ഡിത്യവും വിശുദ്ധിയും പാകതയുമുള്ള ഗുരുക്കന്മാരിൽനിന്നു ശിക്ഷണം സ്വീകരിക്കുവാനാണല്ലോ വിദ്യാർത്ഥികൾ ആഗ്രഹിക്കുക. അക്കാലത്തു് ഇതിനു് ഒരു മുഖ്യാഭിഷിക്തോദാഹരണമായിരുന്ന ചെറിയ യാക്കോബച്ചന്റെ അന്തേവാസിത്വം, തന്മൂലം പുരോഹിതപദാർത്ഥികൾ കാംക്ഷിച്ചതിൽ അത്ഭുതപ്പെടാനില്ല. ജ്ഞാനഭിക്ഷുക്കളായി തന്റെ അടുക്കൽ വരുന്നവരെ തന്റെ അനന്തിരവരെന്നല്ലാതെ എങ്ങനെയാണു് ആ ക്രിസ്തുഭക്തൻ കണക്കാക്കുക? ബഹുലമായ ആ ശിഷ്യപരമ്പരയിൽ ഒരാളെങ്കിലും തങ്ങളുടെ ഗുരുവിന്റെ ഒരു ജീവചരിത്രം രചിക്കുവാൻ വിചാരിക്കാതെപോയതു നമ്മുടെ നിർഭാഗ്യമെന്നേ പറയേണ്ടൂ! എന്നാൽ സ്വയം പുണ്യപരിപൂർണ്ണതയിൽ അഭിവൃദ്ധി

പ്പെടുകയും മറവുള്ളവരെ അതിലേയ്ക്കു പ്രേരിപ്പിക്കുകയും ചെയ്യുകയെന്നതിൽ വ്യാപൃതനായിരുന്ന ഗുരുവിനോ, ഗുരുവിന്റെ അന്യാദൃശമായ ഗുണസ്തോമങ്ങളിൽ ലീനചിത്തരായിത്തീർന്നിരുന്ന ശിഷ്യഗണങ്ങൾക്കോ അന്യമായ ചിന്തകളൊന്നും ഉണ്ടാകാതെപോയതിൽ അത്ഭുതപ്പെടാനില്ല.

ത്രിവിധകരണങ്ങളെക്കൊണ്ടും ക്രിസ്തുവിനെ അനുകരിക്കുകയെന്നുള്ളതായിരുന്ന ചെറിയയാക്കോബ്ബിന്റെ ആദർശംതന്നെ. സ്വന്തസുഖമോ കീർത്തിയോ അഭിനന്ദനങ്ങളോ അഭിലഷിക്കാതെ, സുകൃതപരിമളവും ത്യാഗമധുരവുമായ ജീവിതം നയിച്ചു്, സ്വയം ഈശോയിക്കുവേണ്ടി ഒരു ബലിയായിത്തീരുക എന്നുള്ളതാണു തിരുസഭാരാമത്തിൽ വികസിച്ചിട്ടുള്ള വിശുദ്ധന്മാരുടെയെല്ലാം ജീവിതകഥയുടെ ഒരു ചുരുക്കം. ലോകരക്ഷകനായ ക്രിസ്തുവിന്റെ മനോഹരാരാമമാകുന്ന കത്തോലിക്കാസഭയിൽ നൈർമ്മല്യധാമങ്ങളായ ലില്ലിപ്പുഷ്പങ്ങളും, രാഗപരിപൂർണ്ണങ്ങളായ റോസപ്പുഷ്പങ്ങളും, വിനയവിനമ്രങ്ങളായ മല്ലികാകുസുമങ്ങളും എത്രയെത്രയാണു വികസിച്ചിട്ടുള്ളതു്!! അത്ഭുതപ്രവർത്തകനായ പനങ്കുഴയ്ക്കലച്ചൻ തിരുസഭാരാമത്തിലെ ഒരജ്ഞാതകുസുമമായിട്ടാണു തന്റെ ലോകജീവിതം നയിച്ചതെങ്കിലും, ഉദ്യാനപാലകനായ ക്രിസ്തു അദ്ദേഹത്തിനു് ഉന്നതമായ ഒരു സ്ഥാനം നൽകുന്നതിനു സന്നദ്ധനായി. അതെങ്ങനെയെന്നു പിന്നാലെ പ്രസ്താവിക്കുന്നതാണു്.

ബാല്യാൽപ്രഭൃതി സദാചാരനിഷ്ഠയിൽ അടിയുറച്ചു വളർന്നുവന്നിരുന്ന ചെറിയ യാക്കോബച്ചൻ, സനാഥനായ ക്രിസ്തുവിനെ അനുഗമിപ്പാൻ നിശ്ചയിച്ചുമുതൽ, സകലവും ക്രിസ്തുവിനുവേണ്ടി, എന്ന മട്ടാവാക്യത്തോടെ തന്റെ അനുദിനകർത്തവ്യങ്ങൾ നിർവഹിച്ചുപോന്നു. സഭവനത്തിലെ സമ്പത്തെല്ലാം പിതാവിന്റേതെന്ന് എപ്രകാരം ഒരു കുട്ടി സാഭിമാനം കരുതുന്നുവോ, അപ്രകാരംതന്നെ, ക്രിസ്തുവിന്റെ ഈ വത്സലപുത്രൻ സർവ്വനന്മകളും അവയുടെ ദാതാവായ ദൈവത്തിന്റേതെന്ന് അഭിമാനിച്ചു്, ദൈവത്തോടു കൂടുതൽ കൂടുതൽ സമീപിച്ചു. ദൈവത്തിന്റെ പരിപൂർണ്ണസ്നേഹത്തിൽ മഗ്നനാകുകയെന്നതിൽ കവിഞ്ഞൊരാനന്ദം അദ്ദേഹം അന്യത്ര കണ്ടെത്തിയില്ല. നിരന്തരപീഡകളും, നാനാവിധക്ലേശങ്ങളും, നിന്ദാപമാനങ്ങളും നിറഞ്ഞ ക്രിസ്തുവിന്റെ ജീവിതഗ്രന്ഥത്തെ പാരായണം ചെയ്യുന്നതിൽ അമിതാനന്ദം നേടിയിട്ടുള്ള മഹാത്മാക്കൾ അനവധിയാണു്.

ശത്രുക്കളെ സ്നേഹിക്കുകയും അവർക്കുപകാരം ചെയ്യുകയും ചെയ്യുകയെന്നതാണു് ഈശോ തന്റെ അനുഗാമികൾ നിൽകിയിരിക്കുന്ന അനഘപാഠങ്ങളിൽ ഒന്നു്. യാക്കോബച്ചൻ തന്നെ ദ്രോഹിച്ചവരോടു് എപ്രകാരം ക്ഷമിച്ചുവെന്നു് ഇതിനുമുൻപു പ്രസ്താവിച്ചിട്ടുണ്ടു്. കടമാളൂർ പള്ളിയിലെ ജീവിതം പൊതുഹിതക്ഷേമങ്ങൾക്കായി അദ്ദേഹം വിനിയോഗിച്ചിരുന്നു.

യഥാർത്ഥസ്നേഹം പ്രവൃത്തിപരമാണല്ലോ. ദൈവത്തെ സ്നേഹിക്കുന്നവൻ സ്വസഹോദരരേയും സ്നേഹിക്കുകയും, അവരുടെ ഉല്കൃഷ്ടത്തിനായി യത്നിക്കുകയും ചെയ്യുന്നു. 'എല്ലാ വസ്തുക്കളെയുംകാൾ ഉപരിയായി ദൈവത്തെ സ്നേഹിക്കുക; തന്നേത്താൻ സ്നേഹിക്കുന്നതുപോലെ അയൽക്കാരെയും സ്നേഹിക്കുക'; ഇതാണല്ലോ ദൈവം മോശവഴി മനുഷ്യവർഗ്ഗത്തിനു നൽകിയ പ്രമാണങ്ങളുടെ സാരംതന്നെ. ഈ കല്പനയെ വിശ്വസ്തതയോടെ അനുസരിക്കുന്നവർക്കു കാരുണ്യവാരിധിയായ ദൈവത്തിന്റെ അനുഗ്രഹം അഭംഗമായി ലഭിക്കുന്നു.

ദൈവസേവനമാർഗ്ഗങ്ങൾ വിവിധങ്ങളും വിശിഷ്ടങ്ങളുമാണ്. തെരുവുതോറും കഷ്ടപ്പെടുന്നവരേയും ദരിദ്രരേയും അന്വേഷിച്ചു കണ്ടുപിടിച്ച് അവരുടെ രക്ഷാമാർഗ്ഗം ആരാഞ്ഞു നടന്നിരുന്ന വിൻസെന്റു ഡിപോൾ, മനുഷ്യർ ഏറ്റവും വെറുക്കുന്ന കുഷ്ഠരോഗികളുടെ സങ്കേതങ്ങളിൽ സ്വയംചെന്ന് അവരെ ശുശ്രൂഷിച്ചുകൊണ്ടു ജീവിതം കഴിച്ചുകൂട്ടിയ ഫാദർ ഡാമിയൻ, ആത്മാക്കളെ ക്രിസ്തുവിന്റെ തൊഴുത്തിലേയ്ക്ക് ആനയിക്കുന്നതിന് അക്ഷീണയത്നം ചെയ്തിരുന്ന ഫ്രാൻസിസ്സ് സേവിയർ, ലിസ്യൂവിലെ ഒരു കന്യകാമഠത്തിനുള്ളിലിരുന്നു നിശ്ശബ്ദദൈവസേവനം നടത്തിയ ഉണ്ണീശോയുടെ കൊച്ചുത്രേസ്യാ മുതലായവർ ദൈവസേവനത്തിനു സ്വീകരിച്ച മാർഗ്ഗങ്ങൾ വിഭിന്നങ്ങളാ

യിരുന്നല്ലോ. അവരെല്ലാം പുണ്യപരിപൂർണ്ണതയുടെ ഉയർന്ന സോപാനത്തിൽതന്നെ എത്തിച്ചേർന്നു.

നാം നമ്മുടെ മാംസദൃഷ്ടികൊണ്ടു നോക്കുമ്പോൾ അവരിൽ പ്രക്ഷോഭകരമായോ അസാധാരണമായോ ഒന്നും കണ്ടെത്തിയില്ലെന്നു വരാം. എന്നാല്ല, മിക്ക വിശുദ്ധന്മാരുടെ കാര്യത്തിലും അങ്ങനെ കണ്ടെത്താതിരിക്കാനാണു് എളുപ്പം. എന്നാൽ സംഗതികളെ യഥാതഥം കാണുന്നതിനു ശക്തനായ ദൈവം, ഓരോരുത്തർക്കും അവരർഹിക്കുന്ന സമ്മാനം നൽകുകതന്നെ ചെയ്യുന്നു. സ്വദേശം വിട്ടു് ഇൻഡ്യാ, ജപ്പാൻ, ഇൻഡ്യൻദ്വീപങ്ങൾ എന്നിവിടയെല്ലാം സഞ്ചരിച്ചു്, അനവധി കഷ്ടപ്പാടുകളും കായക്ലേശങ്ങളും സഹിച്ചു ക്രിസ്തുവിനുവേണ്ടി വേല ചെയ്ത വി. ഫ്രാൻസിസ് സേവ്യർ മാനസാന്തരപ്പെടുത്തിയിട്ടുള്ളതിലധികം ജനങ്ങളെ, വി. അമ്മ ത്രേസ്യാ സ്പെയിനിലെ ദുഷ്പരിവേഷ്ടിതമായ കന്യാലയത്തിനുള്ളിലിരുന്നു മാനസാന്തരപ്പെടുത്തിയിട്ടുണ്ടെന്നു പറയപ്പെടുന്നതിന്റെ അർത്ഥമിതാണു്. "എന്നെ അനുഗമിക്കുന്നവൻ തന്റെ കുരിശും എടുത്തുകൊണ്ടു് എന്റെ പിന്നാലെ വരട്ടേ" എന്നാണു ക്രിസ്തു പഠിപ്പിക്കുന്നതു്. കുരിശിന്റെ ഭാരം എത്രയെന്നതിനേക്കാൾ, അതിനെ എത്ര ആത്മാർത്ഥതയോടും നിഷ്കാമതയോടുകൂടി നാം വഹിക്കുന്നു എന്നതിനെയാണു ദൈവം പരിഗണിക്കുന്നതു്. 'അധികം സ്നേഹിക്കുന്നവരോടു് അധികം ക്ഷമിക്കപ്പെടുന്നു'വെന്ന സുവിശേഷസത്യം ഇതിനെതിരല്ല.

ചെറിയ യാക്കോബച്ചനു ദൈവമാതാവായ കന്യകാമറിയത്തോട് അനിതരസാധാരണമായ ഭക്തി ഉണ്ടായിരുന്നു. കത്തോലിക്കസഭയിൽ പുണ്യപരിപൂർണ്ണത പ്രാപിച്ചിട്ടുള്ളവരെല്ലാം ദൈവമാതാവിന്റെ പ്രത്യേകഭക്തന്മാരായിരുന്നുവെന്ന് അവരുടെ ചരിത്രം പ്രഘോഷിക്കുന്നതാണ്. സാവ്രതികമദ്ധ്യസ്ഥയായ കന്യകാമറിയത്തിന്റെ സഹായഹസ്തങ്ങളെ അവലംബിച്ചുകൊണ്ടാണ് അവർ ഉത്തമതമമായ ജീവിതാരണ്യം തരണം ചെയ്തിട്ടുള്ളതു്. കേരളത്തെപ്പറ്റി പറയുകയാണെങ്കിൽ ദൈവമാതൃഭക്തി കേരളക്രിസ്ത്യാനികളുടെ ഒരു പ്രത്യേകതയാണല്ലോ. മാതേത്താമ്മാ ശ്ലീഹായിൽനിന്നു നമുക്കു പൈതൃകമായി ലഭിച്ചിരിക്കുന്ന ഒരു മഹാനിധിയാണതു്. കേരളത്തിലെ പ്രസിദ്ധങ്ങളായ പ്രാചീനദേവാലയങ്ങളും മിക്കതുംതന്നെ കന്യകാമറിയത്തിനു പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളവയാകുന്നു. കറവിലങ്ങാട്ടുപള്ളിയുടെ ഉത്ഭവം എങ്ങനെയെന്നു മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. ദേവമാതൃഭക്തി കലധനമായിരിക്കുന്ന ഒരു സമുദായത്തിൽ ജനിച്ചു്, ദേവമാതാവിന്റെ പ്രത്യക്ഷദർശനത്തെത്തുടർന്നു സംസ്ഥാപിതമായ ഒരു ദേവാലയപരിസരത്തിൽ വളർന്നുവന്ന, ചെറിയയാക്കോബുകത്തനാർ ദേവമാതൃഭക്തിയിൽ ശ്രദ്ധചിത്തനായിത്തീർന്നതിൽ അത്ഭുതപ്പെടാനില്ല.

---

4. ഭാഗ്യമരണം.

"മൃതിയാക്കു വരാത്തതുഴിയിൽ?
കൃതികർക്കാത്മയശസ്സു ജീവിതം"

നീതിമാന്റെ മരണം സൗഭാഗ്യസമ്പൂർണ്ണമായിരിക്കും. അതു് അനന്തമായ ആനന്ദത്തിലേയ്ക്കുള്ള ജനനമാകുന്നു. വേലക്കാരന് അവന്റെ വേതനം ലഭിക്കുന്ന വിശിഷ്ടവേളയാകുന്നു മരണം. സ്വയം സർവ്വശക്തനായ ദൈവത്തിനു വിധേയനായി, അവിടുത്തെ ആജ്ഞാകരനായി ജീവിക്കുന്നവനു മരണത്തെപ്പറ്റി ഭയമില്ല. മരണംവഴി ആത്മനാഥൻ തന്നെ ആഹ്വാനം ചെയ്യുന്ന സന്മുഹൂർത്തത്തെ പ്രതിനിമിഷം അവൻ പ്രതീക്ഷിച്ചുകൊണ്ടാണിരിക്കുന്നതു്. നേരേമറിച്ചു്, സ്വാർത്ഥമാത്രപ്രസക്തരായി, ഭോഗസുഖസമ്പാദനമാത്രലക്ഷ്യരായി, ലോകത്തെ തങ്ങളുടെ അധീനത്തിലാക്കാൻ ഭഗീരഥയത്നം ചെയ്തു്, ഒടുവിൽ വിഷണ്ണരായിത്തീരുന്നവരുടെ നില പരിതാപകരമാണു്. ഭോഗാസ്പദമായ ലോകത്തെ വിട്ടുപിരിയുക അവർക്കു് അത്യന്തം സങ്കടകരമാണു്; എന്നാൽ വിട്ടുപിരിയാതെ നിവൃത്തിയുമില്ല. അവരുടെ മരണം ഏറ്റവും ഭയനീയവും ഭയങ്കരവുമായിരിക്കും. വൃക്ഷം എങ്ങോട്ടു ചാഞ്ഞിരിക്കുന്നുവോ അങ്ങോട്ടതന്നെ പതിക്കുമെന്നാണല്ലോ ക്രിസ്തു അരുളിച്ചെയ്തിരിക്കുന്നതു്.

ഭൗതികസുഖങ്ങൾ പരിത്യജിച്ച്, സകല കഴിവുകളും ദൈവസേവനത്തിനായി സമർപ്പിക്കുന്ന സിദ്ധാത്മാവിന്റെ മരണം അനന്ദസമ്പൂർണ്ണമായിരിക്കും. ദൈവം തന്റെ ഭക്തദാസനെ നിത്യസമ്മാനത്തിനു് ആഹ്വാനം ചെയ്യുന്ന ആ ക്ഷണം എത്ര അഭികാമ്യം! അഭിലഷണീയം! പുണ്യശ്ലോകനായ ചെറിയയാക്കോബുകത്തനാരെ, സർവ്വശക്തനായ ദൈവം സ്വർഗ്ഗീയാരാമത്തിൽ പറിച്ചുനടുന്നതിനു തീരുമാനിച്ചതു ക്രി. പി. 1543 നവംബർ 5-ാംതു- ആയിരുന്നു. അദ്ദേഹം തന്റെ വിമലാത്മാവിനെ, ഒരു ന്യാസത്തെയെന്നപോലെ, സ്രഷ്ടാവിന്റെ പാദത്തിങ്കൽ കാഴ്ചവെച്ചു. "സ്വാമിൻ! ഇതാ അവിടുത്തെ ദാസൻ" എന്ന പഴയനിയമത്തിലെ സാമുവൽ ദീർഘദർശിയേപ്പോലെ അദ്ദേഹം പ്രത്യുത്തരിച്ചിരിക്കണം. മനുഷ്യൻ ഈ ലോകത്തിൽ വഴിയാത്രക്കാരനും വിരുന്നുകാരനുമാണു് എന്നു വിശ്വസിച്ച തദനുസരണം ജീവിക്കുന്നവക്കല്ലാതെ ഈദൃശമായ ഒരു മനസ്ഥിതി സാദ്ധ്യമല്ല.

യാക്കോബച്ചൻ മരിക്കുമ്പോൾ അദ്ദേഹത്തിനു് 64 വയസ്സു പ്രായമായിരുന്നു. മരണകാരണമായ രോഗമെന്തെന്നു് നമുക്കറിഞ്ഞുകൂടാ. എന്നാൽ ഈ ലോകജീവിതകാലത്തു് അജ്ഞാതനായി, വിനയനമ്രനായി, കഴിഞ്ഞുകൂടിയിരുന്ന അദ്ദേഹത്തിന്റെ സുകൃതപരിമളം മരണത്തോടുകൂടി നാടെങ്ങും നിറഞ്ഞു. മരണാനിലനാൽ ഉൽഫുല്ലമായിത്തീർന്ന ആ മല്ലികാകുസുമം,

അതിനുള്ളിൽ നിറഞ്ഞിരുന്ന സുകൃതസൗരഭത്തെ നാലുപാടും പ്രസരിപ്പിച്ചു. മരണമാകുന്ന ശാണഘർഷണംകൊണ്ടാണ് ആ വിമലാത്മാവിന്റെ വിശിഷ്ടത ലോകർക്കു ബോദ്ധ്യമായതു്. വിശുദ്ധന്മാരുടെ കാര്യത്തിൽ പലപ്പോഴും ഇങ്ങനെയാണു്. മൊട്ടിനകത്തുനിന്നു പൂവു പുറത്തുവരുമ്പോഴാണല്ലോ അതിന്റെ മനോഹാരിതപോലും സാമാന്യപ്രേക്ഷകർക്കു ദൃഷ്ടിലക്ഷ്യമാകുന്നതു്. "സത്യമായും ഇദ്ദേഹം ഒരു നീതിമാനായിരുന്നു" എന്നു മൃതനായ ക്രിസ്തുവിനെ കണ്ട ശതാധിപൻ ഉദ്ഘോഷിച്ചതുപോലെ, മരണംവഴി ജീവിതത്തിലേയ്ക്കു പ്രവേശിച്ച ചെറിയ യാക്കോബുകുത്തനാരെ കണ്ടവരും ആത്മഗതം ചെയ്തിരിക്കണം


യാക്കോബച്ചന്റെ മരണവൃത്താന്തം കേട്ട് അനേകമാളുകൾ അദ്ദേഹത്തെ അവസാനമായി ഒരു നോക്കു കാണുന്നതിനു് ഓടിക്കൂടി. കുറവിലങ്ങാട്ടുനിന്നു് ഒരു വലിയ ജനക്കൂട്ടംതന്നെ കുടമാളൂർപള്ളിയിൽ എത്തിയതായി പറയപ്പെടുന്നു. അദ്ദേഹത്തിന്റെ നിർമ്മലാത്മാവു വാസം ചെയ്തിരുന്ന ആ ഭൗതികപഞ്ജരത്തെ— പുണ്യശരീരത്തെ—കുടമാളൂർതന്നെ സംസ്കരിക്കണമെന്നു തദ്ദേശീയർക്കു വലുതായ ആഗ്രഹമുണ്ടായിരുന്നു. പക്ഷേ ആ അമൂല്യനിധി കൈവെടിയുവാൻ അദ്ദേഹത്തിന്റെ സ്വദേശീയർക്കു് അല്പംപോലും സമ്മതം ഉണ്ടായിരുന്നില്ല. ഒടുവിൽ 'മുത്തിയമ്മ'യുടെ സന്നിധിയിൽ—കുറവിലങ്ങാട്ടുപള്ളിയിൽ—ത

ന്നെ മൃതശരീരം സംസ്കരിക്കുന്നതിന് എല്ലാവരുംകൂടി തീരുമാനിച്ചു. ഈ വേർപാട് കുടുമാളൂർകാർക്കു സന്താപകരമായിരുന്നെങ്കിലും, സ്വർഗ്ഗസ്ഥനായ ആ ദിവ്യഗുരുവിന്റെ ദൃഷ്ടിയിൽനിന്ന് ഒരിക്കലും തങ്ങൾ അനുഷ്ഠാനം ചെയ്യപ്പെടുകയില്ലെന്നുള്ള വിശ്വാസം അവർക്ക് ആശ്വാസകരമായിരുന്നിരിക്കണം!! ശവമഞ്ചം മനോഹരമായി അലങ്കരിച്ചു് ഒരു ഘോഷയാത്രയായി കുടമാളൂർ നിന്നു കുറവിലങ്ങാട്ടേയ്ക്കു തിരിച്ചു. ഈ അവസരത്തിൽ ഒരു അത്ഭുതപ്രവർത്തനത്താൽ തന്റെ ഭക്തദാസന്റെ സുകൃതപരിമളത്തെ ലോകത്തിനു പ്രത്യക്ഷമാക്കിക്കൊടുക്കുവാൻ കരുണാസാഗരമായ ഈശോ തിരുമനസ്സായി.

അലങ്കൃതമായ പ്രേതമഞ്ചവുമായി ഘോഷയാത്ര പുറപ്പെട്ടപ്പോൾ, സുകൃതചരിതനായ ഒരാത്മാവിന്റെ സ്വർഗ്ഗപ്രവേശനത്തിൽ മാലാഖമാരുടെ ആനന്ദബാഷ്പമെന്നു വിഭാവനം ചെയ്യപ്പെടാവുന്നവിധം, തുലാവർഷം അതിശക്തിയായി പെയ്തുതുടങ്ങി. അഥവാ, സ്വദേശീയർ ഒരുകാലത്തു് അദ്ദേഹത്തോടു കാണിച്ച അപരാധങ്ങളുടെ സ്മരണ അവരിലുദിപ്പിക്കാനുള്ള പ്രകൃതിയുടെ ഒരു തന്ത്രമായിരിക്കാം അതു്. അതെങ്ങനെയിരുന്നാലും, തങ്ങളുടെ അഭിമാനസ്തംഭമായ ആ വൈദികസത്തമനോടുള്ള നിർവ്യാജമായ സ്നേഹം, പ്രകൃതിയുടെ ഉഗ്രകോപത്തെ എതിർക്കുന്നതിന് അവരെ സന്നദ്ധരാക്കി. ഭയങ്കരമായ കാറ്റിനേയും മഴയേയും

ഗണിക്കാതെ, തങ്ങളുടെ കൈവശമുള്ള അമൂല്യനിധിയെ കുറവിലങ്ങാട്ടെത്തിക്കുന്നതിന് അവർ ത്വരിതഗമനം ചെയ്തു.

കുടമാളൂർനിന്നു പുറപ്പെട്ടപ്പോൾ ശവമഞ്ചത്തിന്റെ നാലുമൂലയ്ക്കലും അവർ ഓരോ മെഴുകുതിരി കത്തിച്ചുവെച്ചിരുന്നു. കുടമാളൂർപള്ളിവക ഒരു ഏഴുതിരി വിളക്ക് അകമ്പടിക്കായി മുമ്പിൽ പിടിക്കുകയും ചെയ്തിരുന്നു. ഈ യാത്രയിൽ—ഭയങ്കരമായ പേമാരി ചൊരിഞ്ഞിട്ടും, ഉഗ്രമായ കാറടിച്ചുകൊണ്ടിരുന്നിട്ടും,—വിളക്കാകട്ടെ, തിരിയാകട്ടെ അണഞ്ഞുപോയില്ല. ഭൗതികപ്രലോഭനങ്ങളിൽപ്പെട്ട സുകൃതനിധിയായ ഒരു ആത്മാവിനെപ്പോലെ, അതു സ്നേഹത്തിൽ ഉജ്വലിച്ചുകൊണ്ടിരുന്നു. കുറവിലങ്ങാട്ടെന്നു നോക്കിയപ്പോഴും മെഴുകുതിരിയും, വിളക്കും കത്തിക്കൊണ്ടിരിക്കുന്നു; എന്നല്ല, തിരികത്തിച്ചുരുതാകയാകട്ടെ, വിളക്കിലെ എണ്ണ അല്പമെങ്കിലും കുറയുകയാകട്ടെ ചെയ്തിട്ടില്ല!! തന്റെ വിശ്വസ്തദാസനുവേണ്ടി ഇങ്ങനെയൊരു അത്ഭുതം പ്രവർത്തിക്കുന്നതിനല്ലേ, ദൈവം ആ പേമാരിയേയും പെരുനേയും യാത്രയാക്കിയതു് എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അന്നത്തെ ആ ഏഴുതിരി വിളക്ക്, ഇന്നും ആഘോഷദിവസം, യാക്കോബച്ചന്റെ ശവകുടീരത്തിങ്കൽ കത്തിച്ചുവെയ്ക്കാറുണ്ട്. കുടുംബാംഗങ്ങൾ ഏവരും ആ വിളക്കിൽ എണ്ണ ഒഴിക്കുക സാധാരണമാണു്.



വല്യച്ചന്റെകുഴിമാടം : ശ്രാദ്ധദിവസം

ജന്മഭൂമിയിൽനിന്ന്, ഉപരിപ്ലവമനസ്കർക്ക പരാജിതനെന്ന തോന്നത്തക്കവണ്ണം, നിഷ്ക്രമിച്ച ആ സാത്വികൻ ഇതാ വിജയശ്രീലാളിതനായി, യശഃസിയായി, സകലരുടേയും ബഹുമാനപാത്രമായി, വീണ്ടും ജന്മഭൂമിയിൽ എത്തിച്ചേർന്നിരിക്കുന്നു. ആ ഭക്തശിരോമണിയെ മുത്തിയമ്മ തന്നെ എതിരേറ്റു സ്വീകരിച്ചിരിക്കണം! പരേതർക്കുവേണ്ടിയുള്ള തിരുക്കർമ്മങ്ങളെല്ലാം കഴിച്ചശേഷം, ആ സുകൃതനിധിയുടെ സമ്പൂജ്യശരീരത്തെ ദേവാലയാന്തർഭാഗത്തു സംസ്കരിച്ചു. മെഴുകുതിരികളും വിളക്കും അണച്ചു; പക്ഷെ, തന്നാട്ടുകാരുടെ ഇടയിൽ അദ്ദേഹത്തെപ്പറ്റിയുള്ള ഭക്തിബഹുമാനങ്ങൾ അത്ഭുതപൂർവ്വമായവിധം ഉജ്ജ്വലിച്ചു. സംസ്കാരയാത്രാവേളയിലെ ഈ അത്ഭുതസംഭവത്താൽ, പെറിയ യാക്കോബുകത്തനാർ ഒരു വിശുദ്ധനാണെന്നു കാണികൾ വിശ്വസിച്ചുപോന്നു. സുകൃതജീവിതത്തെ ദൈവം എത്ര വിലമതിക്കുന്നുവെന്നും, തന്റെ കല്പനകൾ അനുസരിക്കുന്നവരോട് അവിടുന്ന് എത്ര ഉദാരമായി വർത്തിക്കുന്നുവെന്നും ജനങ്ങൾക്കു വിശ്വസിക്കുന്നതിന് ഇതും ഒരു സന്ദർഭമായിത്തീർന്നു.

---

5. ചാത്തം.

പരേതരായവരുടെ പുലകുളി, ശ്രാദ്ധം (ചാത്തം) മുതലായ അടിയന്തിരങ്ങൾ നടത്തിവരിക പൂർവ്വകാലം മുതൽതന്നെ സുറിയാനിക്രിസ്ത്യാനികളുടെ ഇടയിൽ നടപ്പുള്ള ഒരു ഏർപ്പാടാണ്. താദ്ദശകർമ്മങ്ങൾക്കു ബന്ധുജനങ്ങളേയും സമീപവാസികളേയും ക്ഷണിച്ചു വരുത്തി അവരെ സൽകരിക്കുകയും പതിവാണ്. അന്നു സന്നിഹിതരാകുന്നവരിൽനിന്നു ലഭിക്കുന്ന ഭക്ഷണംകൊണ്ടു പരേതന്റെ ആത്മാവിനുവേണ്ടി മതകർമ്മങ്ങൾ അനുഷ്ഠിക്കുന്നു. മരണം പരലോകത്തിലേയ്ക്കുള്ള ജനനമാകയാൽ ആ ശുഭാവസരത്തിന്റെ സ്മരണ നിലനിർത്തുന്നതിനായിരിക്കാം ബന്ധുമിത്രാദികൾ അന്നു സമ്മേളിക്കുന്നതും, ഒരുവിധത്തിൽ ആനന്ദകരമായ ഈ ചടങ്ങുകളിൽ പങ്കുകൊള്ളുന്നതും. ഓരോരുത്തരും ഭക്ഷിണകൊടുത്തു പരേതനുവേണ്ടി ഭക്തികർമ്മങ്ങൾ ചെയ്യിക്കുന്നതിൽനിന്ന്, പരേതനോട് അവർക്കുള്ള ബന്ധത്തെ വ്യക്തമാക്കുന്നതുപോലെതന്നെ, ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള സഹോദരഭാവത്തെയും പ്രത്യാപനംചെയ്യുന്നു. ഈദ്ദശഘട്ടങ്ങളിലാണ് "പുണ്യവാന്മാരുടെ ഒരുമ്പാടു" എന്ന വിശ്വാസസത്യത്തിന്റെ അർത്ഥഗഹനത നമുക്കു മനസ്സിലാകുന്നതു്.

സാധരണമായിരുതലമുറ, അല്ലെങ്കിൽ രണ്ടു

തലമുറ മാത്രമേ പരേതനുവേണ്ടി ചാത്തം കഴിക്കാറുള്ളൂ. അപൂർവ്വം ചിലപ്പോൾ മൂന്നു തലമുറവരെ അതു നീണ്ടുനിന്നുവെന്നുവരാം. എന്നാൽ നാലുതലമുറ കഴിഞ്ഞാൽ പിതൃക്കൾ പോലും ശ്രാദ്ധത്തിൽ ശ്രദ്ധിക്കാറില്ലെന്നാണു പഴമൊഴി. നാലുതലമുറയാകുമ്പോഴെയ്ക്കും പരേതരായ പിതൃക്കളുടെ എണ്ണം വർദ്ധിക്കുന്നതുപോലെ, ചാത്തം കഴിക്കേണ്ടവരുടെ പ്രാപ്തിയും ശിഥിലമായിത്തീരുന്നതായിരിക്കാം ഇതിനു കാരണം. പക്ഷെ, പൂജ്യപാദനായ പനങ്കുഴിയച്ചൻ ദിവംഗതനായിട്ട് വത്സരങ്ങൾ 394 കഴിഞ്ഞെങ്കിലും ഇന്നും അദ്ദേഹത്തിന്റെ ചാത്തം അഭംഗുരമായി കൊണ്ടാടപ്പെട്ടുവരുന്നു. ഇതിലേയ്ക്ക് ആരും ആരെയും ക്ഷണിക്കേണ്ട ആവശ്യമില്ല. ചാത്തം ഇന്ന ദിവസമാണെന്ന് ആക്കും മുന്നറിവുകൊടുക്കേണ്ടതുമില്ല. കുറവിലങ്ങാട്ടു പള്ളിയിൽ പ്രതിവർഷം കൊണ്ടാടാറുള്ള സുപ്രസിദ്ധമായ "മൂന്നുനോയമ്പു" തിരുനാളിനുള്ള ആഘോഷങ്ങളോ കരിമരുന്നുപ്രയോഗങ്ങളോ ഒന്നും ആ ദിവസമുണ്ടായിരിക്കുന്നില്ല. എങ്കിലും നവംബർ 5-ാം തീയതി പ്രഭാതംമുതൽ പ്രദോഷംവരെ നാനാദിഗന്തങ്ങളിൽനിന്നും ഭക്തജനങ്ങൾ കൂട്ടംകൂട്ടമായി കുറവിലങ്ങാട്ടെത്തി ചാത്തത്തിൽ പങ്കെടുത്തുവരുന്നു.

ഇങ്ങനെ ചാത്തത്തിനു വരുന്നവർ ഭൂരിപക്ഷവും ക്രിസ്ത്യാനികളായിരിക്കുമെങ്കിലും ക്രിസ്ത്യേതരന്മാരുടെ തുകയും ഒട്ടും കുറവല്ല. ഇവരെയെല്ലാം കുറവില

ങ്ങാട്ടേയ്ക്കാകഷ്ിക്കുന്നതു് എന്തൊരു ശക്തിയാണു്? അവരോടു ചോദിച്ചാൽ "ഞങ്ങൾ പനങ്കുഴയ്ക്കലച്ചന്റെ ചാത്തത്തിനു വന്നു"വെന്നു അവർ മറുപടി നൽകും. തീച്ചയായും മാനുഷികമായ യാതൊരു പ്രേരണയും ഇക്കാര്യത്തിൽ അവക്കില്ല. ചാത്തത്തിനു വരുന്നവർ ഇപ്രകാരമുള്ള എന്തെങ്കിലും കാഴ്ചവെയ്ക്കുകപതിവാണു്. ആടു്, കോഴി, കറിസാമാനങ്ങൾ, പലഹാരങ്ങൾ, മുതലായവ മാത്രമല്ല, കൊട്ട മുറം മുതലായ കൈത്തൊഴിൽഫലങ്ങളും അവർ നേച്ചു കൊണ്ടുവരാറുണ്ടു്. ചാത്തം കഴിക്കുന്ന ഭവനത്തിൽ സജ്ജമാക്കിയിട്ടുള്ള പന്തലിൽ ഈവക നേച്ചുസാമാനങ്ങൾ ശേഖരിക്കുകയും, ഒടുവിൽ അതു ലേലംചെയ്തു വിൽക്കുകയും ചെയ്യും. ദേവാലയത്തിൽ വല്യച്ചന്റെ കവറിടത്തിങ്കൽ വെച്ചിട്ടുള്ള നേച്ചുപ്പെട്ടികളിലും, പന്തലിൽ താലങ്ങളിലും, ആളുകൾ 'ദക്ഷിണ' ഇടുന്നു.

ഇങ്ങനെ ലഭിക്കുന്ന ദക്ഷിണതന്നെ മിക്കപ്പോഴും ഒരു വൻതുക ആയിരിക്കും. 1895-1896-1897 ഈ കൊല്ലങ്ങളിലെ വരവു് ആയിരത്തിലധികം രൂപാവീതം ഉണ്ടായിരുന്നു. ഈ തുകയും, നേച്ചുസാമാനങ്ങൾ ലേലംചെയ്തു കിട്ടുന്ന തുകയും, ശുദ്ധീകരണസ്ഥലത്തിലെ ആത്മാവുകളെ ഉദ്ദേശിച്ചു റാസ മുതലായ ഭക്തകർമ്മങ്ങൾ നടത്തുന്നതിനു വിനിയോഗിച്ചുവരുന്നു. തുക എത്രതന്നെ വലുതായിരുന്നാലും മറുകാര്യങ്ങൾക്കു് ഉപയോഗിക്കാറില്ല. ചാത്തത്തിന്റെ ചിലവിലേയ്ക്കു്

ഉപയോഗിക്കുന്നതു യാക്കോബച്ചന്റെ പത്രമേനിവക നിലങ്ങളിൽനിന്നു ലഭിക്കുന്ന നെല്ലാണു്. പള്ളിവീട്ടിൽകുടുംബത്തിൽപ്പെട്ട പനങ്കുഴയ്ക്കൽ ശാഖക്കാരാണു പ്രതിവർഷം ഈ ചാത്തം കഴിക്കുന്നതെന്നു മുൻപു് ഒരിടത്തു പ്രസ്താവിച്ചിട്ടുണ്ടു്.

ചെറിയ യാക്കോബച്ചൻ ദിവംഗതനായിട്ടു നാല്പതറുപതാണ്ടാകാറായെങ്കിലും ഈ ചാത്തംവഴി ഇന്നും അദ്ദേഹത്തിന്റെ സ്മരണ സജീവമായി നിലനില്ക്കുന്നു. അദ്ദേഹം തങ്ങളിൽനിന്നു വേർപിരിഞ്ഞതു് അതു വിദൂരമായ ഒരു കാലത്താണെന്നുള്ള തോന്നൽ ഒരുത്തർക്കും ഉണ്ടാകുന്നില്ല. ഒരു സഹജീവിയുടെ—അല്ലെങ്കിൽ തങ്ങളുടെ ഇടയിൽ അടുത്തകാലത്തുപരേതനായൊരാളുടെ—സമീപത്തെയ്ക്കെന്നപോലെ ഭക്തജനങ്ങളം അദ്ദേഹത്തിന്റെ കുഴിമാടത്തിങ്കൽ വന്നണയുന്നു. ഇതു സുദീർഘകാലത്തേയ്ക്കു് അനുസ്യൂതമായി അനുസ്മരിക്കപ്പെട്ടുന്നമറേറതെങ്കിലുംഒരുവ്യക്തി കേരളത്തിലുണ്ടയിട്ടുണ്ടെന്നു തോന്നുന്നില്ല. ഈ ദീർഘാനുസ്മരണം അദ്ദേഹത്തിന്റെ പുണ്യപരിപൂർണ്ണതയുടെ സജീവമായ ഒരു ദൈവികലക്ഷ്യമല്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ബ. വല്യച്ചന്റെ കുഴിമാടത്തിങ്കൽ 1906-ൽ, പള്ളിവീട്ടിൽ വക്കീകത്തനാരുടെ മേൽനോട്ടത്തിൽ ഒരു സ്മാരകശില സ്ഥാപിക്കുകയുണ്ടായി. ആ ശിലയുടെ ചിത്രം ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ടു്. ആ സ്മാരകത്തിൽ അധോലിഖിതവാക്യങ്ങളം മലയാളത്തിൽ ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു:—

"കുറവിലങ്ങാട്ടു മത്തമറിയംപള്ളി ഇടവക പള്ളി വീട്ടിൽ കുഴ്യ്പ്പുള്ളീശപ്പാ മകൻ ചെറിയ കുത്തനാ രു ഫ്രർന്ന തുലാം പള്ളിക്കണക്കിൽ വന്നു-ാംന്ന കുട മാള്ളുപള്ളിമേടയിൽ കിടന്ന അന്ത്യക്രിയാശകളും കൈ ക്കൊണ്ടു ഭാഗ്യമരണം പ്രാപിക്കുകയും ചെ-ാംന്ന കുറ വിലങ്ങാട്ട പള്ളിയിൽ കബറടക്കം ചെയ്യപ്പെട്ടുകയും ചെയ്ത ഏന്നതിന്ന സ്മാരകം ടി. യിൽ വക്കികുത്തനാ രാൽ സ്ഥാപിക്കപ്പെട്ട. ഫ്ൻാന്ന കുക്കുടകം ന്ന."

ആത്മീയവും ശാരീരികവുമായ പല നന്മകളും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥംമൂലം സംഭിദ്ധമാകുമെ ന്നുള്ള വിശ്വാസത്തോടെയാണ ഭക്തജനങ്ങൾ ഈ ചാത്തത്തിൽ സംബന്ധിക്കുന്നത്. അവരുടെ വിശ്വാ സം പാഴ്പ്പോകും നിഷ്ഫലമാകാറുമില്ല. കാണാ തെപോയ വസ്തുക്കൾ കണ്ടുകിട്ടുക, ശാരീരികമായ രോഗങ്ങൾ സുഖപ്പെടുക, മനഃസ്വാസ്ഥ്യം ലഭിക്കുക, മുതലായ അനുഗ്രഹങ്ങൾ ഈ പുണ്യശ്ലോകന്റെ മാ ദ്ധ്യസ്ഥ്യം മൂലം സാധിതപ്രായമാകുന്നുണ്ട്. ക്ലേശഭരിത രായ ഏവരേയും സഹായിക്കുന്നതിന് അദ്ദേഹം ത ന്റെ സ്വർഗ്ഗീയജീവിതത്തെ വിനിയോഗിക്കുന്നു. അ ത്ഭുതങ്ങളൊന്നു കുത്തോലിക്കസഭ നിർവ്വചിച്ചിട്ടില്ലെങ്കി ലും, (അങ്ങനെ നിർവ്വചിക്കുവാൻ അവർക്കു മാത്രമാണ ല്ലോ അധികാരമുള്ളത്), അത്ഭുതാവഹമായ പല അ നുകൂല്യങ്ങളും പനങ്കുഴിയച്ചന്റെ മാദ്ധ്യസ്ഥ്യംവഴി അദ്ദേഹത്തിന്റെ ഭക്തന്മാർക്കു ലഭിച്ചിട്ടുള്ളതായി വ്വെ



വല്യച്ചന്റെ കുഴിമാടം : സ്മാരകശില.

തിനുമുണ്ട്. പക്ഷേ അതാരും രേഖപ്പെടുത്തിവെച്ചിട്ടുള്ളതായി അറിവില്ല.

---

6. ഉപസംഹാരം.

പഴമ പരിചയമുള്ളവരിൽനിന്നു കേട്ടിട്ടുള്ള സംഗതികളെ ആധാരമാക്കിയാണു പനങ്കുഴയ്ക്കൽ വല്യച്ചന്റെ ജീവചരിത്രത്തിലെ ഏതാനും സംഗതികൾ ഞാൻ ഇവിടെ ലേഖനംചെയ്തിട്ടുള്ളതു്. മഹാനായ അദ്ദേഹത്തിന്റെ ജീവചരിത്രം ആരും എഴുതിവച്ചിട്ടില്ലാത്തതുകൊണ്ടു കൂടുതൽ വിസ്തൃതമായ ഒരു ജീവിചരിത്രത്തിനു വേണ്ട കരുക്കൾ നമുക്കില്ലാതെയാണിരിക്കുന്നതു്. അദ്ദേഹത്തിന്റെ സ്മാരകങ്ങളും അപൂർവ്വങ്ങളാകുന്നു. എന്നാൽ 394 കൊല്ലമായി അന്യൂനം നിലനിന്നുപോരുന്ന ചാത്തംതന്നെ ഒന്നാംതരം ഒരു സ്മാരകമാണല്ലോ. അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിക്കും ആദർശനൈർമ്മല്യത്തിനും, സൗഭാഗ്യമരണത്തിനും ഒന്നാംതരം ഒരു ലക്ഷ്യമാകുന്നു അതു്.

കേരളീയരുടെ സാഭിമാനമായ സ്മരണയേയും ബഹുമാനത്തേയും സർവ്വദാ അർഹിക്കുന്ന ഒരു പുണ്യചരിതനാണു് അത്ഭുതപ്രവർത്തകനായ പനങ്കുഴയ്ക്കൽ വല്യച്ചൻ

എന്നതിനു തക്കമില്ല. കേരളീയർക്കു സഹജമായ അലസതകൊണ്ടല്ലായിരുന്നുവെങ്കിൽ അദ്ദേഹം ഇതിനകം കത്തോലിക്കസഭയുടെ ഔദ്യോഗികമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കുകയും, തിരുസഭയിലെ അംഗീകൃതരായ വിശുദ്ധന്മാരുടെ ഗണത്തിൽ അവിടുത്തെ നാമവും ഉൾപ്പെടുകയും, സഭയുടെ സാവ്തികമായ വണക്കത്തിന് അദ്ദേഹം പാത്രമാകുകയും ചെയ്തേനേ. നമ്മുടെ ഇടയിൽ പുണ്യജീവിതം കഴിച്ചിട്ടുള്ളവരും രക്തസാക്ഷികളും ഇല്ലാഞ്ഞിട്ടല്ലല്ലോ, നമുക്കു പേരു വിളിക്കപ്പെട്ട ഒരു വിശുദ്ധനും ഇല്ലാതിരിക്കുന്നതു്.

അതെങ്ങനെയുമിരിക്കട്ടെ. കഴിഞ്ഞവയെപ്പറ്റി പ്രലപിക്കാതെ, വർത്തമാനകാലത്തിൽ ഉത്തിഷ്ണുമാനസരായി പ്രവർത്തിക്കണമെന്നാണല്ലോ പണ്ഡിതമതം. തന്റെ ഈ വിശ്വസ്തസേവകനെ, സിദ്ധപദത്തിൽ ചേർത്തു സഭ ഔദ്യോഗികമായി പ്രഖ്യാപനം ചെയ്യുന്നതിനു്, ഈ ലഘുഗ്രന്ഥം വായിക്കുന്നവർ, ഈശോയോടും, അവിടുത്തെ മാതാവിനോടും, പ്രാർത്ഥിക്കണമെന്നുള്ളതാണു് എന്റെ അഭ്യർത്ഥന. തീവ്രമായ പ്രാർത്ഥനയാണു് ഇങ്ങനെയുള്ള കാര്യങ്ങളിൽ അത്യന്താപേക്ഷിതമായിരിക്കുന്നതു്. അങ്ങനെ, ദൈവത്തിന്റെ അനന്തകാരുണ്യം വഴിയായി, സുചരിതനായ പനങ്കുഴിയച്ചന്റെ നാമധേയം, തിരുസഭയിലെ വിശുദ്ധന്മാരുടെ പട്ടികയിൽപ്പെട്ടു്, സാവ്തികസഭയുടെ ഭക്തിബഹുമാനപാത്രമായിത്തീരുമാറാകട്ടെ.

PRINTED AT
THE STANHOPE PRESS
EDINBURGH